# എബ്രായർക്ക് എഴുതിയ ലേഖനം

### മുഖവുര

യെഹൂദ ക്രിസ്ത്യാനികൾക്ക് എഴുതിയ ലേഖനമാണ് എബ്രായ ലേഖനം. അവർ ക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ട യെഹൂദന്മാർ ആയിരുന്നു. അവർ കഠിനമായ പീഡനം സഹിച്ചതിന്റെ ഫലമായി യെഹൂദ മതത്തിലേക്ക് മടങ്ങിപ്പോകുവാൻ ആഗ്രഹിച്ചു. ഈ സാഹചര്യത്തിൽ അവർ വിശ്വാസത്തിൽ പിൻമാറാതെ മുൻപോട്ടു പോകുവാൻ ആവശ്യമായ പ്രബോധനങ്ങളും നിർദ്ദേശങ്ങളും നൽകുന്ന ലേഖനമാണ് ഇത്. ക്രിസ്തുവിന്റെ ശ്രേഷ്ഠതകൾ വിശദീകരിച്ചുകൊണ്ട് അവനെക്കുറിച്ചുള്ള പരിജ്ഞാനപൂർത്തി പ്രാപിക്കുവാൻ വിശ്വാസികളെ ലേഖനകർത്താവ് ആഹ്വാനം ചെയ്യുന്നു. ക്രിസ്തു ദൂതന്മാരെക്കാൾ ശ്രേഷ്ഠനാണ്, മോശെയെക്കാൾ ശ്രേഷ്ഠനാണ്, അഹരോനെക്കാൾ ശ്രേഷ്ഠനാണ്, യോശുവയെക്കാൾ ശ്രേഷ്ഠനാണ്. ക്രിസ്തു സ്ഥാപിച്ച പുതിയനിയമം പഴയനിയമത്തെക്കാൾ ശ്രേഷ്ഠമാകുന്നു. അവന്റെ പൗരോഹിത്യം നിത്യമാണ്. അവൻ നിത്യരക്ഷയുടെ കാരണഭൂതൻ ആണ്. ന്യായപ്രമാണത്തിനു സാധിക്കാതിരുന്ന സൽഗുണപൂർത്തി ക്രിസ്തുവിൽ ലഭ്യമാകുന്നു. ക്രിസ്തു വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമാണ്. എല്ലാം മാറിപ്പോയാലും ക്രിസ്തുവും അവന്റെ രാജ്യവും നിലനിൽക്കും. അതുകൊണ്ട് അവനെ ശ്രദ്ധിച്ചുനോക്കിക്കൊണ്ട് ആത്മികജീവിതം സ്ഥിരതയോടെ നയിക്കുവാൻ ലേഖനകർത്താവ് ആഹ്വാനം ചെയ്യുന്നു. യെഹൂദമതത്തിൽ ലഭിക്കുന്നതിനേക്കാൾ വലിയ അനുഗ്രഹങ്ങൾ ക്രിസ്തു വിലൂടെ ലഭിക്കുന്നു എന്ന് അവരെ ഓർമ്മിപ്പിക്കുന്നു.

ഈ ലേഖനം ഒരു പ്രബോധന ലേഖനം ആകുന്നു (13:22). വിശ്വാസികൾ അറികയും സൂക്ഷിക്കയും ചെയ്യേണ്ട വിഷയങ്ങളാണ് ഈ ലേഖനത്തിലുള്ളത് എന്നു സാരം. അവർ വിശ്വാസത്തിൽനിന്നു വീണുപോകാതിരിക്കേണ്ടതിനു കേട്ട വചനം അധികം ശ്രദ്ധയോടെ കരുതിക്കൊള്ളണം (2:1). ദൈവവചനത്തിന്റെ മുൻപാകെ ഹൃദയം കഠിനമാക്കരുത് (3:15) എന്നും ഓർമ്മിപ്പിക്കുന്നു. ദൈവവചനം ശ്രദ്ധിക്കാതെ വരുമ്പോൾ അതു സംശയത്തിലേക്കും, ആത്മിക മന്ദതയിലേക്കും, അനുസരണക്കേടിലേക്കും, അവഗണനയിലേക്കും നമ്മെ നയിക്കും എന്ന് ഒരു ഭക്തൻ പ്രസ്താവിച്ചിട്ടുണ്ട്. എബ്രായ ക്രിസ്ത്യാനികളെ ഈ സത്യം അറിയിക്കുന്ന ലേഖനമാണ് ഇത്. അവർ ആത്മിക വളർച്ചയിൽ മാന്ദ്യം ഉള്ളവരായി (5:11). രക്ഷയെ അഗണ്യമായി വിചാരിച്ചു (2:4). ക്രിസ്തീയ ജീവിതത്തിൽ ഉത്സാഹമില്ലാത്തവർ ആയി (4:11). സഭായോഗങ്ങൾ ഉപേക്ഷിച്ചു (10:24). ധൈര്യം നഷ്ടപ്പെട്ടവരായിത്തീർന്നു (10:35,36). അവിശ്വാസവും അനുസരണക്കേടും അവരിൽ ഉണ്ടായി. ഇതറിഞ്ഞ് അവരെ ഉത്സാഹിപ്പിക്കുവാൻ എഴുതിയതാണ് ഈ ലേഖനം.

പാലസ്തീനിലുള്ള എബ്രായ ക്രിസ്ത്യാനികൾക്കുവേണ്ടി ഈ ലേഖനം എഴുതി എന്നു കരുതുന്നു. ദൈവാലയവും ആരാധനയും പുരോഹിതന്മാരും മറ്റും ഉണ്ടായിരുന്ന കാലത്താണ് ലേഖനം എഴുതിയത്. എ.ഡി. 65 ൽ ഈ ലേഖനം എഴുതി എന്നു കരുതുന്നു. 'ഇറ്റലിക്കാർ നിങ്ങൾക്കു വന്ദനം ചൊല്ലുന്നു' എന്നു രേഖപ്പെടുത്തുന്നതിനാൽ റോമിൽനിന്നും എഴുതി എന്നു മനസ്സിലാക്കാം. എഴുത്തുകാരൻ ആരാണെന്നു വ്യക്തമാക്കിയിട്ടില്ല. എന്നാൽ സാഹചര്യത്തെളിവുകൊണ്ടു പൗലൊസ് അപ്പൊസ്തലൻ ലേഖനം എഴുതി എന്നു കരുതാം (13:23). മിക്കവാറും എല്ലാ ഗ്രീക്കു കയ്യെഴുത്തുപ്രതികളിലും പൗലൊസ് എഴുതിയ ലേഖനം എന്ന തലക്കെട്ടിൽ ഇത് അറിയപ്പെടുന്നതും പൗലൊസിന്റെ ലേഖന കർത്തൃത്വത്തിനുള്ള തെളിവാകുന്നു. ഒന്നാം നൂറ്റാണ്ടിൽ തന്നെ പുതിയനിയമ കാനോന്റെ ഭാഗമായിരുന്നു എബ്രായ ലേഖനം എന്നു സഭാപിതാക്കന്മാർ സാക്ഷിക്കുന്നു.

### ലേഖന വിഭജനം

ക്രിസ്തുവിന്റെ വ്യക്തിത്വത്തിന്റെ ശ്രേഷ്ഠത (1:1–4:16)
ക്രിസ്തുവിന്റെ ശുശ്രൂഷയുടെ ശ്രേഷ്ഠത (5:1–10:18)
വിശ്വാസജീവിതത്തിന്റെ ശ്രേഷ്ഠത (10:19–13:19)
ആശീർവാദം (13:20–25)

**അദ്ധ്യായം 1**

## യേശുക്രിസ്തുവിന്റെ ശ്രേഷ്ഠത

### ക്രിസ്തു പ്രവാചകന്മാരെക്കാൾ ശ്രേഷ്ഠൻ (1:1–3)

മറ്റു ലേഖനങ്ങളിൽ കാണുന്ന മുഖവുരയും ആശംസയും ഈ ലേഖനത്തിൽ കാണുന്നില്ല. ദൈവം പുത്രൻ മുഖാന്തരം നമ്മോട് അരുളിച്ചെയ്തിരിക്കുന്നു എന്നുള്ള പ്രസ്താവനയോടെയാണ് ലേഖനം ആരംഭിക്കുന്നത്. ക്രിസ്തുവിന്റെ നിസ്തുല്യ ശ്രേഷ്ഠതകൾ എബ്രായ ക്രിസ്ത്യാനികൾ മനസ്സിലാക്കണം എന്നു ലേഖന കർത്താവ് ആഗ്രഹിക്കുന്നു. അവർ വിശ്വാസത്തിൽ ബലഹീനരായി വീണുപോകാതിരിക്കുവാൻ അത് ആവശ്യമാണെന്നു

ചൂണ്ടിക്കാണിക്കുന്നു (2:1).

മനുഷ്യൻ ദൈവസൃഷ്ടിയാണ്. ദൈവം സ്വയം നമുക്കു വെളിപ്പെടുത്തു വാൻ പ്രസാദിച്ചു. അതാണ് ദൈവിക വെളിപ്പാടായ ബൈബിൾ. മനുഷ്യൻ കണ്ടുപിടിച്ച ദൈവമല്ല ബൈബിളിലെ ദൈവം. പ്രവാചകന്മാരിൽക്കൂടി തന്നെ വെളിപ്പെടുത്തുവാൻ ദൈവം പ്രസാദിച്ചു. അവരിൽ ക്രിസ്തുവിന്റെ ആത്മാവു സംസാരിച്ചു (1 പത്രൊ. 1:11). ഭാഗംഭാഗമായിട്ടും വിവിധമായിട്ടുമാണ് പഴയ നിയമത്തിൽ ദൈവം തന്നെ വെളിപ്പെടുത്തിയിട്ടുള്ളത്. വിവിധ മാർഗ്ഗങ്ങളിൽ കൂടിയാണ് ആ വെളിപ്പാടുകൾ പ്രവാചകന്മാർക്കു ലഭിച്ചത്. മുൾപ്പടർപ്പിൽ നിന്നും ദൈവം മോശെ യോടു സംസാരിച്ചു. അബ്രഹാമിനു തേജോമയനായ ദൈവം വെളിപ്പെട്ടു. കാഹളധ്വനി, മേഘം, മൃദുസ്വരം, ദർശനങ്ങൾ, സാഹ ചര്യങ്ങൾ എന്നിവയിൽ കൂടി ദൈവം തന്നെ വെളിപ്പെടുത്തി. ദീർഘവർഷ ങ്ങൾ ആ ദിവ്യ വെളിപ്പാടുകൾ നൽകുവാൻ എടുത്തിരുന്നു. അതു പൂർണ്ണവെളിപ്പാടുകൾ ആയിരുന്നില്ല. അവ യേശുക്രിസ്തു വിനെക്കുറിച്ചുള്ള അരുളപ്പാടുകൾ ആയിരുന്നു (ലൂക്കൊ. 24:44; യോഹ. 5:39). പ്രവാചകന്മാർ ദൈവ ത്തിന്റെ വക്താക്കളായിരുന്നു. എന്നാൽ അന്ത്യകാലത്തു പുത്രൻ മുഖാന്തരം നമ്മോട് അരുളിച്ചെയ്തിരിക്കുന്നു. അവൻ മോശെയെപ്പോലെയുള്ള പ്രവാചകനായിരുന്നു (ആവ. 18:18,19). ദൈവത്തോടുള്ള അടുത്ത ബന്ധം ഉള്ളവനായി രുന്നു മോശെ.

ക്രിസ്തു ദൈവത്തെ വെളിപ്പെടുത്തി. ആദിയിൽ വചനം ഉണ്ടായിരുന്നു (യോഹ. 1:1). ആ വചനം ആളത്വപ രമായി ജഡത്തിൽ വെളിപ്പെട്ടുവന്നവനാണ് ക്രിസ്തു (യോഹ. 1:14). അവൻ ദൈവത്തിന്റെ സമ്പൂർണ്ണ വെളിപ്പാടാ യിരുന്നു (കൊലൊ. 2:9). അവന്റെ വാക്കുകൾ ദൈവത്തിന്റെ അധികാരമുള്ള വാക്കുകൾ ആയിരുന്നു (മത്താ. 7:29). ക്രിസ്തുവിൽ ദൈവത്തിന്റെ സൽഗുണങ്ങൾ വെളിപ്പെട്ടിരുന്നു. പ്രവാചകന്മാർക്ക് ഈ യോഗ്യതകൾ ഉണ്ടായിരുന്നില്ല. അവർ ദൈവത്തിന്റെ ദാസന്മാരായിരുന്നു. ക്രിസ്തു ദൈവപുത്ര നാണ്. അവന്റെ വെളിപ്പാടു സമ്പൂർണ്ണമാണ്. അതുകൊണ്ട് ഇനിയും ഒരു വെളിപ്പാടിന്റെ ആവശ്യം ഇല്ല. അന്ത്യകാലം ക്രിസ്തുവിന്റെ ജനന ത്തോടുകൂടെ ആരംഭിച്ചു. കർത്താവിന്റെ പ്രത്യക്ഷതവരെ ഈ അന്ത്യകാലം ദീർഘി ക്കും (എബ്രാ. 9:26; 2 തിമൊ. 3:1). നമ്മുടെ രക്ഷിതാവു പ്രവാചകന്മാരേക്കാൾ ശ്രേഷ്ഠനാണ്. ചില മതസ്ഥാപകർ മോശെയെപ്പോലെ യുള്ളവരാണെന്ന് അവകാശപ്പെടുന്നുണ്ട്. നമ്മുടെ രക്ഷിതാവു മോശെയെക്കാൾ ശ്രേഷ്ഠനാകുന്നു. അജ്ഞാത വാദികൾ, ദൈവത്തെ അറിയുവാൻ കഴിയുന്നതല്ല എന്നു വാദി ക്കുന്നവരാണ്. എന്നാൽ നമ്മുടെ രക്ഷിതാവു നമ്മെ സൃഷ്ടിച്ചവനും, രക്ഷിച്ചവനും, തന്നെ നമുക്കു വെളിപ്പെടുത്തുന്നവനുമാണ്. അവനെ അറിയുന്നത് എത്ര ഭാഗ്യമുള്ള അനുഭവമാകുന്നു.

## ക്രിസ്തു സകലത്തിനും അവകാശി

ക്രിസ്തീയ ജീവിതത്തിൽ ലക്ഷ്യം തെറ്റാതിരിക്കുവാൻ ക്രിസ്തുവിനെ ക്കുറിച്ചുള്ള അറിവ് ആവശ്യമാകു ന്നു. അത് അവനെ കൂടുതൽ സ്നേഹിക്കുവാനും സേവിക്കുവാനും നമുക്കു പ്രേരണ നൽകും. ദൈവം സകല ത്തിന്റെയും ഉടയവനാണ്. പുത്രൻ പിതാവിനുള്ളതിന് അവകാശി ആകുന്നു (യോഹ. 16:15). അതു നിത്യതയിൽ തന്നെ നിശ്ചയിച്ചിട്ടുള്ള ദൈവിക ആലോചനയാകുന്നു (സങ്കീ. 2:7,8). ക്രിസ്തു പാപത്തിന്റെ ശാപത്തിന് അടിമ പ്പെട്ട ലോകത്തെ വീണ്ടെടുത്തു ലോകരാജത്വം സ്വീകരിച്ചു വാഴുന്ന നാളിൽ ആ പ്രവചനം പൂർണ്ണമായി നിവർത്തി യാകും (വെളി. 11:15). ഇന്നു ദൈവമക്കൾ ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിനു കൂട്ടവകാശികളും ആകുന്നു (റോമ. 8:17). നമ്മുടെ രക്ഷിതാവു രാജാധിരാജാവും കർത്താധികർത്താവും ആകുന്നു.

## ക്രിസ്തു സകലവും സൃഷ്ടിച്ച രക്ഷിതാവ്

ദൈവം തന്റെ ശക്തിയും ജ്ഞാനവും കൊണ്ട് സകലവും സൃഷ്ടിച്ചു. ആ ശക്തിയും ജ്ഞാനവും പുത്ര നിൽ വെളിപ്പെട്ടു. ദൈവവചനത്താൽ ലോകം നിർമ്മിക്കപ്പെട്ടു എന്നു കാണുന്നു (എബ്രാ. 11:3). ക്രിസ്തുവിനെ വചനമായി യോഹന്നാൻ വെളിപ്പെടുത്തി. അവൻ മുഖാന്തരം സകലവും ഉളവായി (യോഹ. 1:1-3). സകലവും അവൻ മുഖാന്തരവും അവനായിട്ടും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു (കൊലൊ. 1:16). പിതാവു പ്ലാൻ ചെയ്തു, പുത്രൻ സൃഷ്ടിച്ചു, പരിശുദ്ധാത്മാവു പ്രവർത്തനസജ്ജമാക്കി (ഉല്പ. 1:1,2). സക ലവും ക്രിസ്തുവിൽനിന്നും, അവ നാലും, അവങ്കലേക്കും ആകുന്നു (റോമർ 11:36). ലോകം എന്ന വാക്കിനു യുഗങ്ങൾ എന്നും അർത്ഥമുണ്ട്. ദൈവം സൃഷ്ടിച്ച ഭൂമി പാപത്തിൽ വീണു. എന്നാൽ തന്റെ ജനത്തിനു വസിക്കുവാൻ പുതിയ ഭൂമിയും പുതിയ ആകാശവും സൃഷ്ടിക്കുന്ന ഒരു രക്ഷിതാവാണ് നമുക്കുള്ളത് (വെളി. 21:1,2).

## ക്രിസ്തു ദൈവതേജസ്സിന്റെ പ്രഭ

ദൈവം അടുത്തുകൂടാത്ത തേജസ്സിൽ വസിക്കുന്നവനാണ് (1 തിമൊ. 6:16). അവന്റെ തേജസ്സു സമാഗമനകൂ ടാരത്തിലും ദേവാലയത്തിലും നിറഞ്ഞിരുന്നു (പുറ. 40; 1 രാജാ. 8:11). ആകാശം അവന്റെ മഹത്വത്തെ വർണ്ണിക്കു ന്നു (സങ്കീ. 19:1). വചനം ജഡമായിത്തീർന്ന ക്രിസ്തുവിൽ ശിഷ്യന്മാർ ദൈവതേജസ്സു ദർശിച്ചു (യോഹ. 1:14). ദൈവം വെളിച്ചമാകുന്നു (1 യോഹ. 1:5; യാക്കോ. 1:17). മറുരൂപമലയിൽ വെച്ചു പത്രൊസു ക്രിസ്തുവിൽ ആ തേജസ്സു കണ്ടു (2 പത്രൊ. 1:16). ക്രിസ്തു ലോകത്തിന്റെ വെളിച്ചം ആകുന്നു (യോഹ. 8:12). നമ്മുടെ രക്ഷിതാ വിനു മാത്രമേ അത് അവകാശപ്പെടുവാൻ കഴിയുകയുള്ളൂ. അവൻ എത്ര ശ്രേഷ്ഠൻ! അവൻ മാത്രം ദൈവ ത്തിന്റെ തേജസ്സിന്റെ പ്രഭ അഥവാ പ്രകാശനം ആകുന്നു.

## ക്രിസ്തു തത്വത്തിന്റെ മുദ്രയാകുന്നു

ഇവിടെ തത്വംകൊണ്ടുള്ള ആശയം ദൈവം എന്നാണ്. തത്വജ്ഞാനം ദൈവത്തെക്കുറിച്ചുള്ള മനുഷ്യന്റെ അറിവാകുന്നു. ക്രിസ്തു ദൈവത്തിന്റെ മുദ്രയാണ്. അവൻ ദൈവത്തിന്റെ പ്രതിമയാണെന്നു സാരം (2 കൊരി. 4:4, കൊലൊ. 2:9). അവൻ പിതാവിനെ വെളിപ്പെടുത്തി (യോഹ. 1:18). ഫിലിപ്പോസു ദൈവത്തെ കാണുവാൻ ആഗ്രഹിച്ചു. ക്രിസ്തു അരുളിച്ചെയ്തു: "എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു" (യോഹ. 14:9). യെഹൂദന്മാരോടു പറഞ്ഞു: "ഞാനും പിതാവും ഒന്നാകുന്നു" എന്ന് (യോഹ. 10:29). അതുകൊണ്ട് അവനെ കൊല്ലുവാൻ അവർ ശ്രമിച്ചു. ക്രിസ്തു ദൈവത്തിൽ നിന്നും പുറപ്പെട്ടുവന്നവനാണ്. അവൻ പണ്ടേയുള്ളവനും പുരാതനനുമാകുന്നു. മനുഷ്യൻ ദൈവത്തെ കാണുവാൻ ആഗ്രഹിച്ചു. അതിനു ദൈവപുത്രൻ മനുഷ്യപുത്രനായി വന്നു. അവനത്രെ നമ്മുടെ രക്ഷിതാവായ ക്രിസ്തു.

## ക്രിസ്തു തന്റെ വചനത്താൽ സകലത്തേയും വഹിക്കുന്നു

ദൈവം സകലവും സൃഷ്ടിച്ചവനും അതിനെ ഉദ്ദിഷ്ടലക്ഷ്യത്തിലേക്കു നയിക്കുന്നവനുമാകുന്നു. സൃഷ്ടിയിൽ വ്യാപരിച്ച അതേ ശക്തി തന്നെയാണ് അവയെ സംരക്ഷിച്ചു നിയന്ത്രിക്കുന്നത്. ദൈവവചനം ശക്തിയുള്ളതാകുന്നു. വചനം ദൈവമായിരുന്നു. വചനത്തെ കൂടാതെ ഒന്നും ഉളവായതുമില്ല. ആ വചനം ക്രിസ്തുവാകുന്നു. അവൻ സകലത്തിനും ആധാരം ആകുന്നു (കൊലൊ. 1:16,17). ദൈവസൃഷ്ടി യാദൃച്ഛികമല്ല. പ്രത്യേക ഉദ്ദേശത്തോടും ലക്ഷ്യത്തോടും കൂടെ സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. സൃഷ്ടിച്ചു വെറുതേ വിടുന്ന ദൈവമല്ല ബൈബിളിലെ ദൈവം. വഹിക്കുക എന്ന വാക്കിന്റെ അർത്ഥം പ്രത്യേക ലക്ഷ്യത്തിലേക്കു കൊണ്ടുപോകുക എന്നാണ്. ഈ പ്രപഞ്ചത്തെ ക്രിസ്തു നിയന്ത്രിക്കുന്നതുകൊണ്ടാണ് നാം ഇന്നു ജീവനുള്ളവരായിരിക്കുന്നത്. നമ്മെ രക്ഷിച്ചവനും ക്രിസ്തുവാകുന്നു. അവന് നമ്മെ സംരക്ഷിക്കുവാനും രക്ഷയുടെ നിത്യസൗഭാഗ്യങ്ങളിലേക്കു നിയന്ത്രിച്ചു നടത്തുവാനും ശക്തിയുണ്ട് (ഫിലി. 1:4). നമ്മുടെ രക്ഷിതാവ് എത്ര ശ്രേഷ്ഠൻ ആകുന്നു!

## ക്രിസ്തു പാപങ്ങൾക്കു പരിഹാരകൻ

മനുഷ്യന്റെ കാതലായ പ്രശ്നം പാപത്തിനു പരിഹാരം ഉണ്ടാകുക എന്നുള്ളതാണ്. പാപിക്കു പാപിയെ രക്ഷിക്കുവാൻ കഴിയുന്നതല്ല. മനുഷ്യരെല്ലാം പാപികൾ ആണ് (റോമ. 3:23). ദൈവം തന്റെ കരുണയിൽ പാപത്തിനു പരിഹാരം ക്രിസ്തുമൂലം സാധിപ്പിച്ചു. അവന്റെ മരണപുനരുത്ഥാനം അതിനുള്ളതായിരുന്നു. പാപത്തിനു പരിഹാരം വരുത്തുവാൻ പരിശുദ്ധനായ ദൈവത്തിനു മാത്രമേ കഴിയുകയുള്ളൂ. ക്രിസ്തു പാപരഹിതനും പരിശുദ്ധനു മായ ദൈവപുത്രനാണ്. അവൻ മനുഷ്യനായി അവതരിച്ചു. പാപപരിഹാരം വെറും വാക്കുകൊണ്ടു സാധിക്കാവുന്നതല്ല. പാപത്തിന്റെ ശിക്ഷ സഹിച്ചു ക്രിസ്തു മരിക്കയാൽ നമുക്കു പാപമോചനവും ശുദ്ധീകരണവും ലഭ്യമാകുന്നു. അതിന് അവനിൽ വിശ്വസിക്കണം. രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനം ഇല്ല. ക്രിസ്തു സ്വന്തരക്തം നമുക്കുവേണ്ടി ക്രൂശിൽ ചൊരിഞ്ഞു. പാപിയായ ആദാമിന്റെ നഗ്നത മറയ്ക്കുവാൻ ഒരു മൃഗം കൊല്ലപ്പെടണമായിരുന്നു. പാപിയായ മനുഷ്യനെ രക്ഷിക്കുവാൻ പാപരഹിതൻ ജീവൻ നൽകേണ്ടിയിരുന്നു. പാപത്തിന്റെ ശമ്പളം മരണമാണ്. ജീവൻ രക്തത്തിൽ കുടികൊള്ളുന്നു (ലേവ്യ. 17:11). അങ്ങനെ ക്രിസ്തു സ്വന്തരക്തം ചിന്തി നമ്മെ രക്ഷിക്കുവാൻ പ്രസാദിച്ചു. പഴയനിയമകാലത്തു പുരോഹിതന്മാർ അർപ്പിച്ച യാഗങ്ങൾക്കു പാപങ്ങളെ നീക്കുവാൻ കഴിഞ്ഞിരുന്നില്ല. അതുകൊണ്ട് അതു കൂടെക്കൂടെ അർപ്പിക്കേണ്ടിവന്നു. പുരോഹിതന്മാർക്കു സമാഗമനകൂടാര ത്തിൽ ഇരിക്കുവാൻ അനുവാദമുണ്ടായിരുന്നില്ല. ക്രിസ്തു ഏകയാഗം മൂലം എന്നേക്കുമായി നമ്മുടെ വീണ്ടെടുപ്പു സാധിപ്പിച്ചു. അവന്റെ രക്തം നമ്മെ എന്നേക്കുമായി ശുദ്ധീകരിക്കുവാൻ മതിയായതാണ്. അങ്ങനെ ശുദ്ധമനസ്സാക്ഷിയുള്ളവരായി ദൈവത്തെ ആരാധിക്കുവാൻ നാം പ്രാപ്തർ ആകുന്നു (എബ്രാ. 9:13,14). അതു സൽഗുണപൂർത്തി വരുത്തുന്ന രക്തമാണ് (എബ്രാ. 10:1–4). ക്രിസ്തു തന്റെ മഹാപൗരോഹിത്യശുശ്രൂഷ നിവർത്തിച്ച ശേഷം മഹിമാസനത്തിൽ ഇരുന്നു എന്നു കാണുന്നു. പാപങ്ങൾക്കു പരിഹാരം വരുത്തുവാൻ ശക്തിയും യോഗ്യതയും ഉള്ള ഏക രക്ഷകൻ ക്രിസ്തു ആകുന്നു. അവൻ ഏറ്റവും ഉയർന്ന സ്ഥാനത്ത് ഇരിക്കുന്ന ശ്രേഷ്ഠമഹാപുരോഹിതൻ ആകുന്നു. അവൻ നൽകുന്ന രക്ഷ നിത്യരക്ഷയാകുന്നു.

## ക്രിസ്തു ദൂതന്മാരെക്കാൾ ശ്രേഷ്ഠനാകുന്നു (1:4–9)

ഈ വേദഭാഗത്തു ക്രിസ്തു ദൂതന്മാരെക്കാൾ ശ്രേഷ്ഠൻ എന്ന സത്യം ഉറപ്പിച്ചു സ്ഥിരീകരിക്കുന്നു. യെഹൂദന്മാർ ദൂതന്മാർക്കു വലിയ പ്രാധാന്യം നൽകിയിരുന്നു. ദൂതന്മാർ മുഖാന്തരം ന്യായപ്രമാണം നൽകിയെന്ന് അവർ വിശ്വസിക്കുന്നു (പ്രവൃ. 7:53; ഗലാ. 3:19). ക്രിസ്തു ഒരു ദൂതനാണെന്നു തെറ്റിദ്ധരിക്കയും അവനെ ആരാധിക്കയും ചെയ്യുന്നവർ ഉണ്ടായിരുന്നു (കൊലൊ. 2:18). ഇവിടെ ലേഖന കർത്താവു ക്രിസ്തുവിന്റെ ശ്രേഷ്ഠതയ്ക്കുള്ള കാരണങ്ങൾ നൽകുന്നു. ഈ ലേഖനത്തിൽ 13 പ്രാവശ്യം ക്രിസ്തു ശ്രേഷ്ഠൻ ആകുന്നു എന്നു പ്രസ്താവിക്കുന്നുണ്ട്.

ക്രിസ്തുവിന്റെ നാമം ദൂതന്മാരുടെ നാമത്തെക്കാൾ ശ്രേഷ്ഠമാകുന്നു. അത് അവൻ ദൈവപുത്രൻ എന്നുള്ളതാണ്. നാമം ഒരു വ്യക്തിയെ തിരിച്ചറിയാനുള്ളതാകുന്നു. വ്യക്തിയുടെ ആളത്വവും സ്വഭാവവും നാമം വ്യക്തമാക്കുന്നു. ക്രിസ്തുവിന്റെ ശ്രേഷ്ഠത ചൂണ്ടിക്കാണിക്കുവാൻ ഏഴു പഴയ നിയമ ഭാഗങ്ങൾ ഉദ്ധരിച്ചിരിക്കുന്നു. ദൂതന്മാർ ദൈവസൃഷ്ടിയാണ്. അവർക്കു ദിവ്യത്വം ഇല്ല. അവരെ ആരാധിക്കരുത്. അവർ ആത്മജീവികൾ ആണ്. ദൂതന്മാരുടെ പ്രാധാന്യം അംഗീകരിക്കുന്ന യെഹൂദ ക്രിസ്ത്യാനികൾ ക്രിസ്തു ദൈവപുത്രനും സ്രഷ്ടാവും ആണെന്നു മനസ്സിലാക്കുവാൻ പഴയനിയമം ഇവിടെ ഉദ്ധരിച്ചിരിക്കുന്നു. യാതൊരു ദൂതനെയും പുത്രൻ എന്ന്

ഏകവചന ത്തിൽ വിളിച്ചിട്ടില്ല.

ക്രിസ്തുവിനെ പുത്രൻ എന്നു സങ്കീർത്തനം 2:7 ൽ സംബോധന ചെയ്തിരിക്കുന്നു. അവൻ എന്നും ദൈവ പുത്രനാണ്. ക്രിസ്തുവിന്റെ സ്നാനഘട്ടത്തിലും, രൂപാന്തരത്തിലും, പുനരുത്ഥാനത്തിലും, സ്വർഗ്ഗാരോഹണത്തിലും സ്വർഗ്ഗം അതിനു സാക്ഷ്യം വഹിച്ചു (മർക്കൊ. 1:11; ലൂക്കൊ. 9:35; പ്രവൃ. 13:32,33). അവന്റെ പുനരുത്ഥാനത്തിൽ ക്രിസ്തു ദൈവപുത്രൻ എന്നു ശക്തിയോടെ നിർണ്ണയിക്കപ്പെട്ടു (റോമ. 1:5). അതു വിശ്വസിച്ച ശിഷ്യന്മാർ അവന്റെ പുനരുത്ഥാനത്തിനു സാക്ഷികൾ ആയി (പ്രവൃ. 4:30).

രണ്ടാമതായി പിതാവു പുത്രനെക്കുറിച്ചു 'ഞാൻ അവനു പിതാവും അവൻ എനിക്കു പുത്രനും ആയിരിക്കും' എന്നു പ്രസ്താവിച്ചിരിക്കുന്നു (2 ശമൂ. 7:14). ദാവീദിനെക്കുറിച്ചുള്ള ഈ പ്രസ്താവന ക്രിസ്തുവിൽ നിവൃത്തിയായിരിക്കുന്നു. ക്രിസ്തുവിന്റെ വരവിങ്കൽ അതു പൂർണ്ണമായി നിവൃത്തിയാകും (സങ്കീ. 96:10; യെശ. 40:3,10). ക്രിസ്തു ശലോമോനെക്കാൾ വലിയ വൻ ആകുന്നു (മത്താ. 12:42). ദൂതന്മാർക്ക് ഈ പദവി അവകാശപ്പെടുവാൻ കഴിയുന്നതല്ല.

മൂന്നാമതായി ക്രിസ്തു ദൂതന്മാരുടെ ആരാധനയ്ക്കു യോഗ്യനാകുന്നു (1:6). ദൈവം മാത്രം ആരാധന സ്വീകരിപ്പാൻ യോഗ്യൻ (മത്താ. 4:10; വെളി. 22:9). ക്രിസ്തുവിന്റെ ഒന്നാമത്തെ വരവിൽ ദൂതന്മാർ അവനെ സാക്ഷിക്കുകയും ശുശ്രൂഷിക്കുകയും ചെയ്തു (മത്താ. 4:11; ലൂക്കൊ. 22:43). വിദ്വാന്മാർ അവനെ ആരാധിച്ചു (മത്താ. 2:11). ക്രിസ്തു ആദ്യജാതനാകുന്നു. അവൻ സൃഷ്ടിക്കു മുൻപേയുള്ളവനാണ്. മരിച്ചവരിൽനിന്നും ആദ്യം തേജസ്സോടെ ഉയിർത്തെഴുന്നേറ്റവൻ ആകുന്നു (കൊലൊ. 1:18). അവൻ സകല ദേവന്മാർ ക്കും മീതെ രാജാവാണ് (സങ്കീ. 95:3). സകല ദൂതന്മാരും അവനെ വീണു നമസ്കരിക്കുന്നതായി കാണുന്നു (വെളി. 5:5-14). ക്രിസ്തുവിന്റെ രണ്ടാം വരവിങ്കൽ സകലരും അവന്റെ ശ്രേഷ്ഠത അംഗീകരിക്കും (ഫിലി. 2:9-11). ക്രിസ്തുവിന്റെ ദൈവത്വം ഇവിടെ വ്യക്തമാകുന്നു. ക്രിസ്തു ദൂതന്മാരെക്കാൾ ശ്രേഷ്ഠനാകുന്നു.

നാലാമതായി ദൂതന്മാർ ദൈവത്തിന്റെ ശുശ്രൂഷകന്മാരാണ് (സങ്കീ. 104:4). ദൈവത്തിന്റെ ആജ്ഞ അവർ അനുസരിക്കുന്നു. കർത്താവിനെ ദൂതന്മാർ ശുശ്രൂഷിച്ചു. അവർ ദൈവത്തിന്റെ സന്ദേശവാഹകർ ആണ്.

അഞ്ചാമതായി ക്രിസ്തുവിന്റെ രാജത്വം എന്നേക്കുമുള്ളതാകുന്നു. ഇവിടെ സങ്കീർത്തനം 45:6 ഉം 7 ഉം വാക്യങ്ങൾ ഉദ്ധരിച്ചിരിക്കുന്നു. പുത്രൻ ദൈവം തന്നെയാണെന്ന് ഇവിടെ സൂചിപ്പിക്കുന്നു. പുത്രനെ ദൈവം എന്നു വിളിക്കുന്നു. അവന്റെ സിംഹാസനം നിത്യമാണ്. അവൻ നീതിയോടെ ഭരിക്കും. ദൂതന്മാർ നിന്നു ശുശ്രൂഷിക്കുന്നവരാണ്. ക്രിസ്തു ദൈവത്തിന്റെ അഭിഷിക്തനാകുന്നു. അവൻ മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പു സാധിപ്പിച്ചു. മഹിമയുടെ വലത്തുഭാഗത്തിരിക്കുന്ന രാജപുരോഹിതനാണ് (സങ്കീ. 110). കർത്താവും പത്രൊസും ഈ സത്യം പ്രസ്താവിച്ചിരുന്നു (മർക്കൊ. 14:62; പ്രവൃ. 2:34-36). അവൻ നീതി നിവർത്തിക്കുവാൻ അഭിഷേകം പ്രാപിച്ച രാജാവാകുന്നു. അവന്റെ ക്രൂശുമരണത്തിൽ വിശ്വസിക്കുന്നവർ നീതീകരിക്കപ്പെടുന്നു. അവൻ നീതി ഇഷ്ടപ്പെടുന്നവനാണ്. പാപരഹിതനാണ്. കൂട്ടുകാരിൽ പരമായി ആനന്ദതൈലംകൊണ്ട് അഭിഷേകം ചെയ്യപ്പെട്ടവനാണ്. ആ സന്തോഷം കണ്ടുകൊണ്ടു ക്രിസ്തു ക്രൂശുമരണം സഹിച്ചു (എബ്രാ. 12:2). കർത്താവു വീണ്ടെടുക്കപ്പെട്ട തന്റെ ദാസന്മാരിൽ സന്തോഷിക്കുന്നവനാണ്. നമ്മെ അവൻ രാജപുരോഹിതവർഗ്ഗം ആക്കിയിരിക്കുന്നു. അതിൽ അവൻ സന്തോഷിക്കുന്നു. നമുക്കും അതിൽ സന്തോഷിക്കയും അവനോടു നന്ദിയുള്ളവരായിരിക്കയും ചെയ്യാം.

## ക്രിസ്തു സ്രഷ്ടാവാണ് (1:10-12)

പിതാവു പുത്രനെ കർത്താവ് എന്നു സംബോധന ചെയ്തിരിക്കുന്നു. ഇവിടെ സങ്കീർത്തനം 102:25-27 വാക്യങ്ങൾ ഉദ്ധരിച്ചിരിക്കുന്നു. ക്രിസ്തുവിന്റെ ഏറ്റവും ഉയർന്ന നാമമാണ് കർത്താവ് (ഫിലി. 2:9-11). അവൻ ദൈവമാണ് (Theos) എന്ന് 8-ാം വാക്യത്തിൽ കാണുന്നു. ദൂതന്മാർ സൃഷ്ടികൾ മാത്രമാണ്. പാപത്തിൽ വീണ യാതൊന്നും നിത്യമല്ല. അവയെല്ലാം നശിക്കും. ക്രിസ്തു അനന്യനും അവന്റെ സംവത്സരങ്ങൾ അവസാനിക്കാത്തതുമാകുന്നു (എബ്രാ. 13:8). അവൻ നൽകുന്ന രക്ഷ നിത്യമാണ്. ഭൂമിക്ക് അടിസ്ഥാന മിട്ടവൻ ക്രിസ്തുവാണ്. ആകാശം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു (സങ്കീ. 19:1). ദൈവമക്കൾ ലോകസ്ഥാപനത്തിനു മുൻപേ അവനാൽ തിരഞ്ഞെടുക്കപ്പെട്ടവരാണ്. അവർ നിത്യകാലം അവന്റെ കൃപയെ പ്രദർശിപ്പിക്കുവാൻ ക്രിസ്തുയേശുവിൽ സ്വർഗ്ഗസ്ഥലത്ത് ഇരുത്തപ്പെട്ടിരിക്കുന്നു (എഫെ. 2:6,7). ക്രിസ്തുവിനോടു കൂടെ നാം എന്നേക്കും ആയിരിക്കും എന്നുള്ളതാണ് നമ്മുടെ പ്രത്യാശ (1 തെസ്സ. 4:13-18). ദൂതന്മാർക്ക് ഇതൊന്നും ചെയ്യുവാൻ കഴിയുന്നതല്ല. നമ്മുടെ രക്ഷിതാവു ദൂതന്മാരെക്കാൾ ശ്രേഷ്ഠ നാണ്.

## ദൂതന്മാർ സേവകാത്മാക്കൾ ആണ് (1:13,14)

നിത്യതയിൽ തന്നെ ക്രിസ്തു ദൂതന്മാരേക്കാൾ ശ്രേഷ്ഠനാകുന്നു. സങ്കീർത്തനം 110:1 ഉദ്ധരിച്ചുകൊണ്ട് 1:13 വാക്യം ചോദ്യരൂപത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുവാൻ ദൂതന്മാർക്കു പദവി ലഭിച്ചിട്ടില്ല. പാപത്തിനു പരിഹാരം വരുത്തിയതിന്റെ ഉറപ്പും ഭാവിയിൽ ശത്രുക്കൾക്കു വരുവാൻ പോകുന്ന ന്യായവിധിയുടെ നിശ്ചയവുമാണ് വലത്തുഭാഗത്ത് ഇരിക്കുന്നതിൽനിന്നും ലഭിക്കുന്ന ആശയം. ശത്രുക്കൾ ക്രിസ്തുവിൽ വിശ്വസിക്കാത്തവരാണ്. കർത്താവു തന്റെ വീണ്ടും വരവിൽ അവരെ ന്യായം വിധിക്കും. അതുവരെയും അവൻ ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നു. ദൂതന്മാർക്ക് ഈ പദവി ലഭിച്ചിരുന്നില്ല.

അവർ രക്ഷ പ്രാപിപ്പാനുള്ളവർക്കു ശുശ്രൂഷ ചെയ്യുന്ന സേവകാത്മാ ക്കൾ ആകുന്നു. ദൂതന്മാർ ദൈവകല്പന അനുസരിക്കുന്നവരാണ്. ദൈവമക്കളുടെ സംരക്ഷണത്തിനും സഹായത്തിനും വേണ്ടി പിതാവായ ദൈവം അവരെ നിയോഗിച്ചിരിക്കുന്നു. അവർ നമുക്കു ചുറ്റും പാളയമിറങ്ങി സംരക്ഷി ക്കുന്നു (സങ്കീ. 34:7). നമ്മുടെ വഴികളിൽ കാക്കുന്നു (സങ്കീ. 91:11,12). അവർ സന്ദേശവാഹകരാണ്. മറിയയോടു ദൂതൻ ദൈവത്തിന്റെ സന്ദേശം അറിയിച്ചു (ലൂക്കൊ. 1:28-38). ക്രിസ്തുവിന്റെ കല്ലറയ്ക്കൽനിന്നും കല്ല് ഉരുട്ടിനീക്കുകയും സ്ത്രീകളോട് അവന്റെ പുനരുത്ഥാനവാർത്ത അറിയിക്കുകയും ചെയ്തു (ലൂക്കൊ. 24:1-7). പത്രൊസിനെ തടവറയിൽനിന്നും വിടുവിച്ചു (പ്രവൃ. 12:7-10). മരിക്കുന്ന വിശുദ്ധന്മാരുടെ ആത്മാക്കളെ കർത്താവിന്റെ സന്നിധിയിലേക്കു കൊണ്ടുപോകുന്നതും ദൂതന്മാരാണ് (ലൂക്കൊ. 16:22). അവർ കർത്താവിന്റെ കല്പനകൾ അനുസരിക്കുന്ന സേവകാത്മാക്കൾ ആകുന്നു. നമ്മുടെ കർത്താവ് എത്ര ശ്രേഷ്ഠൻ! അവനെക്കുറിച്ചുള്ള അറിവ് അവനെ ആരാധിക്കുവാനും, ആഘോഷിക്കുവാനും, അവനിൽ സംതൃപ്തരാകുവാനും നമ്മെ സഹായിക്കട്ടെ.

## അദ്ധ്യായം 2

### ക്രിസ്തു ദൂതന്മാരെക്കാൾ ശ്രേഷ്ഠനാകുന്നു (2:1-4)

ഈ അദ്ധ്യായത്തിൽ ആദ്യമായി ചൂണ്ടിക്കാണിക്കുന്നതു ദൈവവചനം ഗണ്യമാക്കാതിരുന്നാലുണ്ടാകുന്ന ഭവിഷത്താകുന്നു. ക്രിസ്തു പ്രവാചകന്മാരെക്കാൾ ശ്രേഷ്ഠനാകുന്നു എന്ന് ഒന്നാം അദ്ധ്യായത്തിൽ നാം കാണുകയുണ്ടായി. അവന്റെ വചനം നാം അഗണ്യമാക്കുന്ന പക്ഷം ക്രിസ്തുവിലുള്ള വിശ്വാസത്തിൽനിന്നും ഒഴുകിപ്പോകും എന്നുള്ള താക്കീതു ലേഖന കർത്താവു നൽകുന്നു. അതിന്റെ ദോഷഫലങ്ങൾ ദൂരവ്യാപകമാണ്. അതുകൊണ്ടു ദൈവവചനം ശ്രദ്ധയോടു ഹൃദയത്തിൽ ധ്യാനിക്കുന്നവർ ആകുവാൻ വിശ്വാസികൾക്കു കഴിയണം.

ന്യായപ്രമാണം ദൂതന്മാർ മുഖാന്തരം നൽകി (ഗലാ. 3:19). യിസ്രായേൽ ജനം അതു ലംഘിച്ചപ്പോൾ ദൈവം അവരെ ന്യായം വിധിച്ചു. ദൈവമക്കൾ പാപം ചെയ്യുമ്പോൾ ദൈവം സഹിക്കുകയില്ല. അവർ ബാലശിക്ഷയ്ക്കു വിധേയ രാകും എന്നു നാം 12-ാം അദ്ധ്യായത്തിൽ കാണുന്നു. ക്രിസ്തുവിൽക്കൂടി നമുക്കു ദൈവത്തിന്റെ പൂർണ്ണവെളിപ്പാടു ലഭിച്ചു. അതു സത്യമാകുന്നു എന്ന് അത്ഭുതങ്ങളും അടയാളങ്ങളും നൽകി നമുക്ക് ഉറപ്പിച്ചുതന്നിരിക്കുന്നു (ഗലാ. 1:11; പ്രവൃ. 2:43). കൂടാതെ പരിശുദ്ധാത്മാവു വരങ്ങൾ നൽകിയും ദൈവവചനത്തിൽ കൂടി ഹൃദയത്തിൽ ബോധം വരുത്തിയും സാക്ഷിനിന്നതു നമ്മുടെ രക്ഷയുടെ ഉറപ്പാകുന്നു. വചനത്തെ അവഗണിക്കുന്നവർ രക്ഷയെ നിസ്സാരമായി കരുതുന്നവരാണ്. അവർ ദൈവത്തിന്റെ ശിക്ഷയിൽനിന്നും എങ്ങനെ രക്ഷപ്പെടും എന്നു ലേഖനകാരൻ ആശ്ചര്യപ്പെടുന്നു. ദൂതന്മാർ സന്ദേശവാഹകർ ആയിരുന്നു. ക്രിസ്തു വചനം ആയിരുന്നു. അവൻ ദൂത ന്മാരെക്കാൾ ശ്രേഷ്ഠൻ തന്നെ.

### ലോകത്തെ വീണ്ടെടുക്കുവാൻ താഴ്ച സഹിച്ചവൻ (2:5-9)

ക്രിസ്തു മനുഷ്യനായി അവതരിച്ചപ്പോഴും ദൂതന്മാരെക്കാൾ ശ്രേഷ്ഠൻ ആയിരുന്നു എന്ന് ഇവിടെ ചൂണ്ടിക്കാണിക്കുന്നു. ഭാവിലോകത്തിന്റെ ആധിപത്യം ക്രിസ്തുവിനാണ് ലഭിച്ചിരിക്കുന്നത്. ദൂതന്മാർ സേവകാത്മാക്കൾ മാത്രമാകുന്നു (1:14). ലോകംകൊണ്ടുള്ള ആശയം മനുഷ്യവാസമുള്ള ലോകം എന്നാണ്. ദൂതന്മാർ ആത്മജീവികളാകുന്നു. ക്രിസ്തു മനുഷ്യനായപ്പോൾ ശരീരം ധരിച്ചിരുന്നതുകൊണ്ട് അതിന്റെ പരിമിതികൾ ഉണ്ടായിരുന്നു. അതാണ് ദൂതന്മാരെക്കാൾ അല്പം താഴ്ച സഹിച്ചു എന്നതിന്റെ ആശയം. അതുപോലെതന്നെ അവൻ ക്രൂശിൽ മരിക്കയും താഴ്ച സഹിക്കയും ചെയ്തു.

ഇവിടെ സങ്കീർത്തനം 8:4-6 വരെയുള്ള വാക്യങ്ങൾ ഉദ്ധരിച്ചുകൊണ്ടു മനുഷ്യന്റെ വീണ്ടെടുപ്പ് എങ്ങനെ ക്രിസ്തു സാധിപ്പിച്ചു എന്നു വ്യക്തമാക്കുന്നു. ദൈവസൃഷ്ടികളായ ആകാശത്തിലെ നക്ഷത്രഗോളങ്ങളെ നോക്കുമ്പോൾ മനുഷ്യനെ ഓർക്കുവാനും സന്ദർശിക്കുവാനും ഏതുമില്ല. എന്നാൽ അവനെ സകലത്തിനും അധിപതി ആക്കുവാൻ ദൈവം പ്രസാദിച്ചു. ഭൂമിയുടെ മേൽ വാഴുവാൻ അവൻ സൃഷ്ടിക്കപ്പെട്ടിരുന്നു (ഉല്പ. 1:28). പാപത്തിൽ വീണ മനുഷ്യൻ ആ പദവി നഷ്ടപ്പെടുത്തി. അവൻ ഇന്നു ദൈവത്തോടു മത്സരിക്കയും ഭീരുവായി കഴികയും ചെയ്യുന്നു. പാപം ദൈവത്തോടുള്ള മത്സരമാണ്. മനുഷ്യൻ മൃഗതുല്യനായി ജീവിക്കുന്നു. മൃഗങ്ങൾക്കു ദൈവബോധം ഇല്ലല്ലോ. അങ്ങനെയുള്ള മനുഷ്യനെ ദൈവം തന്റെ കൃപയിൽ ഓർത്തു സന്ദർശിച്ചതു ക്രിസ്തു മനുഷ്യനായിത്തീർന്നതിലൂടെയാണ്. മനുഷ്യനോടുള്ള തന്റെ സ്നേഹവും കരുണയും ദയയും പ്രദർശിപ്പിച്ചു. തന്റെ ക്രൂശുമരണം മൂലം ക്രിസ്തു അവനെ വീണ്ടെടുത്തു. ക്രിസ്തു തന്റെ പുന രുത്ഥാനത്തിൽ മഹത്വവും ബഹുമാനവും ലഭിച്ചവനായി തീർന്നിരിക്കുന്നു (2:9). ആദാമിനു നഷ്ടപ്പെട്ട പദവി ക്രിസ്തു വീണ്ടെടുത്തു. സകലവും അവന്റെ കാല്ക്കീഴാക്കിയിരിക്കുന്നു (എഫെ. 1:22). അവന്റെ തേജസ്സിന്റെ പങ്കുകാരാകുവാൻ നമുക്കു പദവി ലഭിച്ചിരിക്കുന്നു. ക്രിസ്തു നമ്മെ രാജപുരോഹിതവർഗ്ഗമാക്കി തീർത്തിരിക്കുന്നു (വെളി. 1:6). ഇന്ന് എല്ലാം നമുക്കു കീഴ്പ്പെട്ടിരിക്കുന്നില്ല. എന്നാൽ ക്രിസ്തുവിന്റെ വരവിങ്കൽ നാം അവനോടുകൂടെ വാഴും. ക്രിസ്തു എല്ലാവർക്കുംവേണ്ടി മരണം ആസ്വദിച്ചു. അതിന്റെ യാതന മുഴുവൻ അനുഭവിച്ചു. അവനിൽ വിശ്വസിക്കുന്നവർക്ക് അവന്റെ തേജസ്സിന്റെ പങ്കാളികളായി അവനോടുകൂടെ വാഴുവാൻ സാധിക്കും. ദൂതന്മാർക്ക് അതിനുള്ള കഴിവുണ്ടായിരുന്നില്ല. നമ്മുടെ രക്ഷിതാവു മനുഷ്യനായി തീർന്നപ്പോഴും ദൂതന്മാരെക്കാൾ ശ്രേഷ്ഠനായിരുന്നു.

## തേജസ്സിലേക്കു നടത്തുന്ന രക്ഷാനായകൻ (2:10-13)

ദൈവപുത്രനായ ക്രിസ്തു സകലത്തിനും കാരണഭൂതനും സകലത്തെയും അതിന്റെ ലക്ഷ്യത്തിലേക്കു നയിക്കുന്നവനുമാണ്. അവൻ നമുക്കുവേണ്ടി മരണം ആസ്വദിച്ച മഹാപുരോഹിതനാകുന്നു. അതിന്റെ ഉദ്ദേശം അനേക പുത്രന്മാരെ തേജസ്സിലേക്കു നടത്തുക എന്നുള്ളതായിരുന്നു. മനുഷ്യൻ പാപം ചെയ്തു തേജസ്സു നഷ്ടപ്പെടുത്തിയവനാണ് (ഉല്പ. 3:23). അവനെ രക്ഷിച്ചു തേജസ്സുള്ളവനാക്കുവാൻ ദൈവം നിത്യതയിൽ തന്നെ പദ്ധതി ആവിഷ്കരിച്ചിരുന്നു. അതിനു ദൈവപുത്രൻ മനുഷ്യപുത്രനായി. അവൻ കഷ്ടാനുഭവങ്ങളാൽ തികഞ്ഞവനായിത്തീരുന്നതു ദൈവദൃഷ്ടിയിൽ യുക്തവുമായിരുന്നു. അവൻ പിതാവിനെ പൂർണ്ണമായി അനുസരിച്ചു. മനുഷ്യനായ ക്രിസ്തു നമ്മുടെ പ്രലോഭനങ്ങളിലും കഷ്ടതകളിലും പങ്കുള്ളവനായി തീർന്നു. അങ്ങനെ നമ്മുടെ പരീക്ഷകളിൽ സഹായിക്കുവാൻ കഴിവുള്ളവനായി. താൻ ക്രൂശുമരണം സഹിച്ച് കഷ്ടാനുഭവങ്ങളിൽ തികഞ്ഞവനായി തീർന്നു. ക്രിസ്തു നിത്യതയിൽ പരിപൂർണ്ണനായിരുന്നു. അവൻ മനുഷ്യനായപ്പോഴും തികഞ്ഞ നമ്മുടെ മഹാപുരോഹിതനായിരുന്നു. അവൻ നമുക്കു ദൈവത്തിങ്കലേക്കുള്ള രക്ഷാനായകൻ ആയിരിക്കുന്നു. അവൻ വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമാണ് (12:2). ദൂതന്മാർക്ക് ഇത് അവകാശപ്പെടുവാൻ കഴിയുന്നതല്ല.

രക്ഷിക്കപ്പെട്ടവർ ക്രിസ്തുവിനോട് ആത്മികമായി ഏകീഭവിച്ചവരും അവന്റെ ദിവ്യസ്വഭാവത്തിലും ആധിപത്യത്തിലും പങ്കുകാരും ആയിരിക്കുന്നു. അവർ ദൈവമക്കളും ദൈവതേജസ്സിനു പങ്കാളികളും ആകുന്നു (യോഹ. 1:12; 17:22-24). അവൻ നമ്മെ വിശുദ്ധീകരിക്കുന്ന രക്ഷിതാവാകുന്നു. അങ്ങനെ പിതാവിനോടു ബന്ധമുള്ളവരാക്കി. ക്രിസ്തു നമ്മെ സഹോദരന്മാർ എന്നു വിളിക്കുവാൻ ലജ്ജിച്ചില്ല. ഇതു സങ്കീർത്തനം 22:22 ന്റെ ഉദ്ധരണിയാണ്. ക്രിസ്തു കഷ്ടം സഹിച്ചു (സങ്കീ. 22:1). അവൻ ഉയിർത്തെഴുന്നേറ്റു തേജസ്സു ധരിച്ചിരിക്കുന്നു. അവൻ ശിഷ്യന്മാരെ സഹോദരന്മാർ എന്നു വിളിച്ചു (യോഹ. 20:17). വീണ്ടെടുക്കപ്പെട്ടവർ ദൈവത്തെ ആരാധിക്കുവാൻ പ്രാപ്തരാകുവാൻ പുത്രൻ പിതാവിനെ വെളിപ്പെടുത്തി (യോഹ. 17:26). അവരോടു ചേർന്നു ദൈവത്തിന്റെ വീണ്ടെടുപ്പുവേലയിൽ സന്തോഷിക്കുന്നവനാണ് നമ്മുടെ രക്ഷിതാവ്.

എബ്രായർ 2:13 ൽ യെശയ്യാവ് 8:18-ാം വാക്യം ഉദ്ധരിച്ചിരിക്കുന്നു. യെശയ്യാവ് ഒരു വിശ്വാസത്യാഗകാലഘട്ടത്തിലാണ് ജീവിച്ചിരുന്നത്. മാനസാന്തരപ്പെടുവാനുള്ള അവന്റെ ആഹ്വാനം അനുസരിക്കുന്നവർ കുറവായിരുന്നു. എന്നാൽ ഒരു ന്യൂനപക്ഷം അത് അനുസരിച്ചു. അവരെ യെശയ്യാവു തനിക്കു ദൈവം നൽകിയ മക്കൾ എന്നു വിളിക്കുന്നു. യെശയ്യാവ് ക്രിസ്തുവിന്റെ നിഴലായിരുന്നു. യെശയ്യാവും തന്നോടുകൂടെയുള്ളവരും ദൈവത്തിൽ ആശ്രയിച്ചിരുന്നു. അതുപോലെ ക്രിസ്തുശിഷ്യന്മാരും ദൈവത്തിൽ ആശ്രയിച്ചു പ്രതികൂലസാഹചര്യങ്ങളിൽ സന്തോഷിക്കുന്നവർ ആകണം എന്നു ചൂണ്ടിക്കാണിക്കുന്നു.

## മരണത്തെ ജയിച്ച മഹാപുരോഹിതൻ (2:14-18)

ക്രിസ്തു ജഡം ധരിച്ചതു മനുഷ്യവർഗ്ഗത്തെ വീണ്ടെടുക്കുവാനാണ്. ദൂതന്മാർക്ക് അതു സാധിക്കുമായിരുന്നില്ല. ക്രിസ്തു അങ്ങനെ മനുഷ്യനോട് ഏകീഭവിച്ചു. തന്റെ മരണത്താൽ മരണഭീതിയിൽ കഴിഞ്ഞവരെ വിടുവിച്ചു. പാപിയായ മനുഷ്യനു മരണം സംഭവിച്ചു (റോമ. 5:12). പാപത്തിന്റെ ശിക്ഷയാകുന്നു മരണം (റോമ. 6:23). മനുഷ്യൻ ഇന്നു മരണഭയത്തിൽ കഴിയുന്നു. പാപരഹിതനായിരുന്ന ക്രിസ്തു മനുഷ്യന്റെ പാപത്തിന്റെ ശിക്ഷ ക്രൂശിൽ സഹിച്ചു. അവിടെ സാത്താന്റെ മേൽ ജയം വരിച്ചു. ഇന്നു സാത്താൻ പരാജിതനായ ശത്രുവാണ്. ക്രിസ്തു ഉയിർത്തെഴുന്നേറ്റിരിക്കയാൽ അവന്റെ പാപപരിഹാരബലിയിൽ ദൈവം പ്രസാദിച്ചു എന്നു തെളിയുന്നു. അങ്ങനെ നാം മനസ്സാക്ഷി ശുദ്ധീകരിക്കപ്പെട്ടവരാകുന്നു. കൂടാതെ അവൻ പാപത്തിന്റെയും മരണത്തിന്റെയും ശക്തിയെ തകർത്തിരിക്കുന്നു. ഇന്നു വിശ്വാസികൾക്കു മരണം നിദ്രയാണ്. മരിക്കുമ്പോൾ നമ്മുടെ ആത്മാവു കർത്താവിന്റെ സന്നിധിയിൽ എത്തുന്നു. കർത്താവിന്റെ പ്രത്യക്ഷതയിൽ മരണം എന്നേക്കുമായി നീങ്ങിപ്പോകും (1 കൊരി. 15:26).

ക്രിസ്തു ദൂതന്മാരെ രക്ഷിക്കുവാൻ വന്നവനല്ല. വാഗ്ദത്തപ്രകാരം അബ്രഹാമിന്റെ സന്തതിയെ രക്ഷിക്കുവാൻ അവൻ വന്നു. അവൻ ഒരു യെഹൂദകുടുംബത്തിൽ ജനിച്ചു. വിശ്വാസികളുടെ പിതാവാണ് അബ്രഹാം (ഗലാ. 3:7). വിശ്വസിക്കുന്ന ഏവരേയും രക്ഷിക്കുവാൻ ക്രിസ്തു ജനിച്ചു. ഇന്നു ക്രിസ്തു രക്ഷിക്കപ്പെട്ടവരെ പരിപാലിക്കുന്ന ശ്രേഷ്ഠമഹാപുരോഹിതൻ ആകുന്നു. അവൻ ദൈവത്തിനും മനുഷ്യനും മദ്ധ്യേയുള്ള ഏക മഹാപുരോഹിതൻ ആണ് (1 തിമൊ. 2:5). അവൻ പാപങ്ങൾക്കു മറുവിലയായി തീർന്ന മദ്ധ്യസ്ഥൻ ആകുന്നു. അവന്റെ മരണം നമ്മുടെ പാപങ്ങൾ നീക്കുവാനുള്ളതായിരുന്നു. അവൻ കരുണയുള്ള മഹാപുരോഹിതനാണ്. സ്നേഹം പ്രവൃ ത്തിയിൽ കാണിക്കുന്നതാണ് കരുണ (2:14,15). ക്രിസ്തു വിശ്വസ്തനായ മഹാപുരോഹിതനാണ്. അവൻ ദൈവകാര്യങ്ങളിൽ വിശ്വസ്തനായിരുന്നു. അതു ദൈവത്തോടുള്ള വിശ്വസ്തതയെ കാണിക്കുന്നു (3:2). മനുഷ്യവർഗ്ഗത്തെ രക്ഷിക്കുക എന്ന ദിവ്യനിയോഗം വിശ്വസ്തതയോടെ ക്രിസ്തു നിർവ്വഹിച്ചു. അവന്റെ മരണം പാപികളോടുള്ള ദൈവത്തിന്റെ ക്രോധം നീക്കുവാനുള്ളതായിരുന്നു. അവൻ പാപരഹിതനായ മഹാപുരോഹിതനാണ്. എന്നാൽ പാപികളുടെ പരീക്ഷകളിൽ സഹതാപം കാണിക്കുവാൻ കഴിവുള്ളവനാകുന്നു. നാം പരീക്ഷിക്കപ്പെടുന്നതുപോലെ ക്രിസ്തുവും പരീക്ഷിക്കപ്പെട്ടിരുന്നു (മത്താ. 4). എന്നാൽ പാപം ചെയ്തിരുന്നില്ല. പരീക്ഷകൾ പാപമല്ല. അതിൽ പരാജയപ്പെടുമ്പോൾ പാപം ചെയ്യുന്നു. പരീക്ഷകളിൽ നമ്മെ സഹായിപ്പാൻ മനസ്സും കഴിവുമുള്ളവനാണ് നമ്മുടെ മഹാപുരോഹിതൻ. അവനിൽ നമുക്ക് ആശ്രയിക്കാം. ദൂതന്മാർക്കു നമ്മെ രക്ഷിക്കുവാൻ കഴി

യുമായിരുന്നില്ല. തന്നിൽ വിശ്വസിക്കുന്നവരെ പൂർണ്ണമായി രക്ഷിക്കുവാൻ കഴിവുള്ള നിത്യരക്ഷകൻ ആകുന്നു ക്രിസ്തു (7:25). അവനെ നമുക്ക് ആരാധിക്കാം. ഇവൻ എത്ര മഹാൻ!

### അദ്ധ്യായം 3

## ക്രിസ്തു മോശെയെക്കാൾ ശ്രേഷ്ഠൻ (3:1-6)

ദൈവപുത്രനായ ക്രിസ്തു ദൂതന്മാരെക്കാൾ ശ്രേഷ്ഠൻ എന്നു നാം രണ്ടാം അദ്ധ്യായത്തിൽ കാണുകയുണ്ടായി. മൂന്നാം അദ്ധ്യായത്തിൽ ക്രിസ്തുവിനെ മോശെയെക്കാൾ ശ്രേഷ്ഠനായി ചിത്രീകരിച്ചിരിക്കുന്നു. അബ്രഹാം കഴിഞ്ഞാൽ യെഹൂദന്മാർ കൂടുതൽ ബഹുമാനിക്കുന്ന വ്യക്തി മോശെയാണ്. എബ്രായ ക്രിസ്ത്യാനികൾ വിശുദ്ധ സഹോദരന്മാരാണ്. അവർ ദൈവത്തിന്റെ ഉപയോഗത്തിനായി വേർതിരിക്കപ്പെട്ടവരാണ് എന്നു സാരം. അവർ സ്വർഗ്ഗീയ വിളി ലഭിച്ചവരാകുന്നു. അതു സുവിശേഷത്താലുള്ള വിളിയാണ്. സ്വർഗ്ഗത്തിൽ നിന്നും സ്വർഗ്ഗത്തിലേക്കുള്ള വിളിയാകുന്നു അത്. മോശെ യിസ്രായേലിനെ ഭൗതിക കനാനിലേക്കു നയിച്ചു. ക്രിസ്തു തന്നിൽ വിശ്വസിക്കുന്നവരെ സ്വർഗ്ഗത്തിലേക്കു നയിക്കുന്നു. അവനെ നാം ശ്രദ്ധിച്ചു നോക്കുവാൻ ആഹ്വാനം ചെയ്യുന്നു. അവൻ പാപപരിഹാരാർത്ഥം അയക്കപ്പെട്ട അപ്പൊസ്തലനാണ്. അങ്ങനെ അവൻ ദൈവത്തിന്റെ പ്രതിനിധിയായി വന്നു. കൂടാതെ ക്രിസ്തു നമ്മുടെ മഹാപുരോഹിതനും ആകുന്നു. മനുഷ്യന്റെ പ്രതിനിധിയായി സ്വർഗ്ഗത്തിൽ മഹിമാസനത്തിൽ ഇരിക്കുന്ന മഹാപുരോഹിതനാണ് ക്രിസ്തു. മോശെ മഹാപുരോഹിതനായിരുന്നില്ല. എബ്രായ ലേഖനത്തിലെ കാതലായ വിഷയം ക്രിസ്തുവിന്റെ മഹാപൗരോഹിത്യ ശുശ്രൂഷയാണ്. മോശെ ദൈവഭവനത്തിൽ തല്ക്കാലത്തേക്കു വിശ്വസ്ത പ്രവാചകനായിരുന്നു. ക്രിസ്തു എന്നേക്കും ജീവിക്കുന്ന രക്ഷിതാവും മഹാപുരോഹിതനും രാജാവും ആണ്. മോശെ ദൈവഭവനത്തിൽ ശുശ്രൂഷ ചെയ്യുന്ന വിശ്വസ്ത ദാസനായിരുന്നു (സംഖ്യാ. 12:7). ക്രിസ്തു ഭവനത്തിന് അധികാരിയായ പുത്രനാണ്. അവൻ പിതാവിനോടു വിശ്വസ്തനായിരുന്നു. പിതാവിന്റെ ഹിതം നിവർത്തിച്ചു. ക്രൂശുമരണത്തോളം വിശ്വസ്തനായി പിതാവിനെ മഹത്വപ്പെടുത്തി (യോഹ. 17:4; എബ്രാ. 10:9,10). ക്രിസ്തു പുനരുത്ഥാനം ചെയ്തു നമ്മുടെ വിശ്വസ്ത മഹാപുരോഹിതനായി ജീവിക്കുന്നു. മോശെയുടെ നിയമനം താല്ക്കാലികമായിരുന്നു. ക്രിസ്തുവിന്റെ നിയമനം നിത്യതയിൽ നടന്നതും ഇപ്പോൾ വെളിപ്പെടുത്തിയതുമാണ് (സങ്കീ. 110:4). ദൈവജനം ദൈവത്തിന്റെ ഭവനമാണ് (എഫെ. 2:19). ക്രിസ്തു നമ്മുടെ സ്രഷ്ടാവും വീണ്ടെടുപ്പുകാരനും ആകുന്നു. അവൻ ഭവനം ചമച്ചവനാണ്. ക്രിസ്തുവിൽ യുക്തമായി ചേർന്നു സഭ പരിശുദ്ധാത്മാവിനാൽ ഇന്നു പണിയപ്പെടുന്നു. അതുകൊണ്ടു ക്രിസ്തു മോശെയെ ക്കാൾ ശ്രേഷ്ഠൻ ആകുന്നു.

ക്രിസ്തുവിന്റെ നിസ്തുല്യ ശ്രേഷ്ഠതകൾ അംഗീകരിക്കുന്നവർക്കു മാത്രമേ അവനുള്ളവരാകുവാൻ കഴികയുള്ളൂ. അവർ അവനിൽ നിലനിൽക്കുന്നവർ ആകണം. അപ്പോൾ അവർക്കു ദൈവസന്നിധിയിൽ ധൈര്യത്തോടുകൂടെ കടന്നുവരുവാൻ കഴിയും (4:16; 10:19). അവർ കഷ്ടതകളുടെ മദ്ധ്യ ത്തിലും കർത്താവിൽ സന്തോഷിക്കുന്നവരും പ്രത്യാശയുള്ളവരും ആയിരിക്കും. നാം രക്ഷിക്കപ്പെട്ടവരാണെന്നുള്ളതിന്റെ തെളിവും അതായിരിക്കും. എബ്രായ ക്രിസ്ത്യാനികൾ വിശ്വാസത്തിനുവേണ്ടി കഷ്ടം സഹിക്കുന്നവർ ആയിരുന്നു. അവർ ക്രിസ്തുവിനെ ശ്രദ്ധിച്ചു നോക്കി മുൻപോട്ടു പോകുവാൻ ആഹ്വാനം ചെയ്യുന്നു. കർത്താവ് അതിനു നമ്മെയും സഹായിക്കട്ടെ.

## അവിശ്വാസത്തിനെതിരെയുള്ള താക്കീത് (3:7-19)

വിശ്വാസികൾ അവിശ്വാസത്തിലും അനുസരണക്കേടിലും വീഴാതെ കരുത ലുള്ളവരായി ജീവിക്കണം എന്നു കാണിക്കുവാൻ യിസ്രായേൽ മക്കളുടെ ദൃഷ്ടാന്തം ഇവിടെ ഉദ്ധരിക്കുന്നു (സങ്കീ. 95:8-11). എബ്രായ ക്രിസ്ത്യാനികൾ വിശ്വാസത്യാഗത്തിലുള്ള ആപത്ത് മനസ്സിലാക്കി ക്രിസ്തുവിൽ ഉറച്ചു നിൽക്കുവാനുള്ള പ്രബോധനമാണ് ഇവിടെ കാണുന്നത്. പഴയനിയമവും പുതിയനിയമവും പരിശുദ്ധാത്മാവിന്റെ അരുളപ്പാടാകുന്നു. വിശ്വാസികൾക്കുള്ള താക്കീതാണ് ഇവിടെ കാണുന്നത്. നിങ്ങൾ ഹൃദയങ്ങളെ കഠിനമാക്കരുത്. നിങ്ങൾക്കു ദുഷ്ടഹൃദയം ഉണ്ടാകരുത്. യിസ്രായേൽ മരുഭൂമിയിൽ ദൈവത്തെ പരീക്ഷിച്ചു. ദൈവത്തിന്റെ പ്രവൃത്തികൾ കണ്ടിട്ടും അവനോടു മത്സരിച്ചു. യിസ്രായേലിന്റെ മരുഭൂമി പ്രയാണത്തിൽ അവർ ഹൃദയം കഠിനപ്പെടുത്തിക്കൊണ്ടേയിരുന്നു (പുറ. 17:1-7; സംഖ്യാ. 20:1-13). ദൈവത്തിന്റെ കരുതലും പരിപാലനവും അനുഭവിച്ചവരായിരുന്നു യിസ്രായേൽ. അവന്റെ അത്ഭുതപ്രവൃത്തികൾ കണ്ടവരാണ്. അവർക്ക് ദാഹിച്ചപ്പോൾ പാറയിൽ നിന്നും വെള്ളം പുറപ്പെടുവിച്ചു കൊടുത്തു. ഭക്ഷിക്കുവാൻ സ്വർഗ്ഗീയ ഭോജനമായ മന്ന അവർക്ക് ആവശ്യാനുസരണം വിതരിക്കൊടുത്തു. മേഘസ്തംഭത്തിലും അഗ്നിസ്തംഭത്തിലും അവരെ പരിപാലിച്ചുനടത്തി. ബിലെയാമിന്റെ ശപിക്കുവാനുള്ള പരിശ്രമത്തെ അനുഗ്രഹമായി തീർത്തു. എങ്കിലും അവന്റെ ഉപദേശമാണ് അവർ സ്വീകരിച്ചത്. അവർ തെറ്റിപ്പോകുന്ന ദുഷ്ടഹൃദയം ഉള്ളവരായിരുന്നു. അവർ ദൈവത്തോടു മത്സരിച്ചു. ദൈവത്തെ പരീക്ഷിച്ചു. അവർ ദൈവത്തെ ത്യജിച്ചുകളയുന്നവർ ആയിരുന്നു. ഏതു കാലത്തും ആർക്കും ഇതു സംഭവിക്കാവുന്നതാണ്. യിസ്രായേൽ മക്കളോടു ദൈവം ദീർഘക്ഷമ ഉള്ളവനായിരുന്നു. എങ്കിലും അവർ വീണ്ടും വീണ്ടും തെറ്റിപ്പോകുന്ന ദുഷ്ടഹൃദയം ഉള്ളവരായി. അതുകൊണ്ടു ദൈവം തന്റെ ക്രോധത്തിൽ അവരോടു നീരസപ്പെട്ടു. അവന്റെ സ്വസ്ഥതയിൽ പ്രവേശിക്കയില്ലെന്നു സത്യം ചെയ്തു. ക്രിസ്തുവിൽ സമ്പൂർണ്ണമായി ആശ്രയിച്ചു നമ്മെ സമർപ്പിക്കുന്നില്ലെങ്കിൽ നാം

ദുഷ്ടഹൃദയമുള്ളവരായി തീരാവുന്നതാണ്.

അവിശ്വാസമുള്ള തലമുറ ദൈവത്തിന്റെ സ്വസ്ഥതയിൽ പ്രവേശിക്ക യില്ല. ദൈവവചനം അനുസരിക്കാത്തവർ രക്ഷാനിർണ്ണയം ഉള്ളവരായിരിക്കുകയില്ല. അതുകൊണ്ടു രക്ഷിക്കപ്പെട്ടവർ തെറ്റുചെയ്യുകയില്ല എന്ന് അർത്ഥം വരുന്നില്ല. യഥാർത്ഥ വിശ്വാസം നിലനിൽക്കുന്ന വിശ്വാസം ആയിരിക്കും. പത്രൊസു പിശാചിനാൽ പരീക്ഷിക്കപ്പെട്ടു. കർത്താവു പത്രൊസി നോടു പറയുന്നത്, "ഞാനോ നിന്റെ വിശ്വാസം പൊയ്പ്പോകാതിരിപ്പാൻ നിനക്കു വേണ്ടി അപേക്ഷിച്ചു" എന്നത്രെ (ലൂക്കൊ. 22:31,32). മറ്റൊരു സന്ദർഭത്തിൽ പത്രൊസ് അല്പവിശ്വാസിയായി നിലവിളിച്ചു. കർത്താവു കൈനീട്ടി മുങ്ങിത്തുടങ്ങിയ പത്രൊസിനെ പിടിച്ചു രക്ഷപ്പെടുത്തി (മത്താ. 14:27-32). കർത്താവു തനിക്കുള്ളവരെ അറിയുന്നു. അവരെ രക്ഷിച്ചു പരിപാലിക്കുവാൻ കഴിവും മനസ്സും ഉള്ള ശ്രേഷ്ഠ മഹാപുരോഹിതൻ ക്രിസ്തു മാത്രമാകുന്നു.

അവിശ്വാസമുള്ള ദുഷ്ടഹൃദയം നമുക്കുണ്ടാകരുത്. നാം ദൈവത്തോടു കണക്കുബോധിപ്പിക്കേണ്ടവൻ ആകുന്നു (10:31). അതു നമ്മെ ആത്മിക വിഷയങ്ങളിൽ ഉത്സാഹമില്ലാത്തവർ ആക്കും (6:12). സഭായോഗങ്ങളെ ഉപേക്ഷയായി നാം വിചാരിക്കും (10:24). ആരാധനയിൽ സംബന്ധിച്ചാലും അതു വെറും ബാഹ്യചടങ്ങായി പരിണമിക്കും (മത്താ. 15:8,9). ദുഷ്ടഹൃദയം മറ്റുള്ളവരുടെ ന്യൂനതകൾ കണ്ടു കൊട്ടിഘോഷിക്കും (മത്താ. 7:3). ദുഷ്ടന്മാരോടുള്ള കൂട്ടുകെട്ടിൽ നാം രസിക്കുന്നവർ ആകും (സങ്കീ. 1:1). ദുർന്നട പ്പിൽ രസിക്കുന്നവർ ആകും (എഫെ. 5:12). പാപപരിചയം മൂലം മനസ്സാക്ഷി തഴമ്പിച്ച സ്ഥിതിയിൽ കഴിയും (1 തിമൊ. 4:2).

വിശ്വാസത്യാഗം സംഭവിക്കാതിരിക്കുവാൻ ക്രിസ്തുവിനോടുള്ള ഏകാഗ്രത ആവശ്യമാകുന്നു (3:13). പാപത്തിന്റെ ചതിയാൽ ഹൃദയം കഠിനപ്പെട്ടു പോകാവുന്നതാണ്. അങ്ങനെ സംഭവിക്കാതിരിക്കുവാൻ നാം അന്യോന്യം പ്രബോധിപ്പിക്കുന്നവർ ആകണം. പാപത്തിന്റെ ചതി, ക്രിസ്തുവിനോടുള്ള ഏകാഗ്രത വിട്ട് മനസ്സു വഷളായി പോകുന്ന അനുഭവമാണ്. സാത്താൻ അതിനായി സദാ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. തനിയെ ഇരിക്കുമ്പോഴാണ് വഞ്ചിക്കുവാൻ സാദ്ധ്യത കൂടുതലുള്ളത്. അതുകൊണ്ടു ദൈവജനം കൂടിവന്ന് അന്യോന്യം പ്രബോധിപ്പിക്കുന്നവർ ആകണം.

എബ്രായ ക്രിസ്ത്യാനികൾ ക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ടവരാണ്. ആ ആദ്യവിശ്വാസം മുറുകെ പിടിച്ചുകൊള്ളണം എന്ന് ഇവിടെ ആഹ്വാനം ചെയ്യുന്നു. അവർ ക്രിസ്തുവിൽ പങ്കാളികളായി തീർന്നവരാണ്. ക്രിസ്തുവിനെക്കുറിച്ചുള്ള അറിവല്ല രക്ഷ. സാത്താനും ക്രിസ്തുവിനെക്കുറിച്ച് അറിവുള്ളവനാണ് (യാക്കോ. 2:19). ക്രിസ്തീയ ജീവിതം ക്രിസ്തുവിൽ ആയിത്തീരുന്ന അനുഭവമാകുന്നു (2 കൊരി. 5:17; ഗലാ. 2:20). അത് ഒരു ജീവൽ ബന്ധമാണ്. വിശ്വാസികൾ ആ ബന്ധത്തിൽ പ്രവേശിച്ചിരിക്കുന്നു. ആ ദിവ്യബന്ധത്തിൽ അവസാനത്തോളം നിലനിൽക്കുവാൻ ആഹ്വാനം ചെയ്തിരിക്കുന്നു. ദൈവമക്കൾ ഒരു ശരീരത്തിന്റെ അവയവങ്ങൾ ആകുന്നു (1 കൊരി. 12:27). അതുകൊണ്ടു നാം അന്യോന്യം ഹൃദയം തണുപ്പിക്കുന്നവർ ആകണം (ഫിലേ. 7). സൽപ്രവൃത്തികൾക്ക് അന്യോന്യം ഉത്സാഹിപ്പിക്കുവാൻ നാം കടപ്പെട്ടവർ ആകുന്നു (10:25).

അവിശ്വാസമുള്ള ദുഷ്ടഹൃദയത്തിനു സംഭവിക്കുന്ന ആപത്തിനെക്കുറിച്ചു മുന്നറിയിപ്പു നൽകിക്കൊണ്ട് ഈ അദ്ധ്യായം അവസാനിക്കുന്നു. ക്രിസ്തുവിൽ വിശ്വസിക്കാതിരിക്കുന്നതത്രെ ഏറ്റവും വലിയ പാപം (യോഹ. 16:9). അവർ നിത്യജീവൻ പ്രാപിച്ചവരല്ല. ക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ടവർ സ്വർഗ്ഗീയ പൗരന്മാരാകുന്നു. അവർ ദൈവവചനം അനുസരിക്കാതെ ജീവിക്കുന്നതിനാൽ ആത്മീയ സന്തോഷവും അനുഗ്രഹങ്ങളും നഷ്ടപ്പെട്ടവരായി തീരുന്നു. ഇന്ന് ആത്മിക സ്വസ്ഥത അവർ അനുഭവിക്കുന്നില്ല. അങ്ങനെ സംഭവിക്കാതിരിക്കുവാൻ കർത്താവു നമ്മെ സഹായിക്കട്ടെ.

## അദ്ധ്യായം 4

### ക്രിസ്തുവിലുള്ള സ്വസ്ഥത (4:1-13)

യിസ്രായേൽ മക്കൾക്കു കനാൻദേശം വാഗ്ദത്തം ചെയ്തിരുന്നു (ആവ. 25:19). അവരെ മോശെ നയിച്ചു എങ്കിലും അവരുടെ അവിശ്വാസം മൂലം ആ തലമുറയ്ക്കു കനാൻദേശം കൈവശമാക്കുവാൻ കഴിഞ്ഞില്ല. യോശുവ അടുത്ത തലമുറയെ കനാനിലേക്കു നയിച്ചു. മോശെയുടെ തലമുറയ്ക്കു സംഭവിച്ചതു നമുക്കു ഭയനിർദ്ദേശം നൽകുന്നു. ബൈബിളിൽ പല സ്വസ്ഥത കളെക്കുറിച്ചു സൂചിപ്പിക്കുന്നുണ്ട്. സൃഷ്ടികർമ്മത്തിലെ സ്വസ്ഥത (4:3,4). ശബ്ബത്ത് എന്ന സ്വസ്ഥത (4:9). ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ ഉണ്ടാകുന്ന ആശ്വാസം (rest). അതു നമ്മെ ദൈവത്തോടു സമാധാനം ഉള്ളവരാക്കുന്നു. അവനെ അനുസരിച്ച് അനുഗമിക്കുന്നവർക്കുള്ള സ്വസ്ഥത (മത്താ. 11:28,29). അതു നമ്മെ ക്രിസ്തുവിന്റെ സമാധാനം ഉള്ളവരാക്കുന്നു. ക്രിസ്തുവിനോടു കൂടെ നാം ആയിരിക്കുമ്പോൾ ലഭിക്കുന്ന സ്വസ്ഥതയും ഉണ്ട് (വെളി. 14:13).

എബ്രായ ക്രിസ്ത്യാനികൾ ക്രിസ്തുവിലുള്ള സ്വസ്ഥതയുടെ വാഗ്ദത്തം ലഭിച്ചവരായിരുന്നു. യിസ്രായേൽ മക്കൾക്കും ആ വാഗ്ദത്തം ലഭിച്ചിരുന്നു. എന്നാൽ അതിന് അവർ കനാൻദേശത്തു പ്രവേശിക്കയും ശത്രുക്കളെ പരാജയപ്പെടുത്തി ദേശം കൈവശം ആക്കയും വേണ്ടിയിരുന്നു. അവർ കേട്ട വചനം വിശ്വസിച്ചില്ല. സുവിശേഷം കേട്ടതുകൊണ്ടു മാത്രം പ്രയോജനം ഇല്ല. അതു ഹൃദയത്തിൽ വിശ്വാസമായി പരിണമിക്കണം. അപ്പോൾ മാത്രമേ

ഫലമുണ്ടാകയുള്ളൂ. യേശുക്രിസ്തു നൽകുന്ന സ്വസ്ഥത ഭൗമികമല്ല. യോശുവ യിസ്രായേൽ മക്കൾക്കു നൽകിയ സ്വസ്ഥത ക്രിസ്തുവിലുള്ള സ്വസ്ഥതയുടെ മങ്ങിയ നിഴൽ മാത്രമായിരുന്നു. ദൈവത്തിന്റെ സ്വസ്ഥത വിശുദ്ധീക രിക്കപ്പെട്ട സ്വസ്ഥതയായിരുന്നു. ദൈവത്തിനുവേണ്ടി വേർതിരിക്കപ്പെട്ട സ്വസ്ഥത എന്നും അതിന് അർത്ഥമുണ്ട് (ഉല്പ. 2:3). ദൈവവുമായി വിശ്വാസത്താൽ ബന്ധപ്പെടുകയും അവന്റെ കല്പനകൾ അനുസരിക്കയും ചെയ്യുന്ന വർക്കു ലഭിക്കുന്ന സൗഭാഗ്യത്തെയാണ് സ്വസ്ഥത എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത്. ഏതു കാലത്തു ജീവി ക്കുന്നവർക്കും ആ സ്വസ്ഥത അനുഭവിക്കു വാൻ കഴിയും. അതിനെ ശബ്ബത്തനുഭവമായി വിശേഷിപ്പിച്ചിരിക്കുന്നു. അതു ശബ്ബത്താചരണത്തിനുള്ള കല്പനയല്ല. ക്രിസ്തുവിനെ വിശ്വസിച്ചനുസരിക്കുന്നവർക്കുള്ള ആത്മീയ അനു ഭവം ആകുന്നു. അവർ ക്രിസ്തുവിലുള്ള സമാധാനവും സന്തോഷവും നിറഞ്ഞ ജീവിതം നയിക്കും. ആ അനുഭ വമുള്ള വരാകുവാൻ നാം ഉത്സാഹിക്കണം. നാം വചനം കേട്ടതുകൊണ്ടു തൃപ്തിപ്പെടാതെ അത് അനുസരിക്കു ന്നവർ ആകണം (യാക്കോ. 1:22). യോശുവ നൽകിയ സ്വസ്ഥത പൂർണ്ണമായിരുന്നില്ല. ക്രിസ്തുവിലൂടെ ലഭിക്കുന്ന സ്വസ്ഥത സമ്പൂർണ്ണമാണ്. ഇന്നു നാം അത് അനുഭവിക്കുന്നെങ്കിലും പൂർണ്ണമാകുന്നതു നിത്യതയിൽ മാത്രമാണ്. ഇന്നു നമുക്കു പോരാട്ടം ഉണ്ട്. അതു ജഡരക്തങ്ങളോടല്ല; സാത്താന്യശക്തികളോടാണ് (എഫെ. 6:12). നമുക്കു സ്വന്തശക്തികൊണ്ടു പോരാടുവാൻ കഴിയുന്നതല്ല. അതിനു നാം ദൈവ ത്തിന്റെ സർവ്വായുധവർഗ്ഗം ധരിക്കുവാൻ ആജ്ഞാപിച്ചിരിക്കുന്നു (എഫെ. 6:11).

ക്രിസ്തുവിൽനിന്നും ലഭിക്കുന്ന സ്വസ്ഥത അനുഭവിക്കുവാൻ നാം ദൈവവചനം കേൾക്കയും അനുസരി ക്കയും ചെയ്യണം. ദൈവവചനത്തിൽ കൂടിയാണ് ദൈവം ഇന്നു സംസാരിക്കുന്നത്. വചനം ജീവനും ചൈത ന്യവും ഉള്ളതാണ് (പ്രവൃ. 7:38). അതു നിത്യജീവന്റെ മൊഴിയാകുന്നു (യോഹ. 5:39). ക്രിസ്തുവിനെ വെളിപ്പെ ടുത്തുന്നതാകുന്നു (റോമ. 1:1,2). അത് ഇരുവായ്ത്തലയുള്ള വാളാകുന്നു. പാപബോധം നൽകുന്നതും സാത്താനെ തോല്പിക്കുന്ന ആത്മാവിന്റെ വാളും ആകുന്നു (എഫെ. 6:17). വചനത്തിന് ഒന്നും മറവായിരിക്കുന്നില്ല (യിരെ. 17:9,10; 23:24). വചനമായ ക്രിസ്തു നമ്മെ മുഴുവനായിട്ട് അറിയുന്നു. അവനോടു നാം കണക്കുബോധിപ്പിക്കേണ്ട വർ ആകുന്നു. ഇന്നുതന്നെ നമ്മുടെ കുറവുകൾ അവന്റെ മുൻപാകെ ഏറ്റു പറഞ്ഞു നിരപ്പു പ്രാപിക്കാം. അവന്റെ വചനം അനുസരിക്കാം. അവൻ നൽകുന്ന സ്വസ്ഥതയുടെ അനുഭവക്കാരാകാം. കർത്താവു നമ്മെ സഹായി ക്കട്ടെ.

## ക്രിസ്തു നമ്മുടെ ശ്രേഷ്ഠമഹാപുരോഹിതൻ (4:14-5:10)

എബ്രായലേഖനം 4:14 മുതൽ 10:18 വരെയുള്ള വാക്യങ്ങളിൽ ക്രിസ്തുവിന്റെ പൗരോഹിത്യത്തിന്റെ സ്വഭാ വവും ആവശ്യവും വ്യക്തമാക്കുന്നു. ഈ ലേഖനത്തിലെ കാതലായ വിഷയവും അതാണ്. ആദ്യ അദ്ധ്യായങ്ങ ളിൽ ക്രിസ്തു ദൂതന്മാരെക്കാളും, മോശെയെക്കാളും, യോശുവയെക്കാളും ശ്രേഷ്ഠനാകുന്നു എന്നു നാം കാണു കയുണ്ടായി. അവൻ ശ്രേഷ്ഠനായ രാജാവും, പ്രവാചകനും, സ്വസ്ഥത നൽകുന്നവനുമാണ്. രണ്ടാം അദ്ധ്യായ ത്തിൽ ക്രിസ്തുവിനെ വിശ്വസ്ത മഹാപുരോഹിതനായി ചിത്രീകരിച്ചശേഷം അവനെ ശ്രദ്ധിച്ചു നോക്കുവാൻ ആഹ്വാനം ചെയ്യുന്നു (2:17; 3:1).

ക്രിസ്തു വിശ്വാസികളുടെ ശ്രേഷ്ഠമഹാപുരോഹിതൻ ആകുന്നു. അവൻ അഹരോനെക്കാൾ വലിയവൻ ആകുന്നു എന്നു സാരം. പഴയനിയമത്തിലെ പൗരോഹിത്യശുശ്രൂഷയെക്കുറിച്ചു മനസ്സിലാക്കുവാൻ ലേവ്യാപു സ്തകം 8,9,10,16 അദ്ധ്യായങ്ങൾ വായിക്കുന്നതു നന്നായിരിക്കും. യേശുവിനെ മഹാപുരോഹിതനായി സ്വീകരിച്ച വരാണ് എബ്രായ ക്രിസ്ത്യാനികൾ. അവനല്ലാതെ വേറൊരു മഹാപുരോഹിതൻ നമുക്കില്ല (1 തിമൊ. 2:5). അവൻ പ്രത്യാശയും ധൈര്യവും നൽകുന്ന മഹാപുരോഹിതനാണ്. അവനിലുള്ള ആദ്യവിശ്വാസവും പ്രശംസയും നാം മുറുകെപ്പിടിക്കുന്നവർ ആകണം. നമ്മുടെ ബലഹീനതകളിൽ സഹായിപ്പാൻ അവനു മാത്രമേ കഴികയുള്ളൂ. അവൻ ദൈവമനുഷ്യനാണ്. ദൈവത്തെയും മനുഷ്യനെയും തമ്മിൽ ബന്ധമുള്ളവരാക്കുവാൻ ക്രിസ്തുവിനു മാത്രമേ കഴികയുള്ളൂ. ക്രിസ്തു ആകാശത്തിൽ കൂടി കടന്നുപോയ ശ്രേഷ്ഠമഹാപുരോഹിതനാകുന്നു. പിശാചാണ് ഇപ്പോൾ ആകാശത്തിന്റെ അധികാരി. അവനെ സ്വർല്ലോകത്തിലെ ദുഷ്ടാത്മ സേന എന്നു വിളിച്ചിരിക്കുന്നു (എഫെ. 6:12). പുനരുത്ഥാനം ചെയ്ത ക്രിസ്തു സാത്താനെ ജയിച്ചവനാണ്. അവനെ തടസ്സംചെയ്യുവാൻ സാത്താനു കഴിവില്ല. നമ്മുടെ ശ്രേഷ്ഠമഹാപുരോഹിതൻ ആകാശത്തിലൂടെ കടന്നു പോയി സ്വർഗ്ഗത്തിൽ മഹിമാസനത്തിന്റെ വലത്തുഭാഗത്ത് ഇരുന്നു നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു. പിശാചിന്റെ പരീക്ഷകളിലും തന്ത്രങ്ങളിലും നമ്മെ സഹായിപ്പാൻ അവൻ കഴിവുള്ളവനാണ്. അതുകൊണ്ട് അവനിൽ ഉറപ്പും ധൈര്യവും ഉള്ളവരാകുവാൻ നമുക്കു കഴിയണം.

ക്രിസ്തു ഇന്നു വസിക്കുന്നതു കൃപാസനത്തിലാണ്. എന്താണ് കൃപാസനം? അതു ദൈവം വസിക്കുന്ന സ്ഥലമാണ്. ഒരു യെഹൂദന് അതു ദൈവാലയത്തിലെ അതിവിശുദ്ധ സ്ഥലമാകുന്നു. കൃപാസനം സമാഗമനകൂടാ രത്തിലെ അതിവിശുദ്ധ സ്ഥലത്തുണ്ടായിരുന്ന സാക്ഷ്യപെട്ടകത്തിന്റെ മേലുള്ള ദൈവസാന്നിദ്ധ്യം ആണ് (പുറ. 25:8-22). ആണ്ടിൽ ഒരിക്കൽ മഹാപുരോഹിതൻ അവിടെ പ്രവേശിച്ചു തനിക്കും ജനത്തിനും വേണ്ടി പ്രായശ്ചിത്ത രക്തം തളിക്കുമായിരുന്നു (ലേവ്യ 16:1-28). ദൈവം നീതിമാനും വിശുദ്ധനും ആകുന്നു. അവൻ പാപത്തിനു ശിക്ഷ വിധിക്കുന്നവനാണ്. എല്ലാ വർഷവും മഹാപുരോഹിതൻ അതിപരിശുദ്ധ സ്ഥലത്തു പ്രവേശിച്ചു പ്രായശ്ചിത്തരക്തം തളിക്കണമായിരുന്നു. അവന് ഇരിക്കുവാൻ അനുവാദമുണ്ടായിരുന്നില്ല. നമ്മുടെ ശ്രേഷ്ഠ മഹാപുരോഹിതനായ

ക്രിസ്തു ഒരിക്കലായിട്ടു നമുക്കുവേണ്ടി പ്രായശ്ചിത്ത യാഗമായി മരിച്ചു. അവൻ സ്വന്തരക്തം ചിന്തി നമ്മെ എന്നേക്കുമായി വീണ്ടെടുത്തു. ഇപ്പോൾ അവൻ മഹിമാസനത്തിന്റെ വലത്തുഭാഗത്തിരുന്നു പക്ഷവാദം ചെയ്യുന്നു. അതുകൊണ്ട് ഏതു സമയത്തും അവന്റെ അടുക്കൽ നമുക്കു കടന്നുചെല്ലാം. അവന്റെ സാന്നിദ്ധ്യത്തെ മറയ്ക്കുന്ന തിരശീല മേൽത്തൊട്ടു താഴത്തോളം ചീന്തപ്പെട്ടിരിക്കുന്നു. എല്ലാ വിശ്വാസികൾക്കും സമയഭേദമെന്യേ ധൈര്യത്തോടെ കടന്നുചെല്ലാൻ കഴിയുന്ന സ്ഥലമാണ് കൃപാസനം. കർത്താവിന്റെ സാന്നിദ്ധ്യം എവിടെയും അനുഭവിക്കുവാൻ കഴിയുന്നതാണ്.

നാം കരുണ ലഭിപ്പാൻ കൃപാസനത്തിങ്കൽ വരണം. സഹായത്തിനുള്ള കൃപയും അവിടെ ധാരാളം ഉണ്ട്. കർത്താവു പരീക്ഷിക്കപ്പെടുന്നവരോടു കരുണയുള്ള മഹാപുരോഹിതനാണ് (2:17). നാം ബലഹീനതയുള്ളവരാണ്. അവിശ്വാസവും സംശയവും നിരാശയും നമ്മെ ബാധിക്കാവുന്നതാണ്. ദൈവം കരുണയുള്ളവനാകയാൽ നമുക്ക് അർഹമായ ശിക്ഷ ലഭിക്കുന്നില്ല. നമ്മുടെ കുറവുകൾ അവൻ ക്ഷമിക്കുന്നു. കൃപ നമ്മെ ബലഹീനതകളിൽ ശക്തിയുള്ളവരാക്കുന്നു (2 കൊരി. 12:9). അങ്ങനെ നാം കർത്താവിനെ സേവിക്കുവാൻ പ്രാപ്തരാകുന്നു. നാം കൃപയാൽ വിശ്വാസം മൂലം രക്ഷിക്കപ്പെടുന്നു (എഫെ. 2:8). ക്രിസ്തീയ ജീവിതവും കൃപയാൽ നയിക്കേണ്ടതാണ് (ഗലാ. 2:21). ദൈവകൃപയുടെ ശക്തി അനുഭവിക്കുന്നവർക്കു മാത്രമേ കർത്താവിനെ സേവിക്കുവാൻ കഴികയുള്ളൂ (1 കൊരി. 15:10). ക്രിസ്തു നമ്മുടെ ശ്രേഷ്ഠമഹാപുരോഹിതനായിട്ടുള്ളതിനാൽ അവനിലുള്ള വിശ്വാസം ത്യജിക്കുവാൻ ആവശ്യമില്ല. നമ്മുടെ പരീക്ഷകളിലും പീഡനങ്ങളിലും അവനു നമ്മെ സഹായിക്കുവാൻ കഴിയും. പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി അവൻ പരീക്ഷിക്കപ്പെട്ടവനാണ്. അവനു നമ്മെ സഹായിപ്പാൻ മനസ്സും ശക്തിയും ഉണ്ട്. തത്സമയത്തു സഹായത്തിനുള്ള കൃപ പ്രാപിപ്പാൻ ധൈര്യത്തോടെ ആ കൃപാസനത്തെ നമുക്കു സമീപിക്കാം.

## അദ്ധ്യായം 5

### ശ്രേഷ്ഠമഹാപുരോഹിതനായ ക്രിസ്തുവിന്റെ പ്രത്യേകതകൾ (5:1-10)

ക്രിസ്തുവിന്റെ മഹാപൗരോഹിത്യശുശ്രൂഷയെക്കുറിച്ചുള്ള അറിവു വിശ്വാസത്തിൽ നിലനിൽക്കുവാൻ ആവശ്യമാകുന്നു. പഴയനിയമത്തിൽ കാണുന്ന ലേവ്യാപൗരോഹിത്യം ദൈവം നിയമിച്ചതും ക്രിസ്തുവിന്റെ നിഴലും ആകുന്നു. അവന്റെ യാഗമരണം സമ്പൂർണ്ണവും പൗരോഹിത്യം നിത്യവുമാണ്. പാപക്ഷമ വിലയുള്ളതാണ്. രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനം ഇല്ല (റോമ. 6:23; എബ്രാ. 9:22). പാപിയായ മനുഷ്യനുവേണ്ടി യാഗവും വഴിപാടും അർപ്പിക്കുവാൻ ദൈവത്താൽ നിയോഗിക്കപ്പെട്ടവനായിരുന്നു അഹരോൻ. അവൻ മനുഷ്യനിൽനിന്നുള്ളവൻ ആയിരിക്കണം. മഹാപുരോഹിതൻ പാപികളോടു സഹതാപം കാണിക്കുവാൻ കഴിവുള്ളവൻ ആയിരിക്കണം. അതുപോലെ തനിക്കുവേണ്ടിയും യാഗം അർപ്പിക്കുവാൻ ആവശ്യമുള്ളവനായിരുന്നു അഹരോൻ. ദൈവം കല്പിച്ച പ്രകാരവും മനോഭാവത്തോടെയും അർപ്പിക്കുന്ന യാഗങ്ങൾ മാത്രമേ ദൈവം സ്വീകരിക്കയുള്ളൂ. പുരോഹിത ശുശ്രൂഷ സ്വന്തമായി എടുക്കുവാൻ ശൗൽ, കോരഹ്, ഉസ്സീയാ രാജാവു തുടങ്ങിയവർ ശ്രമിച്ചതിന്റെ ഫലമായി ദൈവത്തിന്റെ ന്യായവിധി അവരുടെ മേൽ ഉണ്ടായി. ദൈവത്തിന്റെ വിശുദ്ധിയുടെയും നീതിയുടെയും പ്രമാണങ്ങളുടെ മുൻപിൽ നാം എത്രമാത്രം കരുതലുള്ളവരായിരിക്കണം എന്ന് ഇതു കാണിക്കുന്നു.

ക്രിസ്തുവും മനുഷ്യരുടെ ഇടയിൽനിന്നും നിയമിക്കപ്പെട്ടവനായിരുന്നു. അവൻ മനുഷ്യനായ ദൈവപുത്രൻ ആണ്. ക്രിസ്തുവിനു മാത്രമേ പാപിയായ മനുഷ്യനെയും പരിശുദ്ധനായ ദൈവത്തെയും തമ്മിൽ ബന്ധിപ്പിക്കുവാൻ കഴികയുള്ളൂ (1 തിമൊ. 2:5). മനുഷ്യരായ മഹാപുരോഹിതന്മാരുടെ മാന്യതയെക്കുറിച്ചും പോരായ്മകളെക്കുറിച്ചും പറഞ്ഞിട്ടുള്ളതു ക്രിസ്തുവിന്റെ മഹാപൗരോഹിത്യശുശ്രൂഷയുടെ ശ്രേഷ്ഠത വെളിപ്പെടുത്തുവാനാകുന്നു. മനുഷ്യരായ മഹാപുരോഹിതന്മാർ തങ്ങൾക്കു വേണ്ടി പാപയാഗം അർപ്പിക്കുവാൻ ആവശ്യമുള്ളവരായിരുന്നു. ക്രിസ്തു പാപരഹിതൻ ആയിരുന്നതുകൊണ്ട് അതിന്റെ ആവശ്യം ഉണ്ടായിരുന്നില്ല (7:27). അപ്പോൾ തന്നെ പാപം ഒഴികെ സകലത്തിലും പരീക്ഷിക്കപ്പെട്ടവനാകയാൽ നമ്മോടു സഹതാപം കാണിക്കുവാൻ കഴിവും ഉള്ളവനാകുന്നു (4:15).

ക്രിസ്തു നമ്മുടെ ശ്രേഷ്ഠമഹാപുരോഹിതനാകുവാൻ ദൈവത്താൽ നിയമിക്കപ്പെട്ടവനാണ്. ഇതു തെളിയിക്കുവാൻ സങ്കീർത്തനം 110:4 ഉദ്ധരി ച്ചിരിക്കുന്നു. ആ പദവി ക്രിസ്തു സ്വതവേ എടുത്തതല്ല. 'ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു' (5:5) എന്നുള്ള പ്രസ്താവന 2-ാം സങ്കീർത്തനത്തിൽ നിന്നുള്ള ഉദ്ധരണിയാണ് (2:7). അതു ക്രിസ്തുവിന്റെ പുനരുത്ഥാനത്തെ കാണിക്കുന്നു (പ്രവൃ. 13:33,34). അവൻ എന്നേക്കുമുള്ള മഹാപുരോഹിതനാണ്. രണ്ടാമതായി രാജകീയ മഹാപുരോഹിതനും ആകുന്നു. മല്ക്കീസേദെക്കിന്റെ ക്രമപ്രകാരമുള്ള പുരോഹിതൻ ആകുന്നു. ക്രിസ്തുവിൽ മാത്രമാണ് രാജത്വവും പൗരോഹിത്യവും ഒന്നിച്ചു സമ്മേളിക്കുന്നത്. നിത്യതയിലും നിലനിൽക്കുന്ന പൗരോഹിത്യമാണ് ക്രിസ്തുവിനുള്ളത്. അവൻ അഹരോനെക്കാൾ ശ്രേഷ്ഠനാകുന്നു. ഈ ശ്രേഷ്ഠമഹാപുരോഹിതൻ നമുക്കായി ജീവിക്കുന്നതിനാൽ നിരാശയ്ക്കും പിൻമാറ്റത്തിനും ആവശ്യമില്ല. അവനെ സമീപിക്കുന്നവർക്കു ധാരാളം കൃപയും കരുണയും നൽകുവാൻ ക്രിസ്തു മനസ്സുള്ളവൻ ആകുന്നു.

5-ാം അദ്ധ്യായം 7 മുതലുള്ള വാക്യങ്ങളിൽ ക്രിസ്തു തന്നിൽ ആശ്രയിക്കുന്നവരോടു സഹതാപം കാണിക്കുവാൻ എങ്ങനെ പ്രാപ്തനായി എന്നു ചൂണ്ടിക്കാണിക്കുന്നു. പുത്രൻ എങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങ

ളാൽ അനുസരണം പഠിച്ചു. നിത്യതയിൽ ക്രിസ്തു പിതാവിനെ സമ്പൂർണ്ണമായി അനുസരിക്കുന്ന ദൈവപുത്രനായിരുന്നു. മനുഷ്യനായി തീർന്ന ക്രിസ്തു മനുഷ്യന്റെ പരീക്ഷകൾ മനസ്സിലാക്കി നമ്മോട് ഏകീഭവിക്കുവാൻ അനുസരണമുള്ളവനായി. മരണത്തോളം അനുസരണം ഉള്ളവനാകുവാൻ ക്രിസ്തു മനസ്സുള്ളവനായിരുന്നു. ഗെത്ത്ശെമന തോട്ടത്തിലെ പ്രാർത്ഥനയാണ് ഇവിടെ എടുത്തുകാണിക്കുന്നത്. പാനപാത്രം നീക്കുവാനായിരുന്നു പ്രാർത്ഥിച്ചത്. ഭയഭക്തിയോടെ പ്രാർത്ഥിച്ചു. പിതാവിനു തന്റെ ക്രൂശുമരണം നീക്കുവാൻ കഴിവുണ്ടെന്നു തനിക്കു ബോധമുണ്ടായിരുന്നു. എന്നാൽ പിതാവിന്റെ ഇഷ്ടം നിവർത്തിക്കുവാൻ താൻ സ്വയം സമർപ്പിച്ചു (ലൂക്കൊ. 22:42). അങ്ങനെ അനുസരണം പഠിച്ചു നമ്മെ സഹായിക്കുവാൻ കഴിവുള്ളവനായി അഥവാ യോഗ്യത ഉള്ളവനായി. ക്രിസ്തു നിത്യരക്ഷയുടെ കാരണഭൂതനാണ്. പഴയനിയമത്തിലെ മഹാപുരോഹിതന്മാർക്കു നിത്യരക്ഷ നൽകുവാൻ കഴിയുമായിരുന്നില്ല. പുത്രൻ പിതാവിനെ മഹത്വപ്പെടുത്തിയതു ക്രൂശിലെ മരണം സഹിച്ചതിനാലാണ്. പിതാവും പുത്രനെ മഹത്വപ്പെടുത്തിയിരിക്കുന്നു. അതു ക്രിസ്തുവിന്റെ പുനരുത്ഥാനത്തിൽ കാണാം. അതായിരിക്കാം ക്രിസ്തുവിന്റെ ഭയഭക്തി നിറഞ്ഞ പ്രാർത്ഥനയ്ക്കു ലഭിച്ച ഉത്തരം. അവൻ നമ്മുടെ ശ്രേഷ്ഠമഹാപുരോഹിതനായി എന്നേക്കും ജീവിക്കുന്നു.

### ആത്മീയ വളർച്ചയ്ക്കുള്ള ആഹ്വാനം (5:11-6:3)

എബ്രായ ക്രിസ്ത്യാനികൾ രക്ഷിക്കപ്പെട്ടവർ ആയിരുന്നെങ്കിലും ആത്മീയ ശൈശവാവസ്ഥയിൽ കഴിഞ്ഞിരുന്നു. ദൈവവചനത്തിലെ ആദി പാഠങ്ങളായ മാനസാന്തരം, വിശ്വാസം, സ്നാനം, ഉയിർത്തെഴുന്നേല്പ്, ന്യായവിധി എന്നിവയിൽ സംതൃപ്തിപ്പെട്ടു കഴിഞ്ഞിരുന്നു. ക്രിസ്തുവിന്റെ ശ്രേഷ്ഠമഹാപൗരോഹിത്യത്തെക്കുറിച്ചുള്ള പരിജ്ഞാനപൂർത്തി പ്രാപിക്കുവാൻ അവർ പരാജയപ്പെട്ടു. ന്യായപ്രമാണമാകുന്ന ശിശുപാലകന്റെ കീഴിൽ കഴിയുവാൻ അവർ താല്പര്യമുള്ളവരായിരുന്നു (ഗലാ. 3:24-26). ന്യായപ്രമാണ ത്തിന്റെ നിർജ്ജീവ പ്രവൃത്തികൾക്കു മനസ്സാക്ഷിയെ ശുദ്ധീകരിക്കുവാൻ കഴിയുന്നതല്ല. ദൈവത്തിൽ വിശ്വസിച്ചതുകൊണ്ടു പരിജ്ഞാനപൂർത്തി വരികയില്ല. ക്രിസ്തു പിതാവിനെ വെളിപ്പെടുത്തി. അവനിൽക്കൂടി പിതാവിനെ അറിയുകയും ബന്ധപ്പെടുകയും ചെയ്യുന്നതാണ് ഇന്ന് ആവശ്യം. അനുഷ്ഠാന ങ്ങൾ ജഡിക ശുദ്ധി വരുത്തുന്ന നിയമങ്ങൾ മാത്രമായിരുന്നു. ഹൃദയത്തിൽ നിന്നുള്ളതായിരുന്നില്ല ആ സമ്പ്രദായങ്ങൾ (9:13,14). രക്ഷിക്കപ്പെട്ടവർ സ്നാനപ്പെടണം എന്നു ബൈബിൾ പ്രസ്താവിക്കുന്നു (മത്താ. 28:19,20). ക്രിസ്തുവിന്റെ മരണപുനരുത്ഥാനത്താൽ ഒരുവൻ നീതീകരിക്കപ്പെട്ടു എന്നുള്ളതിന്റെ സാക്ഷ്യമാണ് യഥാർത്ഥ ക്രിസ്തീയ സ്നാനം. യെഹൂദന്മാർ കൈവെപ്പ്, മരിച്ചവരുടെ പുനരുത്ഥാനം, ന്യായവിധി എന്നിവയിലും വിശ്വസിച്ചിരുന്നു. അങ്ങനെയുള്ള ആദിപാഠങ്ങൾ പരിജ്ഞാനപൂർത്തി ഉളവാക്കുന്നവയല്ല. അതിൽനിന്നുമുള്ള വേർപാട് ആത്മിക വളർച്ച പ്രാപിക്കുവാൻ ആവശ്യമാകുന്നു.

എബ്രായ ക്രിസ്ത്യാനികൾ പത്രൊസിന്റെ പ്രസംഗം കേട്ടു രക്ഷിക്ക പ്പെട്ടവർ ആയിരുന്നു. യെരൂശലേമിലെ സഭ ഒന്നാമത്തെ സഭയും അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടതുമാണ്. അവർ വിശുദ്ധന്മാരെ ശുശ്രൂഷിക്കുന്നതിൽ തല്പരരായിരുന്നു (6:10). എന്നാൽ ഇപ്പോൾ അവർക്ക് ആത്മീയ മാന്ദ്യം സംഭവിച്ചിരിക്കുന്നു. കാലം നോക്കിയാൽ അവർ ഉപദേഷ്ടാക്കന്മാർ ആയിരിക്കേണ്ടവർ ആണ്. എന്നാൽ അവർ ദൈവവചനത്തിലെ ആദിപാഠങ്ങൾ മാത്രം ഗ്രഹിപ്പാൻ പ്രാപ്തി ഉള്ളവരായി ആത്മീയ ശൈശവത്തിൽ കഴിയുന്നു. അവർ വചനം കേൾക്കുന്നവരെങ്കിലും അത് അനുസരിക്കുവാൻ മനസ്സുള്ളവരല്ല. വചനകേൾവി വെറും ബോറിങ്ങായി പരിണമിച്ചിരിക്കുന്നു. വചനം മറ്റുള്ളവരോട് അറിയിക്കുവാൻ അവർ ലജ്ജിക്കുന്നു. അതിനുള്ള പരിജ്ഞാന പൂർത്തിക്കായിട്ട് ആഗ്രഹിക്കുന്നില്ല. അതിന്റെ മൂലകാരണം വചനം കേൾക്കുവാനുള്ള മടിയാണ്. തൽഫലമായി വിശ്വാസികൾ ജഡികന്മാരായി തീരുന്നു (1 കൊരി. 3:1-3). നന്മതിന്മകളെ വിവേചിക്കുവാൻ കഴിവില്ലാത്തവർ ആകുന്നു. ആത്മീയമായി വിവേചിക്കുവാൻ കഴിവുള്ളവർക്കു മാത്രമേ ദൈവഭക്തിയുള്ളവരാകുവാൻ കഴികയുള്ളൂ (1 തിമൊ. 4:7). അവർ ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ അലഞ്ഞുഴലുന്നവർ ആകാതെ ക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനപൂർത്തി പ്രാപിക്കും (എഫെ. 4:14-16). കർത്താവ് അതിനു നമ്മെ ഏവരേയും സഹായിക്കട്ടെ.

## അദ്ധ്യായം 6

വിശ്വാസത്യാഗത്തിനെതിരെ താക്കീതു നൽകുന്ന അദ്ധ്യായങ്ങളാണ് 6 ഉം 10 ഉം അദ്ധ്യായങ്ങൾ. വിശ്വാസികളുടെ മദ്ധ്യത്തിൽ ഈ അദ്ധ്യായങ്ങളെ ക്കുറിച്ച് അഭിപ്രായവ്യത്യാസം ഉള്ളതായി കാണാം. ദൈവവചനത്തിൽ ഗ്രഹിക്കുവാൻ പ്രയാസമുള്ള ഭാഗങ്ങൾ ഉണ്ട് (5:11). എന്നാൽ അതു ദൈവാത്മാവിന്റെ സഹായത്താൽ തിരുവെഴുത്തിൽ കൂടി പഠിക്കുവാനുള്ള ഉത്തരവാ ദിത്വം നമുക്കുണ്ട്. അതാണ് 6:2-ാം വാക്യംകൊണ്ടുള്ള ആശയം. കർത്താവ് അതിനു നമ്മുടെ ആത്മീയ ദൃഷ്ടിയെ തുറക്കുമാറാകട്ടെ (ലൂക്കൊ. 24:31).

ഈ പ്രബോധനം നൽകിയിരിക്കുന്നത് എബ്രായ ക്രിസ്ത്യാനികൾ ക്കാണ്. അവർ രക്ഷിക്കപ്പെട്ടവരും ആത്മീയ ശൈശവാവസ്ഥയിൽ കഴിയുന്ന വരുമാണ്. 5-ാം അദ്ധ്യായം 11 മുതൽ 6-ാം അദ്ധ്യായം 9 വരെയുള്ള വാക്യങ്ങളിൽ നിങ്ങൾ, നാം, അവർ എന്നീ മൂന്നു പദങ്ങൾ കാണാം. നിങ്ങൾ എബ്രായ ക്രിസ്ത്യാനികളെയും നാം എഴുത്തുകാരൻ ഉൾപ്പെട്ട കൂട്ടത്തെയും അവർ മറ്റൊരു കൂട്ടത്തെയും കാണിക്കുന്നു. അവർ പ്രകാശനം ലഭിച്ചവരും, സ്വർഗ്ഗീയ ദാനം ആസ്വദിച്ചവരും, പരിശുദ്ധാത്മാവിനെ പ്രാപിച്ചവരും, ദൈവത്തിന്റെ നല്ല വചനവും വരുവാനുള്ള

ലോകത്തിന്റെ ശക്തിയും ആസ്വദിച്ചവരാണ്. അവർ പിന്മാറിപ്പോയാൽ തങ്ങൾക്കു തന്നെ ദൈവപുത്രനെ വീണ്ടും ക്രൂശിക്കുന്നവരും അവനു ലോകാപവാദം വരുത്തുന്നവരും ആകകൊണ്ട് അവരെ പിന്നെയും മാനസാന്തരത്തിലേക്കു പുതുക്കുവാൻ കഴിവുള്ളതല്ല. പ്രകൃതി യിൽനിന്ന് ഒരു ഉദാഹരണവും അതു തെളിയിക്കുവാൻ ഉദ്ധരിച്ചിരിക്കുന്നു.

അവർ പ്രകാശനം ലഭിച്ചവരാണ്. ലോകത്തിന്റെ വെളിച്ചമായ ക്രിസ്തുവിനെക്കുറിച്ചു ധാരാളം പ്രസംഗം കേട്ടവർ ആകുന്നു (മത്താ. 4:15). എന്നാൽ അവനെ കൈക്കൊള്ളുവാൻ അവർക്കു മനസ്സില്ലായിരുന്നു (യോഹ. 1:9–11). രണ്ടാമതായി അവർ സ്വർഗ്ഗീയ ദാനം ആസ്വദിച്ചവരാണ്. അയ്യായിരം പുരുഷാര ത്തിനു ക്രിസ്തു വിഭാഗിച്ചുകൊടുത്ത അപ്പം തിന്നു തൃപ്തരായവരാണ്. എന്നാൽ ജീവന്റെ അപ്പമായ ക്രിസ്തുവിനെ അനുഗമിക്കുവാൻ അവർക്കു മനസ്സായില്ല (യോഹ. 6:66).

അവർ പരിശുദ്ധാത്മാവിനെ പ്രാപിച്ചവരാണ്. പരിശുദ്ധാത്മാവിന്റെ പ്രവൃത്തികൾ കണ്ടു പാപബോധം അവർക്കുണ്ടായി. അതാണ് മാനസാന്തരം കൊണ്ടുള്ള ആശയം. എന്നാൽ ക്രിസ്തുവിൽ വിശ്വസിച്ചില്ല. മാനസാന്തരവും വിശ്വാസവും രണ്ടു കാര്യങ്ങൾ ആണ്. വചനത്തിൽ നിലനിൽക്കുന്നവരാണ് ക്രിസ്തുവിന്റെ ശിഷ്യന്മാർ (യോഹ. 8:31,32). മനുഷ്യനിൽ പരിശുദ്ധാത്മാവു സദാകാലം വാദിച്ചുകൊണ്ടിരിക്കുകയില്ല (ഉല്പ. 6:3). പാപബോധം ഉണ്ടായിട്ടും ക്രിസ്തുവിൽ വിശ്വസിക്കാതിരിക്കുന്നതു പരിശുദ്ധാത്മാവിനെതിരെ യുള്ള പാപം ആകുന്നു (മത്താ. 12:26–37). അത്ഭുതങ്ങൾ ചെയ്തതുകൊണ്ടു രക്ഷിക്കപ്പെട്ടവർ ആകണമെന്നില്ല (മത്താ. 7:22,23; പ്രവൃ. 8:13,21).

അവർ നല്ല വചനവും വരുവാനുള്ള ലോകത്തിന്റെ ശക്തിയും ആസ്വദിച്ചവരാണ്. യെഹൂദന്മാർ ദൈവവചനം അംഗീകരിക്കുന്നവരാകുന്നു. എന്നാൽ അത് അനുസരിക്കുവാൻ തയ്യാറായില്ല. വിതയ്ക്കുന്നവന്റെ ഉപമയിൽ നിലത്തു വീണ വിത്ത് ദൈവവചനമാണ്. നല്ല നിലത്തു വീണ വിത്തു ഫലം പുറപ്പെടു വിച്ചു. ആദ്യത്തെ മൂന്നു കൂട്ടരും വചനം ആസ്വദിച്ചവരാണ്. വചനം കേട്ടതുകൊണ്ടു മാത്രം പ്രയോജനമില്ല. ഹൃദയം കഠിനപ്പെടുത്തുന്നവരെ പിന്നേയും മാനസാന്തരപ്പെടുത്തുവാൻ സാദ്ധ്യമല്ല. വരുവാനുള്ള ലോകം സഹസ്രാബ്ദ വാഴ്ചയെ കാണിക്കുന്നു. അതു കർത്താവിന്റെ നല്ല വചനം നിവർത്തിക്കുന്ന കാലഘട്ടമാണ് (യിരെ. 33:14). പ്രസാദവർഷങ്ങൾ ആകുന്നു (ലൂക്കൊ. 4:18,19). അത്ഭുതങ്ങളും അടയാളങ്ങളും അന്നു സംഭവിക്കും. കർത്താവിൽനിന്ന് ഇതൊക്കെ കേൾക്കയും അനുഭവിക്കയും ചെയ്തവർ ഉറപ്പിച്ചുതന്ന വചനം (2:4) അനുസരിക്കാതെ വിപരീത ഫലം പുറപ്പെടുവിക്കുന്നവരെ പിന്നേയും മാനസാന്തരത്തിലേക്കു പുതുക്കുവാൻ കഴിയുന്നതല്ല. അവർ ദൈവാനുഗ്രഹ ങ്ങൾ ആസ്വദിച്ചശേഷം മുള്ളും ഞെരിഞ്ഞിലും പുറപ്പെടുവിക്കുന്നവരാണ്. അവരുടെ അവസാനം നാശം ആകുന്നു. ക്രിസ്തുവിനെ മനഃപൂർവ്വം നിരാകരിക്കുന്നവർക്കു പിന്നീടു പാപത്തിനുവേണ്ടി ഒരു യാഗവും ശേഷിക്കുന്നില്ല. അവർ ക്രിസ്തുവിനെ വീണ്ടും ക്രൂശിക്കുന്നവരാണ്. അത് അസാദ്ധ്യമാക യാൽ അവരെ പിന്നെയും മാനസാന്തരത്തിലേക്കു പുതുക്കുവാൻ സാദ്ധ്യമല്ല.

അവർ ആരാണ്? അവർ സുവിശേഷം കേട്ടു രക്ഷിക്കപ്പെട്ടു എന്ന് അവകാശപ്പെടുന്നവരാകുന്നു. എന്നാൽ അവരിൽ ആത്മാവിന്റെ ഫലങ്ങൾ കാണുന്നില്ല. അവർ പഴയ പാപവഴികളിൽ കഴിയുവാൻ തത്രപ്പെടുന്നവരും ദൈവജനത്തോടുള്ള കൂട്ടായ്മ അലക്ഷ്യമാക്കുന്നവരും ആണ്. അവർ ദൈവപുത്രന് അപവാദം വരുത്തുന്നവരാണ്. അവരെ എതിർക്രിസ്തുക്കൾ എന്നു യോഹന്നാൻ വിളിച്ചിരിക്കുന്നു (1 യോഹ. 2:18,19). ദൈവവചനത്തെ അലക്ഷ്യമാക്കുന്നവർക്കു സംഭവിക്കാവുന്ന ആപത്ത് ഇവിടെ ചൂണ്ടിക്കാണിച്ചിരിക്കുന്നു. അതുകൊണ്ട് ഇന്നുതന്നെ ക്രിസ്തുവിൽ വിശ്വസിച്ചു രക്ഷാനിർണ്ണയം ഉള്ളവരാകുവാൻ ദൈവം നമ്മെ സഹായിക്കട്ടെ (യെശ. 55:10,11; പ്രവൃ. 3:19).

ഈ വേദഭാഗം രക്ഷ നഷ്ടപ്പെടുന്നതിനെ കാണിക്കുന്നു എന്ന് അഭിപ്രായപ്പെടുന്നവർ ഉണ്ട്. രക്ഷ ദൈവത്തിന്റെ ദാനം ആകുന്നു. അതു നിത്യജീവനാണ്. അതു നഷ്ടപ്പെടുന്നതല്ല (യോഹ. 10:28,29). മറ്റൊരു അഭിപ്രായം ഇത് ഒരു സാങ്കല്പിക സിദ്ധാന്തമാകുന്നു എന്നാണ്. ദൈവജനത്തിന് ആത്മീയ വളർച്ച പ്രാപിക്കാതിരുന്നാൽ സംഭവിക്കാവുന്ന ഭവിഷ്യത്തുക്കളെ ചൂണ്ടിക്കാണിക്കുവാൻ ഇത് ഉപയോഗിച്ചിരിക്കുന്നു. മൂന്നാമത്തെ അഭിപ്രായം ഇവർ സുവിശേഷം കേട്ടവരും ഉപരിപ്ലവമായ അനുഭവങ്ങൾ ഉള്ളവരുമാണ്. എന്നാൽ യഥാർത്ഥത്തിൽ രക്ഷിക്കപ്പെട്ടവർ ആയിരുന്നില്ല എന്നാണ്. അങ്ങനെയുള്ളവർ അന്നും ഇന്നും സഭയിൽ ഉണ്ട്. അവർക്കുള്ള താക്കീതാകുന്നു ഈ വേദഭാഗം.

### വിശ്വസ്തരാകുവാനുള്ള പ്രബോധനം (6:9–12)

'എന്നാൽ പ്രിയമുള്ളവരേ' എന്നു സംബോധന ചെയ്തുകൊണ്ടാണ് ഈ വേദഭാഗം ആരംഭിക്കുന്നത്. 4–8 വരെയുള്ള വാക്യങ്ങൾ വിശ്വാസികൾ ക്കുള്ളതല്ലായിരുന്നു എന്ന് അതു വ്യക്തമാക്കുന്നു. എബ്രായ ക്രിസ്ത്യാനികൾ രക്ഷിക്കപ്പെട്ടവരും ആത്മീയ ഫലം ഉള്ളവരും ആയിരുന്നു. അത് അവരെ ക്കുറിച്ചു ശുഭാപ്തിവിശ്വാസം ഉളവാക്കി. അവർ പിൻമാറിപ്പോകുവാൻ സാദ്ധ്യത യില്ല എന്നു ലേഖനകാരൻ വിശ്വസിക്കുന്നു. അവർ വിശുദ്ധന്മാരെ ശുശ്രൂഷിക്കുന്നവർ ആയിരുന്നു. ദൈവത്തോടുള്ള അവരുടെ സ്നേഹം അങ്ങനെ പ്രകടിപ്പിച്ചു. വളരെ കഷ്ടതകളുടെ മദ്ധ്യത്തിലാണ് അത് അവർ ചെയ്തത്. സഹോദരനെ സ്നേഹിക്കാത്തവൻ ദൈവത്തെ സ്നേഹിക്കുന്നില്ല (1 യോഹ. 4:20). ആ സ്നേഹം മറന്നുകളയുന്നവനല്ല നമ്മുടെ ദൈവം. ദൈവം വിശ്വസ്തനാകുന്നു എന്ന

താണ് അതിന്റെ കാരണം. സ്നേഹമാണ് ശിഷ്യത്വത്തിന്റെ അടയാളം.

സ്നേഹത്തിന്റെ ശുശ്രൂഷയെക്കുറിച്ചു പറഞ്ഞശേഷം വിശ്വാസത്തെയും പ്രത്യാശയെക്കുറിച്ചും പ്രസ്താവിച്ചിരിക്കുന്നു. ഇവ മൂന്നും ക്രിസ്തീയ ജീവിത ത്തിലെ അടിസ്ഥാന സത്യങ്ങൾ ആണ് (1 തെസ്സ. 1:2,3). ഇവയുള്ള ജീവിതം ആത്മീയ ഉത്സാഹമുള്ള ജീവിതം ആയിരിക്കും. അവർ ദൈവവാഗ്ദത്തങ്ങൾ അവകാശമാക്കുന്നവരാണ്. പ്രത്യാശയുള്ള ജീവിതം ആസ്വാദ്യകരമാണ്. വിശ്വാസമുള്ളവർ പ്രത്യാശയുടെ പൂർണ്ണ നിശ്ചയം ഉള്ളവരാകുന്നു. വിശ്വാസവും പ്രത്യാശയും ഉള്ളവർ സ്നേഹപ്രയത്നം ഉള്ളവർ ആകും. തിരു വെഴുത്തുകളാൽ ഉളവാകുന്ന പ്രത്യാശയാണ് ഇത് (റോമ. 15:4). അബ്രഹാമിന്റെ വിശ്വാസവും പ്രത്യാശയും വാഗ്ദത്തങ്ങൾ അവകാശപ്പെടുത്തുവാൻ എങ്ങനെ സഹായിച്ചു എന്നു തുടർന്നു കാണുന്നു.

### രക്ഷയുടെ ഭദ്രത (6:13-20)

എബ്രായ ക്രിസ്ത്യാനികൾ രക്ഷിക്കപ്പെട്ടവർ ആയിരുന്നു. എന്നാൽ അവർ ആത്മിക വളർച്ച പ്രാപിച്ചിരുന്നില്ല. അവർ പിൻമാറ്റത്തിന്റെ വക്കോളം എത്തിയിരിക്കയാണ്. ക്രിസ്തു വാഗ്ദത്തം ചെയ്തിരിക്കുന്ന നിത്യരക്ഷയെ എങ്ങനെ ഉറപ്പുവരുത്താമെന്നു തെളിയിക്കുവാൻ മൂന്നു ന്യായങ്ങൾ ഇവിടെ ഉദ്ധരിച്ചിരിക്കുന്നു. അബ്രഹാം ദീർഘക്ഷമയോടിരുന്നു ദൈവവാഗ്ദത്തം പ്രാപിച്ചു. യിസ്ഹാക്കിനെ ഹോമയാഗം കഴിക്കുവാൻ ദൈവം അബ്രഹാമിനോടു കല്പിച്ചു. ദൈവം അബ്രഹാമിന്റെ യാഗത്തിൽ പ്രസാദിക്കയും അവനെ അനുഗ്രഹിക്കയും ചെയ്തു. അവന്റെ സന്തതിമൂലം സകലജാതികളും അനുഗ്രഹിക്കപ്പെടും എന്നു വാഗ്ദത്തം ചെയ്തു. ആ സന്തതി ക്രിസ്തുവാണ് (ഗലാ. 3:16). അവനിൽ കൂടിയാണ് ആ വാഗ്ദത്തം നിവർത്തിയായത്. യേശുക്രിസ്തു യെഹൂദന്മാരോട് പറഞ്ഞു: “നിങ്ങളുടെ പിതാവായ അബ്രഹാം എന്റെ ദിവസം കണ്ടു സന്തോഷിച്ചിരിക്കുന്നു” എന്ന്. ക്രിസ്തുവിനെ അബ്രഹാം ആത്മീയദൃഷ്ടിയിൽ കണ്ടു. യിസ്ഹാക്കിന്റെ ജനനവും വാഗ്ദത്തനിവർത്തിയായിരുന്നു. യാഗം കഴിച്ച യിസ്ഹാക്കിനെ മരിച്ചവരിൽ നിന്ന് എഴുന്നേറ്റവനെപ്പോലെ അബ്രഹാമിനു കിട്ടി (11:17-19). ഇവിടെയെല്ലാം അബ്രഹാം ദീർഘക്ഷമയോടിരുന്നു വാഗ്ദത്തനിവർത്തി പ്രാപിച്ചതായി കാണാം. സംശയാലുക്കളും ഭീരുക്കളുമായ എബ്രായ ക്രിസ്ത്യാനികൾക്കു രക്ഷയെക്കുറിച്ചുള്ള ഉറപ്പും പ്രത്യാശയും നൽകുവാനാണ് ഇത് ചൂണ്ടിക്കാണിച്ചിരിക്കുന്നത്. നമുക്കും അത് ആവശ്യമാകുന്നു. ദൈവവചനപഠനവും, ദൈവജനത്തോടുള്ള കൂട്ടായ്മയും, പ്രാർത്ഥനയും, രക്ഷാനിർണ്ണയവും ആത്മീയ സന്തോഷം ഉള്ളവരാകുവാൻ ആവശ്യമാണ്.

അബ്രഹാമിനു ദൈവം വാഗ്ദത്തം നൽകിയത് ആണയുടെ ഉറപ്പിനാലായിരുന്നു. ദൈവത്തെക്കാൾ വലിയവനായി ആരും ഇല്ലായ്കയാൽ തന്നെക്കൊണ്ടുതന്നെ ദൈവം ആണയിട്ടു വാഗ്ദത്തം നൽകിയിരിക്കുന്നു. അതിനു മാറ്റം വരുത്തുവാൻ ആർക്കും കഴിയുന്നതല്ല. അതുകൊണ്ടു നമ്മുടെ മുമ്പിൽ വെച്ചിരിക്കുന്ന നിത്യരക്ഷയെക്കുറിച്ചുള്ള പ്രത്യാശയിൽ ഉറപ്പുള്ളവരാകണം. ദൈവത്തിനു ഭോഷ്ക്കു പറയുവാൻ സാധിക്കയില്ല എന്ന വിശ്വാസമാണ് അതിനുള്ള ഉറപ്പ്. അത് അബ്രഹാമിന്റെ സന്തതികളായ എല്ലാ വിശ്വാസി കൾക്കും അവകാശമാക്കാവുന്നതാകുന്നു. ക്രിസ്തുവാണ് നമ്മുടെ സങ്കേത നഗരം. യിസ്രായേൽ ജനത്തിന്റെ മദ്ധ്യത്തിൽ ആറ് സങ്കേത നഗരങ്ങൾ ഉണ്ടായിരുന്നു. അബദ്ധവശാൽ കൊല ചെയ്തവർക്ക് ഓടിരക്ഷപ്പെടാനുള്ളതായിരുന്നു അവ (സംഖ്യാ. 35; യോശുവ 20). മഹാപുരോഹിതൻ മരിക്കുന്നതുവരെ അവിടെ രക്ഷയുണ്ട്. നമ്മുടെ മഹാപുരോഹിതനായ ക്രിസ്തു എന്നേക്കും ജീവിക്കുന്നവനാകയാൽ നമ്മെ പൂർണ്ണമായി രക്ഷിക്കുവാൻ പ്രാപ്തനാകുന്നു (7:24,25).

ക്രിസ്തുവിലുള്ള പ്രത്യാശ നമുക്ക് ആത്മാവിന്റെ നങ്കൂരമാണ്. അതു നിശ്ചയവും സ്ഥിരതയുമുള്ള നങ്കൂരമാകയാൽ നാം അലഞ്ഞുഴലുവാൻ ആവശ്യമില്ല. യേശുക്രിസ്തു മഹാപുരോഹിതനായി അതിപരിശുദ്ധ സ്ഥലത്തേക്കു പ്രവേശിച്ചിരിക്കുന്നതാണ് നമ്മുടെ പ്രത്യാശ. അതു ലേവ്യാപൗരോഹിത്യപ്രകാരമല്ല പ്രത്യുത മല്ക്കീസേദെക്കിന്റെ ക്രമപ്രകാരമാണ്. അതുകൊണ്ട് അതു നിത്യമാകുന്നു. ക്രിസ്തു പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്നു നമുക്കു വേണ്ടി പക്ഷവാദം ചെയ്യുന്നു. അതു സ്വർഗ്ഗീയ പ്രത്യാശയാണ്. ജീവനുള്ള പ്രത്യാശയാണ്. തേജസ്സിന്റെ പ്രത്യാശയാണ്. നമ്മുടെ മഹാപുരോഹിതൻ അവിടേക്കു നമുക്കു മുമ്പേ പ്രവേശിച്ചിരിക്കുന്നു. ക്രിസ്തു നമ്മുടെ രക്ഷാനായകനാണ്. ലേവ്യാപൗരോഹിത്യപ്രകാരം ആർക്കും മഹാപുരോഹിതനെ അതിപരിശുദ്ധസ്ഥലത്ത് അനുഗമിക്കുവാൻ കഴിയുമായിരുന്നില്ല. ക്രിസ്തുവിന്റെ സന്നിധിയിൽ നാം ചേർത്തുകൊള്ളപ്പെടും എന്നുള്ള പ്രത്യാശ സ്ഥിരവും നിശ്ചയവും ഉള്ളതാണ് (യോഹ. 14:3; 1 യോഹ. 3:2,3). നിത്യരക്ഷയിൽ ഉൾക്കൊള്ളുന്ന അനേക സത്യങ്ങൾ ആ പ്രത്യാശയിൽ അടങ്ങിയിരിക്കുന്നു. അതുകൊണ്ടു നമുക്കു ക്രിസ്തുവിൽ ഉറപ്പും ധൈര്യവും ഉള്ളവർ ആകാം. അവനിലുള്ള പ്രത്യാശ വിശുദ്ധജീവിതത്തിനു പ്രേരണ നൽകട്ടെ.

## അദ്ധ്യായം 7

### ക്രിസ്തു മല്ക്കീസേദെക്കിന്റെ ക്രമപ്രകാരമുള്ള മഹാപുരോഹിതൻ (7:1-10)

എബ്രായ ലേഖനം ക്രിസ്തുവിന്റെ മഹാപൗരോഹിത്യ ശുശ്രൂഷയുടെ ശ്രേഷ്ഠതയെ വിവരിക്കുന്ന ലേഖനമാണ്. യെഹൂദമതത്തിൽനിന്നു രക്ഷിക്കപ്പെട്ടു വന്നവർ വിശ്വാസത്തിനുവേണ്ടി പീഡിപ്പിക്കപ്പെട്ടപ്പോൾ യെഹൂദമതത്തിലേക്കു മടങ്ങിപ്പോകുവാൻ പരീക്ഷിക്കപ്പെട്ടു. ആ സാഹചര്യത്തിൽ ക്രിസ്തു അഹരോനെക്കാൾ ശ്രേഷ്ഠ

നായ മഹാപുരോഹിതനാണെന്നു തെളിയിക്കുവാൻ നൽകുന്ന ന്യായങ്ങളാണ് ഈ അദ്ധ്യായത്തിൽ ഉള്ളത്. ഇതു ഗ്രഹിക്കുവാൻ പ്രയാസമുള്ളതാണെന്നു മുൻപു സൂചിപ്പിച്ചിട്ടുണ്ട് (5:11).

ആദ്യമായി ചരിത്രപരമായ ന്യായങ്ങളാണ് അതിനു നൽകുന്നത്. ക്രിസ്തുവിന്റെ മഹാപൗരോഹിത്യം മല്ക്കീസേദെക്കിന്റെ ക്രമപ്രകാരമുള്ളതാകുന്നു. ബൈബിളിൽ മൂന്നു സ്ഥലങ്ങളിൽ മാത്രമേ ഈ ചരിത്രപുരുഷ നെക്കുറിച്ചു കാണുന്നുള്ളൂ (ഉല്പ. 14:18-20; സങ്കീ. 110; എബ്രാ. 5:10; 6:20; 7). മല്ക്കീസേദെക് ക്രിസ്തുവിന്റെ സാദൃശ്യം ആകുന്നു. പുതിയനിയമത്തിലെ സത്യങ്ങൾ കാണിക്കുന്ന അപൂർണ്ണവും താല്ക്കാലികവുമായ പഴയനിയമത്തിലെ കാര്യങ്ങളെ സാദൃശ്യം (Type) എന്നു പറയുന്നു. മല്ക്കീസേദെക് അബ്രഹാമിനു സമകാലികനായിരുന്നു. അവൻ ശാലേമിലെ രാജാവായിരുന്നു. അതു യെരൂശലേം ആണ്. അതുകൊണ്ടുള്ള അർത്ഥം സമാധാനത്തിന്റെ രാജാവ് എന്നാകുന്നു. മല്ക്കീസേദെക് എന്ന പേരിന്റെ അർത്ഥം നീതിയുടെ രാജാവ് എന്നാണ്. അവൻ അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതൻ ആണ്. സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനായ സർവ്വശക്തനായ ദൈവത്തെ അറി യുന്നവനായിരുന്നു എന്നു സാരം. അബ്രഹാമിനു വെളിപ്പെട്ടത് ആ ദൈവമാണ് (ഉല്പ. 14:18,23). പുരോഹിതന്മാരെ ദൈവം നിയോഗിച്ചതു ജനത്തിനു വേണ്ടി ശുശ്രൂഷ ചെയ്യുവാനും യഹോവയുടെ നാമത്തിൽ അവരെ അനുഗ്രഹിക്കുവാനുമായിരുന്നു (ആവ. 21:5). മല്ക്കീസേദെക് രാജാവും പുരോഹിതനും ആയിരുന്നു. അവൻ അബ്രഹാമിനെ അനുഗ്രഹിച്ചതു പുരോഹിതൻ എന്ന നിലയിലാണ്. അവന്റെ പൗരോഹിത്യം എന്നേക്കുമുള്ളതാകുന്നു. അവൻ ജനിച്ചതോ മരിച്ചതോ ബൈബിൾ രേഖപ്പെടുത്തുന്നില്ല. അതാണ് അവനു ലഭിച്ച സാക്ഷ്യം. എന്നാൽ ക്രിസ്തു നമ്മുടെ മഹാപുരോഹിതനായി എന്നേക്കും ജീവിക്കുന്നു എന്നു പിതാവു സത്യം ചെയ്തു സാക്ഷിക്കുന്നു (സങ്കീ. 110:4). മല്ക്കീസേദെക് ദൈവപുത്രനു തുല്യനായി എന്നേക്കും പുരോഹിതനായിരിക്കുന്നു. അതുകൊണ്ടു ക്രിസ്തുവിന്റെ പൗരോഹിത്യം അഹരോന്യ പൗരോഹിത്യത്തേക്കാൾ ശ്രേഷ്ഠമാകുന്നു.

മല്ക്കീസേദെക് അബ്രഹാമിനെക്കാൾ വലിയവൻ ആകുന്നു. അബ്രഹാമിനുള്ള മറ്റൊരു പേർ എബ്രായൻ എന്നാണ്. അതിന്റെ അർത്ഥം അലഞ്ഞു നടക്കുന്നവൻ എന്നാകുന്നു (ഉല്പ. 23:4-6). അവൻ കേവലം ഒരു പരദേശിയായിരുന്നു. എന്നാൽ മല്ക്കീസേദെക് രാജാവും പുരോഹിതനുമായിരുന്നു. അബ്രഹാം മല്ക്കീസേദെക്കിനു കൊള്ളയുടെ പത്തിലൊന്നു കൊടുത്തു. ദൈവത്തിനു കൊടുക്കേണ്ട ദശാംശം ലേവ്യാഗോത്രത്തിന് അവകാശപ്പെട്ടതായിരുന്നു. അവരും ദൈവത്തിനുള്ള ദശാംശം മഹാപുരോഹിതനായ അഹരോനു കൊടുക്കണമായിരുന്നു. അതിനെ ഉദർച്ചാർപ്പണം എന്നാണ് വിളിക്കു ന്നത് (സംഖ്യാ. 18:28). അബ്രഹാം മല്ക്കീസേദെക്കിനു ദശാംശം കൊടുത്ത പ്പോൾ ലേവി അബ്രഹാമിന്റെ കടിപ്രദേശത്തുണ്ടായിരുന്നു. അങ്ങനെ ലേവി മല്ക്കീസേദെക്കിന് അബ്രഹാമിൽക്കൂടെ ദശാംശം നൽകി എന്നു മനസ്സിലാക്കാം. അതുകൊണ്ടു ദൈവപുത്രനായ ക്രിസ്തു മല്ക്കീസേദെക്കിന്റെ ക്രമപ്രകാരമുള്ള പുരോഹിതൻ ആകയാൽ അഹരോനെക്കാൾ ശ്രേഷ്ഠനാകുന്നു.

കൂടാതെ മല്ക്കീസേദെക് അബ്രഹാമിനെ അനുഗ്രഹിച്ചു. അത് അവൻ അബ്രഹാമിനെക്കാൾ ഉയർന്നവൻ എന്നു തെളിയിക്കുന്നു. നമ്മുടെ ശ്രേഷ്ഠ മഹാപുരോഹിതൻ രാജാവും കൂടെ ആകുന്നു. അവനെ നമ്മുടെ ഉദർച്ചാർപ്പണങ്ങൾ അർപ്പിച്ച് ആരാധിക്കുമ്പോൾ നാം അനുഗ്രഹിക്കപ്പെടും.

## പൂർണ്ണമായി രക്ഷിക്കുവാൻ പ്രാപ്തൻ (7:11-28)

ക്രിസ്തുവിന്റെ പൗരോഹിത്യം ലേവ്യാപൗരോഹിത്യത്തിൽനിന്നും വ്യത്യസ്തവും ശ്രേഷ്ഠവുമാണെന്ന് ഈ ഭാഗത്തു തെളിയിക്കുന്നു. ലേവ്യാപൗരോഹിത്യം അപൂർണ്ണവും അവർ അർപ്പിക്കുന്ന യാഗങ്ങൾ പാപത്തെ നീക്കുവാൻ അപര്യാപ്തവുമായിരുന്നു. മനുഷ്യനുവേണ്ടി ദൈവസന്നിധിയിൽ നിൽക്കുന്നവനാണ് മഹാപുരോഹിതൻ. ആണ്ടിലൊരിക്കൽ മാത്രമേ അതു സാധിക്കുമായിരുന്നുള്ളൂ. എല്ലാക്കൊല്ലവും ആവർത്തിക്കുന്ന ശുശ്രൂഷയായിരുന്നു അത്. മഹാപുരോഹിതൻ മരിക്കുമ്പോൾ മറ്റൊരു മഹാപുരോഹിതൻ അതു ചെയ്യണമായിരുന്നു. അതു ന്യായപ്രമാണത്തിലെ കല്പനയാൽ ഉണ്ടായ ജഡിക ശുശ്രൂഷയായിരുന്നു. ബലഹീനവും നിഷ്പ്രയോജനവുമായ ലേവ്യാപൗരോഹിത്യത്തിനു നീക്കംവരുത്തുവാൻ ക്രിസ്തു വന്നു. അവൻ യെഹൂദാഗോത്രത്തിൽ ജനിച്ചവനാണ്. മല്ക്കീസേദെക്കിന്റെ ക്രമപ്രകാരം വന്നു. അവൻ രാജാവും പുരോഹിതനുമാകുന്നു. ലേവ്യാപൗരോഹിത്യത്തിന്റെ ബലഹീനത നിമിത്തമാണ് ക്രിസ്തു വന്നത്. ക്രിസ്തു മാത്രമാണ് അഴിഞ്ഞുപോകാത്ത ജീവന്റെ ശക്തിയുള്ളവൻ. അവൻ എന്നേക്കും നമ്മുടെ മഹാപുരോഹിതൻ ആയിരിക്കുന്നു. നമ്മുടെ ബലഹീനതയിൽ സഹായിപ്പാൻ അവനു കഴിയും. ക്രിസ്തുവിന്റെ പ്രായശ്ചിത്ത യാഗം സമ്പൂർണ്ണത വരുത്തിയിരിക്കയാൽ ദൈവത്തെ സമീപിക്കുവാൻ ഭയപ്പെടേണ്ടതില്ല. അവൻ ഏറെ നല്ല പ്രത്യാശ നൽകുന്ന മഹാപുരോഹിതൻ ആകുന്നു. ക്രിസ്തു നമുക്കുവേണ്ടി സദാ ജീവിച്ചുകൊണ്ടു ദൈവസന്നിധിയിൽ പക്ഷവാദം ചെയ്യുന്നു. ഇത്ര ശ്രേഷ്ഠനായ മഹാപുരോഹിതനുള്ളപ്പോൾ നാം എന്തിന് അഹരോന്യപൗരോഹിത്യത്തെ പിൻതുടരണം? ന്യായപ്രമാണം ക്രിസ്തുവിൽ നിവർത്തിയായിരിക്കെ പിന്നെയും ന്യായപ്രമാണത്തിന് എന്തിന് അടിമപ്പെടണം?

യേശുക്രിസ്തുവിന്റെ മഹാപൗരോഹിത്യം പിൻതുടർച്ചാവകാശമായി ലഭിച്ചതല്ലായിരുന്നു. അതു ദൈവം ആണയിട്ടു നിയമിച്ചതാണ്. അതുകൊണ്ടു വിലയേറിയ നിയമം ആകുന്നു (സങ്കീ. 110:4). അതു എന്നേക്കുമുള്ള മാറാത്ത നിയമനം ആണ് (13:20). ന്യായപ്രമാണം ലംഘിച്ച യിസ്രായേലിന്റെ നിയമം അസാധുവായി (യിരെ. 31:31-34). ക്രിസ്തു രക്തം ചൊരിഞ്ഞു സ്ഥാപിച്ച പുതിയനിയമം നിത്യമാണ്. അതുകൊണ്ടാണ് അതു വിശേഷതയേറിയ നിയമം ആയിരിക്കുന്നത്. ക്രിസ്തു പുനരുത്ഥാനം ചെയ്തു ജീവിക്കുന്നതുകൊണ്ട് അതു നിത്യനിയമവും ആകുന്നു

(ലൂക്കൊ. 22:20). അവൻ ദൈവപുത്രനും മനുഷ്യപുത്രനും ആകയാൽ ഇരുഭാഗത്തുമുള്ള ഉത്തരവാദിത്വം ചെയ്യുവാൻ യോഗ്യനാകുന്നു. അതുകൊണ്ട് അവൻ സ്ഥാപിച്ച നിയമത്തിനു ലംഘനം സംഭവിക്കുന്നില്ല. അവൻ തന്നിൽ ആശ്രയിക്കുന്നവരെ പൂർണ്ണമായി രക്ഷിക്കുവാൻ പ്രാപ്തനാകുന്നു (7:25).

ശ്രേഷ്ഠമഹാപുരോഹിതനായ ക്രിസ്തുവിന്റെ വിശേഷതകൾ 26-28 വരെയുള്ള വാക്യങ്ങളിൽ ചൂണ്ടിക്കാണിക്കുന്നു. അവൻ പവിത്രൻ, നിർദ്ദോ ഷൻ, നിർമ്മലൻ, പാപികളോടു വേറുവിട്ടവൻ, സ്വർഗ്ഗത്തെക്കാൾ ഉന്നതൻ ആയിരുന്നു. പാപികളുടെ ഇടയിൽ പവിത്രനായി ജീവിച്ച ഏക മഹാപുരോഹിതൻ ക്രിസ്തു മാത്രമാണ്. പാപികളെ ദൈവത്തിങ്കലേക്ക് ആകർഷിക്കുവാൻ അവൻ പാപികളുടെ സ്നേഹിതനായി ജീവിച്ചു. ക്രിസ്തു സ്വർഗ്ഗത്തെക്കാൾ ഉന്നതനെന്നുള്ളതുകൊണ്ടുള്ള ആശയം അവൻ ദൈവമായിരുന്നു എന്നത്രെ. അവനിൽ പാപം ഉണ്ടായിരുന്നില്ല, അവൻ പാപം അറിഞ്ഞിട്ടില്ല, അവൻ പാപം ചെയ്തില്ല. അതുകൊണ്ട് അവന്റെ മരണം എന്നേക്കുമായിട്ടുള്ള വീണ്ടെടുപ്പു സാധിപ്പിച്ചു. അവനു സ്വന്ത പാപങ്ങൾക്കുവേണ്ടി യാഗം അർപ്പിക്കേണ്ടിയിരുന്നില്ല. ദൈവം തന്നെയാണ് ദൈവപുത്രനെ ആണയിട്ടു മഹാപുരോഹിതനാക്കിയത് (സങ്കീ. 110:4). അവനിൽ ബലഹീനതയില്ല. ക്രിസ്തു പാപരഹിതനാണ്. അവൻ തികഞ്ഞവനായി നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നതിനാൽ നമ്മെ സമ്പൂർണ്ണമായി രക്ഷിപ്പാൻ പ്രാപ്തനാകുന്നു. അവനിൽ നമുക്കു തുടർന്നും ആശ്രയിക്കാം.

## അദ്ധ്യായം 8

### മഹിമാസനത്തിൽ ഇരിക്കുന്നവൻ (8:1-4)

ബൈബിൾ ക്രിസ്തുവിനെ വെളിപ്പെടുത്തുന്ന ഗ്രന്ഥമാണ്. പഴയനിയമം അവനെക്കുറിച്ചു പ്രവചിച്ചു. സുവിശേഷങ്ങൾ ക്രിസ്തുവിന്റെ ചരിത്രമാകുന്നു. അപ്പൊസ്തല പ്രവൃത്തികളിൽ ക്രിസ്തു പ്രസംഗിക്കപ്പെട്ടു. ലേഖനങ്ങൾ അവനെ വ്യാഖ്യാനിച്ചു വിശദീകരിക്കുന്നു. വെളിപ്പാടു ക്രിസ്തുവിനെക്കുറിച്ചുള്ള പ്രത്യാശ നൽകുന്നു. എബ്രായ ലേഖനം ക്രിസ്തുവിന്റെ മഹാപൗരോഹിത്യ ശുശ്രൂഷയുടെ ശ്രേഷ്ഠത വെളിപ്പെടുത്തുന്നു. അവൻ നല്ല പ്രത്യാശ നൽകുന്നവനാണ് (7:19). ക്രിസ്തു സ്ഥാപിച്ച നിയമം വിശേഷതയേറിയതാകുന്നു (7:22). അവന്റെ പൗരോഹിത്യം മാറാത്തതാണ്. അവന്റെ യാഗം ഒരിക്കലായിട്ടുള്ളതാകുന്നു. ഈ ക്രിസ്തു അതിശ്രേഷ്ഠതയുള്ള മഹാപുരോഹിതൻ ആകുന്നു.

ക്രിസ്തു സ്വർഗ്ഗത്തിൽ മഹിമാസനത്തിന്റെ വലത്തുഭാഗത്ത് ഇരുന്നു പക്ഷവാദം ചെയ്യുന്ന മഹാപുരോഹിതൻ ആകുന്നു. സമാഗമനകൂടാരത്തിലെ തിരുനിവാസം സ്വർഗ്ഗത്തിലെ മഹിമാസനത്തിന്റെ നിഴലായിരുന്നു. മഹാപുരോഹിതന് ആണ്ടിൽ ഒരിക്കൽ മാത്രമേ അതിപരിശുദ്ധ സ്ഥലത്തു പ്രവേശിക്കുവാൻ അനുവാദമുള്ളൂ (ലേവ്യ 16). അവിടെ ഇരിക്കുവാൻ കഴിയുമായിരുന്നില്ല. ക്രിസ്തു നമുക്കുവേണ്ടി ദൈവത്തിന്റെ വലത്തുഭാഗത്തിരുന്നുകൊണ്ട് സദാ പക്ഷവാദം ചെയ്യുന്നു. അതുകൊണ്ട് അവൻ അഹരോനെക്കാൾ ശ്രേഷ്ഠ നാകുന്നു.

### ക്രിസ്തു പുതിയ നിയമത്തിന്റെ മദ്ധ്യസ്ഥൻ (8:5,6)

ക്രിസ്തു വിശേഷതയേറിയ വാഗ്ദത്തങ്ങളിന്മേൽ സ്ഥാപിക്കപ്പെട്ട നിയമ ത്തിന്റെ മദ്ധ്യസ്ഥൻ ആകുന്നു (8:6). മോശെ ന്യായപ്രമാണത്തിന്റെ മദ്ധ്യസ്ഥൻ ആയിരുന്നു (ഗലാ. 3:19,20). യിസ്രായേൽ ആ നിയമത്തിൽ നിലനിന്നില്ല. നിയമംകൊണ്ടുള്ള അർത്ഥം രണ്ടു കക്ഷികൾ തമ്മിലുള്ള ഉടമ്പടി എന്നാണ്. യിസ്രായേൽ അതു ലംഘിച്ചു. അതുകൊണ്ടു പുതിയനിയമത്തിന് ആവശ്യം വന്നു. അതിലെ കക്ഷികൾ ദൈവവും മനുഷ്യനായവതരിച്ച ക്രിസ്തുവുമാണ്. അവൻ തന്റെ മരണം മൂലം പുതിയനിയമം സ്ഥാപിച്ചു (ലൂക്കൊ. 22:20). അവൻ അതിന്റെ കർത്താവും ഉത്തരവാദിയും മദ്ധ്യസ്ഥനും ആകുന്നു (9:15).

### പുതിയ നിയമത്തിന്റെ ശ്രേഷ്ഠതകൾ (8:7-13)

പഴയനിയമം വ്യവസ്ഥകളിൽ സ്ഥാപിക്കപ്പെട്ടതായിരുന്നു. 'നിങ്ങൾ എന്റെ വാക്കു കേട്ട് അനുസരിക്കുമെങ്കിൽ എന്റെ ജനമായിരിക്കും' എന്നു ദൈവം യിസ്രായേലിനോടു കല്പിച്ചിരുന്നു (പുറ. 19:5-8). യിസ്രായേൽ അതു ലംഘിച്ചതിനാൽ ആ ഉടമ്പടി അസാധുവായി. എന്നാൽ പുതിയനിയമം വിശേഷതയേറിയ വാഗ്ദത്തങ്ങളിന്മേൽ സ്ഥാപിക്കപ്പെട്ടതാണ്. അതിലെ മനു ഷ്യന്റെ ഭാഗത്തെ കക്ഷി മനുഷ്യനായ ദൈവപുത്രനാകുന്നു. ദൈവത്തിന്റെ ഭാഗത്തെ കക്ഷിയും ദൈവപുത്രനായ ക്രിസ്തുവാണ്. അങ്ങനെ പുതിയ നിയമത്തിന്റെ കർത്താവും മദ്ധ്യസ്ഥനും ക്രിസ്തു ആകുന്നു (1 തിമൊ. 2:5). പഴയനിയമം സ്ഥാപിക്കപ്പെട്ടതു കാളകളുടെ രക്തത്താലായിരുന്നു. ക്രിസ്തു സ്വന്തരക്തം ചൊരിഞ്ഞു പുതിയനിയമം സ്ഥാപിച്ചു. ക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവർക്കും പുതിയനിയമത്തിന്റെ അനുഗ്രഹങ്ങൾ ലഭിക്കുന്നു. പുതിയ നിയമം ലംഘിക്കുവാൻ കഴിയാത്തതാകയാൽ അതിന്റെ അനുഗ്രഹങ്ങൾ നിത്യമാണ്. പഴയനിയമം യിസ്രായേലിനുവേണ്ടി ഉള്ളതായിരുന്നു. പുതിയനിയമം സർവ്വലോകത്തിന്റെ പാപത്തിനും പ്രായശ്ചിത്തം വരുത്തുവാൻ ശക്തിയുള്ളതാണ് (1 യോഹ. 2:2). പഴയനിയമം പാപങ്ങളെ നീക്കുവാൻ മതിയായതല്ലായിരുന്നു (8:13). പഴയനിയമം യിസ്രായേലിനു ഭൗതിക അനുഗ്രഹങ്ങൾ വാഗ്ദത്തം ചെയ്തു. പുതിയനിയമം നിത്യമായ ആത്മിക അനുഗ്രഹങ്ങൾ വാഗ്ദത്തം ചെയ്തിരിക്കുന്നു. പഴയനിയമം യിസ്രായേൽ അനുസരിച്ചപ്പോൾ അവർ ദൈവത്തോടു ബന്ധമുള്ളവരായി. എന്നാൽ പുതിയനിയമം സ്ഥാപിച്ച ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കു ദൈവം പിതാവായിത്തീരുന്നു (റോമ. 8:15; യോഹ. 1:12). പുതിയനിയമത്തിന്റെ വിശേ

ഷതകളാണല്ലോ നാം ഇവിടെ കാണുന്നത്.

പഴയനിയമം കല്ലിൽ എഴുതിയതായിരുന്നു. പുതിയനിയമം ഹൃദയത്തിൽ എഴുതപ്പെടുന്നു. ക്രിസ്തുവിനെ വിശ്വാസത്താൽ അംഗീകരിക്കുമ്പോഴാണ് അതു സംഭവിക്കുന്നത്. അവർ പുതിയ സൃഷ്ടിയായിത്തീരുന്നു. പരിശുദ്ധാത്മാവിന്റെ അധിവാസം അവരിൽ ഉണ്ടാകും. അപ്പോൾ 'ഞാൻ നിങ്ങൾക്കു പുതിയൊരു ഹൃദയം തരും, പുതിയൊരാത്മാവിനെ നിങ്ങളുടെ ഉള്ളിൽ ആക്കും' എന്നുള്ള പ്രവചനം നിവർത്തിയാകും. ക്രിസ്തു ന്യായപ്രമാണത്തെ നിവർത്തിപ്പാൻ വന്നവൻ ആകുന്നു (മത്താ. 5:17). ക്രിസ്തുവിൽ വിശ്വസിക്കു ന്നവർക്കു ന്യായപ്രമാണത്തിന്റെ പ്രവൃത്തികൾ പരിശുദ്ധാത്മ ശക്തിയാൽ നിവർത്തിപ്പാൻ കഴിവുണ്ടാകുന്നു. പുതിയനിയമത്തിന്റെ കീഴിൽ എല്ലാവരും കർത്താവിനെ അറിയുന്നവർ ആകും. പഴയനിയമം പുരോഹിതന്മാരടക്കമുള്ള ചിലർക്കു മാത്രം ദൈവത്തെക്കുറിച്ചുള്ള അറിവു നൽകിയിരുന്നു. ഇന്നു ദൈവവചനത്തിൽക്കൂടി പരിശുദ്ധാത്മാവു രക്ഷിക്കപ്പെട്ട എല്ലാവരോടും സംസാരിച്ചു കൊണ്ടിരിക്കുന്നു. പഴയനിയമകാലത്തു യഹോവയുടെ വചനം ദുർല്ലഭമായിരുന്നു എന്നു കാണുന്നു (1 ശമൂ. 3:1).

പുതിയനിയമത്തിന്റെ അതിശ്രേഷ്ഠതയുള്ള വിശേഷത ദൈവം നമ്മുടെ പാപങ്ങളെ ഇനി ഓർക്കുകയില്ല എന്നുള്ളതാണ് (8:12). ദൈവം പാപത്തെ ശിക്ഷിക്കുന്നവനും പാപികളോടു കരുണ കാണിക്കുന്നവനുമാണ്. പാപിയായ മനുഷ്യനെ നശിപ്പിക്കാത്തതിൽ ദൈവം തന്റെ കരുണ പ്രദർശിപ്പിച്ചിരിക്കുന്നു. മനുഷ്യൻ പാപത്തിനു പരിഹാരം വരുത്തുവാൻ പരിശ്രമിച്ചു പരാജയപ്പെട്ട ചരിത്രമാണ് മതങ്ങളും തത്വജ്ഞാനവും നൽകുന്നത്. ദൈവം മനുഷ്യവർഗ്ഗത്തിന്റെ പാപത്തിനു പരിഹാരം വരുത്തി. അവൻ നമ്മുടെ പാപങ്ങളെ ഓർക്കാതിരിക്കുന്നതു ക്രിസ്തുവിന്റെ പ്രായശ്ചിത്തബലിയുടെ അടിസ്ഥാനത്തിലാണ്. ക്രിസ്തു ഉയിർത്തെഴുന്നേറ്റു ജീവിക്കുന്ന നമ്മുടെ ശ്രേഷ്ഠമഹാപുരോഹിതൻ ആകുന്നു. അതുകൊണ്ടു പുതിയനിയമത്തിന്റെ അനുഗ്രഹങ്ങൾ അനുഭവിക്കുവാൻ ഇന്നു വിശ്വാസികൾക്കു കഴിയും. ഓർക്കുകയില്ല എന്നതുകൊണ്ടു ദൈവത്തിനു മറവിയുണ്ടെന്നു അർത്ഥമില്ല. പാപികളായി നമ്മെ ഗണിച്ച് ഏർപ്പെടുന്നില്ല എന്നു സാരം. രക്ഷിക്കപ്പെട്ടവർ വിശേഷതയേറിയ വാഗ്ദത്തങ്ങൾ ലഭിച്ചവരാണ്. അവർ പാപത്തെ വെറുക്കുന്നവരും ദൈവത്തോടു ഭയഭക്തിയുള്ളവരും ആകണം. പഴയനിയമം നീങ്ങിപ്പോകുന്നതാണ്. അതു ദൈവത്തെ ആരാധിക്കുവാൻ മോശെ മുഖാന്തരം നൽകിയ ചട്ടങ്ങളും പ്രമാണങ്ങളും ആയിരുന്നു. യെഹൂദന്മാരുടെ ദേവാലയവും പുരോഹിതന്മാരും അന്നുണ്ടായിരുന്നു. അത് എ.ഡി. 70 ൽ റോമൻ സൈന്യം നശിപ്പിച്ചു. എന്നാൽ ക്രിസ്തു മുഖാന്തരം സ്ഥാപിക്കപ്പെട്ട പുതിയനിയമം രക്ഷിക്കപ്പെട്ടവർക്കു നൽകുന്ന അനുഗ്രഹങ്ങൾ നിത്യമാണ്.

## അദ്ധ്യായം 9

### ക്രിസ്തുവിലൂടെയുള്ള ആരാധനയുടെ ശ്രേഷ്ഠത (9:1–14)

സമാഗമനകൂടാരം ദൈവത്തെ ആരാധിക്കുവാൻ യിസ്രായേലിനു നൽകി യതായിരുന്നു. ദൈവം വീണ്ടെടുക്കപ്പെട്ടവരിൽനിന്നും ആരാധന ആഗ്രഹിക്കുന്നു. അതിനുള്ള ചട്ടങ്ങളും പ്രമാണങ്ങളും പുറപ്പാടു പുസ്തകത്തിൽ വിവരിക്കുന്നുണ്ട്. തിരശീലകളാൽ വേർതിരിക്കപ്പെട്ട രണ്ടു ഭാഗങ്ങൾ സമാഗമനകൂടാരത്തിനുണ്ടായിരുന്നു. പ്രാകാരം, വിശുദ്ധസ്ഥലം, അതിപരിശുദ്ധസ്ഥലം എന്നിങ്ങനെ സമാഗമനകൂടാരത്തെ മൂന്നായി തിരിക്കാം. പ്രാകാര ത്തിൽ താമ്രയാഗപീഠവും താമ്രത്തൊട്ടിയും ഉണ്ടായിരുന്നു. വിശുദ്ധസ്ഥലത്തു നിലവിളക്കും കാഴ്ചയപ്പത്തിന്റെ മേശയും ധൂപപീഠവും കാണാം. അതിപരിശുദ്ധസ്ഥലത്തു നിയമപെട്ടകവും കൃപാസനവും സ്ഥിതിചെയ്തിരുന്നു. അവ ദൈവത്തെ ആരാധിക്കുവാനുള്ള ലൗകികമായ ഉപാധികൾ മാത്രമായിരുന്നു. അതു ക്രിസ്തു സ്ഥാപിക്കുവാൻ പോകുന്ന സ്വർഗ്ഗീയമായതിന്റെ നിഴൽ ആണ് (9:9). 9:1–5 ൽ സമാഗമനകൂടാരത്തെക്കുറിച്ചുള്ള സംക്ഷിപ്ത വിവരണം കാണാം.

സമാഗമനകൂടാരത്തിലെ അതിവിശുദ്ധസ്ഥലത്ത് ആണ്ടിൽ ഒരിക്കൽ മഹാപുരോഹിതൻ ശുശ്രൂഷിച്ചിരുന്നു (ലേവ്യ 16). എന്നാൽ അവരുടെ മനസ്സാക്ഷി പരിശുദ്ധമായിരുന്നില്ല. അവർക്കുവേണ്ടിയും യാഗം അർപ്പിക്കേണ്ടിയിരുന്നു. കർത്താവിന്റെ കാലത്തു ദേവാലയം കള്ളന്മാരുടെ ഗുഹയായി തീർന്നിരുന്നു. ആദ്യനിയമം പരാജയപ്പെട്ടു എന്ന് ഇതു വ്യക്തമാക്കുന്നു. ബാഹ്യമായ ചടങ്ങുകൾക്കു മനസ്സാക്ഷിയിൽ പൂർണ്ണ സമാധാനം നൽകുവാൻ കഴിഞ്ഞില്ല. അതു ദൈവത്തെ പ്രസാദിപ്പിക്കാൻ കഴിവുള്ളതല്ലായിരുന്നു. യഥാർത്ഥ സമാഗമനകൂടാരം സ്വർഗ്ഗമാണ്. ക്രിസ്തു എന്നേക്കുമായി അവിടേക്കു പ്രവേശിച്ചിരിക്കുന്നു (9:12). അവൻ സ്വന്തരക്തം ചിന്തി എന്നേക്കുമുള്ള വീണ്ടെടുപ്പു സാധിപ്പിച്ചു. സമാഗമനകൂടാരത്തിൽ മഹാപുരോഹിതന്റെ യാഗങ്ങൾ ജഡികശുദ്ധി വരുത്തുന്നവ ആയിരുന്നു (സംഖ്യാ. 19). ക്രിസ്തുവിന്റെ യാഗം മനസ്സാക്ഷിയെ ശുദ്ധീകരിക്കുന്നു. സമാഗമനകൂടാരം ഭൗതികവും, നിഴലും, പുരോഹിതന്മാർക്കു മാത്രം പ്രവേശിക്കാവുന്നതും, താൽക്കാലികവും, ജഡികശുദ്ധി വരുത്തുന്നതുമായിരുന്നു. ക്രിസ്തു സ്ഥാപിച്ച പുതിയനിയമം സ്വർഗ്ഗീയവും അതിശ്രേഷ്ഠതയുള്ളതുമാണ്. പഴയനിയമത്തിലെ നിഴലുകളുടെ സ്വരൂപവും സൽഗുണപൂർത്തി വരുത്തുന്നവനും ക്രിസ്തു ആകുന്നു. അവൻ തേജസ്ക്കരിക്കപ്പെട്ട ശരീരത്തിൽ സ്വർഗ്ഗത്തിൽ വസിക്കുന്നു. അവനാണ് സാക്ഷാൽ സമാഗമനകൂടാരം (യോഹ. 1:14, എബ്രാ. 9:24). ക്രിസ്തു ജീവരക്തം ചൊരിഞ്ഞു നമ്മുടെ വീണ്ടെടുപ്പു പൂർണ്ണമായി സാധിപ്പിച്ചു. അവന്റെ പുനരുത്ഥാനം ക്രിസ്തു സാധിപ്പിച്ച പ്രായശ്ചിത്ത ബലിയിൽ പിതാവു പ്രസാദിച്ചു എന്നുള്ളതിന്റെ തെളിവാകുന്നു. ആ പുനരു

ത്ഥാന ശരീരത്തോടു കൂടെ അവൻ പിതാവിന്റെ സന്നിധിയിൽ നമുക്കായി പക്ഷവാദം ചെയ്യുന്നു. അവന്റെ യാഗ മരണം നിത്യാത്മാവിനാൽ അർപ്പിച്ചതും പിതാവ് അംഗീകരിച്ച തുമാണ്. അവൻ നൽകുന്ന രക്ഷ നിത്യവും ദൈവത്തെ ആരാധിക്കുവാൻ പ്രാഗത്ഭ്യം നൽകുന്നതുമാണ്.

## ക്രിസ്തു പുതിയ നിയമത്തിന്റെ മദ്ധ്യസ്ഥൻ (9:15-28)

പഴയനിയമത്തിലെ ചട്ടങ്ങൾക്കും പ്രമാണങ്ങൾക്കും പൂർണ്ണമായ വീണ്ടെടുപ്പു സാധിപ്പിക്കാൻ കഴിയുന്നത ല്ല. ക്രിസ്തു അതു സാധിപ്പിച്ചു (റോമ. 3:24-26). ക്രിസ്തു പുതിയനിയമത്തിന്റെ മദ്ധ്യസ്ഥനായി നമുക്കായി ഇന്നു പക്ഷവാദം ചെയ്യുന്നതുകൊണ്ടു നമ്മെ പൂർണ്ണമായി രക്ഷിക്കുവാൻ പ്രാപ്തനാകുന്നു. അവൻ മുഖാന്തരം രക്ഷി ക്കപ്പെട്ടവർ നിത്യാവകാശത്തിന്റെ വാഗ്ദത്തം ലഭിച്ചവരാകുന്നു. അതു നമുക്കു ലഭിക്കുന്ന ആത്മീയ അനുഗ്രഹ ങ്ങളെ കാണിക്കുന്നു. ക്രിസ്തുവിന്റെ മരണപുനരുത്ഥാനം മൂലം സൗജന്യമായി അതു ലഭിക്കുന്നു (റോമ. 8; എഫെ. 1). ഈ അനുഗ്രഹങ്ങൾ ഈ ജീവിതത്തിലും നിത്യതയിലും അനുഭവിക്കാവുന്നതാണ്.

ഏതു നിയമവും സ്ഥിരപ്പെടുത്തുന്നതു നിയമകർത്താവിന്റെ മരണം മൂലമാണ്. പഴയനിയമം കാളകളുടെ രക്തം ചൊരിഞ്ഞു പ്രതിഷ്ഠിച്ചു. അതു താല്ക്കാലികം ആയിരുന്നു. ക്രിസ്തു സ്വന്തരക്തം ചൊരിഞ്ഞു പുതിയ നിയമം സ്ഥാപിച്ചു. അതു നിത്യനിയമമാണ് (ലൂക്കൊ. 22:20). സമാഗമനകൂടാരത്തിലെ ഉപകരണങ്ങളിന്മേലും പുരോഹിതന്മാരുടെമേലും രക്തം തളിച്ചു ശുദ്ധീകരിച്ചിരുന്നു. അതു പാപസ്വഭാവമുള്ളവർ പൗരോഹിത്യ ശുശ്രൂഷ നിർവ്വഹിച്ചിരുന്നതുകൊണ്ട് ആവശ്യമായിരുന്നു. ക്രിസ്തുവിന്റെ രക്തം മനസ്സാക്ഷിയെ ശുദ്ധീകരിക്കുന്നു. വിശ്വാ സികൾ ഇന്നു പാപസ്വഭാവമുള്ളവരും ദൈവത്തെ ആരാധിക്കുന്നവരും ആണ്. ക്രിസ്തു സ്വർഗ്ഗത്തിൽ ചെയ്യുന്ന മഹാപൗരോഹിത്യ ശുശ്രൂഷ നമ്മുടെ ആരാധനയിലുള്ള പോരായ്മകളെ ശുദ്ധീകരിക്കുവാൻ മതിയായതാകുന്നു.

ക്രിസ്തു നമ്മുടെ മഹാപുരോഹിതനായി സ്വർഗ്ഗത്തിൽ പ്രവേശിച്ചിരിക്കുന്നു. മനുഷ്യരൂപത്തിൽ അവിടെ ദൈവപുത്രൻ നമ്മുടെ പ്രതിനിധിയായി ശുശ്രൂഷിക്കുന്നു. അതു ദൈവസന്നിധിയിൽ പ്രവേശിക്കുവാൻ നമുക്കു ധൈര്യവും പ്രാഗത്ഭ്യവും പ്രദാനം ചെയ്യുന്നു. ലോകാവസാനത്തിൽ ദൈവപുത്രൻ മനുഷ്യനായി അവതരിച്ചു സ്വന്തയാഗത്താൽ പാപത്തിന് എന്നേക്കുമായി പരിഹാരം വരുത്തി. ഇനിയും തനിക്കായി കാത്തിരിക്കുന്നവരെ ചേർക്കുവാൻ അവൻ വീണ്ടും പ്രത്യക്ഷനാകും. പാപത്തിന്റെ ശിക്ഷയിൽനിന്നും രക്ഷിക്കുവാൻ ക്രിസ്തു ക്രൂശിൽ മരിച്ചു. അതിന്റെ ശക്തിയിൽ അഥവാ സ്വാധീനത യിൽനിന്നും വിടുവിക്കുവാൻ സ്വർഗ്ഗത്തിൽ നമുക്കായി പക്ഷ വാദം ചെയ്യുന്നു. പാപത്തിന്റെ സാന്നിദ്ധ്യത്തിൽനിന്നും നമ്മെ രക്ഷിക്കുവാൻ ക്രിസ്തു വേഗം വരുന്നു. അപ്പോൾ ക്രിസ്തുവിൽ വിശ്വസിക്കാത്തവർ ന്യായം വിധിക്കപ്പെടും. ഈ രാജാവും മഹാപുരോഹിതനുമായ രക്ഷിതാ വിനെ സ്വീകരിക്കുവാൻ നമുക്ക് ഉണർന്ന് ഒരുങ്ങിയിരിക്കാം. ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.

# അദ്ധ്യായം 10

## ക്രിസ്തുവിന്റെ യാഗം സൽഗുണപൂർത്തി വരുത്തുന്നു (10:1-18)

മനുഷ്യന്റെ കാതലായ പ്രശ്നം പാപമാകുന്നു. ന്യായപ്രമാണത്തിനു കീഴിലുള്ള യാഗങ്ങളുടെ പോരായ്മക ളെക്കുറിച്ചു ആദ്യത്തെ നാലു വാക്യങ്ങളിൽ കാണുന്നു. അതു ക്രിസ്തുവിന്റെ ഏകയാഗത്തിന്റെ നിഴലുകൾ ആയി രുന്നു. അതിനു സൽഗുണപൂർത്തി വരുത്തുവാൻ കഴിവുള്ളതല്ല. യാഗാർപ്പകന്റെ മനസ്സാക്ഷിയിൽ പാപബോധവും ഓർമ്മകളും നിലനിന്നിരുന്നു. അല്ലായിരുന്നു എങ്കിൽ ആണ്ടുതോറും യാഗം അർപ്പിക്കേണ്ട ആവശ്യം ഉണ്ടായിരു ന്നില്ല. ആ യാഗങ്ങൾക്കു പാപങ്ങളെ നീക്കി ഹൃദയത്തെ ശുദ്ധീകരിക്കുവാൻ കഴിഞ്ഞിരുന്നില്ല.

ക്രിസ്തു പഴയനിയമത്തിലെ നിഴലുകളുടെ സ്വരൂപം ആകുന്നു. 5-7 വരെയുള്ള വാക്യങ്ങളിൽ 40-ാം സങ്കീർത്തനം ഉദ്ധരിച്ചിരിക്കുന്നു. ഇതു ക്രിസ്തുവിന്റെ യാഗമരണത്തെക്കുറിച്ചുള്ള പ്രവചനം ആണ്. ഇവിടെ പരിശുദ്ധാത്മാവു ക്രിസ്തുവിനെക്കുറിച്ചു ദാവീദിലൂടെ സംസാരിക്കുന്നതായി ഗ്രഹിക്കാം (40:6-8). ക്രിസ്തു പിതാ വിന്റെ ഹിതം നിവർത്തിക്കുവാൻ വന്നു. മനസ്സോടെ അർപ്പിക്കാത്ത യാഗങ്ങളിൽ ദൈവം പ്രസാദിക്കുന്നില്ല (യെ ശ. 1:19; സങ്കീ. 51:16,17). ദാവീദ് അനുതപിച്ചപ്പോൾ ദൈവം അവനോടു ക്ഷമിച്ചു (സങ്കീ. 32:1,2). പിതാവിന്റെ ഇഷ്ടം പൂർണ്ണമനസ്സോടെ നിവർത്തിച്ച ദാസനാകുന്നു ക്രിസ്തു (യെശ. 42:1, 52:13). അവന്റെ ക്രൂശുമരണം പിതാ വിന്റെ ഇഷ്ടം ആയിരുന്നു (മത്താ. 26:39). പാപത്തിന് എന്നേക്കുമായി പരിഹാരം വരുത്തി പാപികളെ സൽഗുണപൂർത്തി ഉള്ളവരാക്കുവാൻ ക്രിസ്തുവിന്റെ യാഗം ആവശ്യമായിരുന്നു. ആദ്യ നിയമം സൽഗുണപൂർത്തി വരുത്തുവാൻ അപര്യാപ്തമായിരുന്നു. ക്രിസ്തു സ്വന്തമരണം മൂലം അതിനെ നീക്കി പുതിയനിയമം സ്ഥാപിച്ചു. പഴയനിയമ പൗരോഹിത്യം സമാഗമനകൂടാരത്തിൽ പുരോഹിത ന്മാർ ഇരിക്കുവാൻ അനുവദിച്ചിരുന്നില്ല. അവ രുടെ ശുശ്രൂഷ തുടർന്നുകൊണ്ടിരുന്നു. ക്രിസ്തു പാപങ്ങൾക്കുവേണ്ടി ഏകയാഗം കഴിച്ചിട്ട് ദൈവത്തിന്റെ വല ത്തുഭാഗത്ത് ഇരിക്കുന്നു. അവൻ വീണ്ടെടുപ്പുവേല സമ്പൂർണ്ണമായി നിവർത്തിച്ചശേഷം രാജാവും മഹാപുരോഹി തനുമായി ഇരിക്കുന്നു എന്നു സാരം.

അവിടെ തന്റെ ശത്രുക്കൾ പാദപീഠം ആകുവോളം കാത്തിരിക്കുന്നു (സങ്കീ. 110:1,2). ക്രിസ്തുവിന്റെ രാജത്വ ത്തെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. ഒടുക്കത്തെ ശത്രു മരണമാണ് (1 കൊരി. 15:25,26). കർത്താവിന്റെ വര വിങ്കൽ മരണം നീങ്ങിപ്പോകും. ദൈവമക്കൾ തേജസ്ക്കരിക്കപ്പെട്ട ശരീരത്തിൽ ഉയിർത്തെഴുന്നേൽക്കും. അവർ

രക്ഷാപൂർത്തി പ്രാപിക്കും. അതിനെക്കുറിച്ചാണ് പരിശുദ്ധാത്മാവു 15-18 വരെയുള്ള വാക്യങ്ങളിൽ സാക്ഷിക്കുന്നത്. ഇവിടെ യിരെമ്യാ പ്രവചനം 31:33,34 വാക്യങ്ങൾ ഉദ്ധരിച്ചിരിക്കുന്നു. ന്യായപ്രമാണം കല്ലിന്മേൽ എഴുതിയതായിരുന്നു. പുതിയനിയമം ഹൃദയത്തിൽ പരിശുദ്ധാത്മാവു നൽകുന്ന ബോധം ആകുന്നു. ക്രിസ്തുവിന്റെ ശരീരയാഗം പാപങ്ങളെ എന്നേക്കുമായി പരിഹരിച്ച് സൽഗുണപൂർത്തി വരുത്തുന്നതാണ് എന്നുള്ള ബോധം നമ്മെ ദൈവത്തോടു നന്ദിയുള്ളവർ ആക്കണം. ദൈവം നമ്മെ ക്രിസ്തുവിൽ കൂടി കാണുന്നതുകൊണ്ടു നമ്മുടെ അകൃത്യങ്ങളെ നമുക്കെതിരെ ഓർക്കുന്നില്ല. പാപങ്ങളെക്കുറിച്ചുള്ള ഓർമ്മ നിമിത്തമാണ് വീണ്ടും വീണ്ടും യാഗങ്ങൾ അർപ്പിക്കുന്നത്. ക്രിസ്തുവിന്റെ ക്രൂശുമരണം സമ്പൂർണ്ണ വീണ്ടെടുപ്പു സാധിപ്പിച്ചു. അതുകൊണ്ട് ഇനിയും മറ്റൊരു യാഗത്തിന്റെ ആവശ്യം ഇല്ല. കർത്താവിന്റെ മേശ ആചരിക്കുമ്പോൾ ഒരിക്കലായി അവൻ ചെയ്ത യാഗത്തെക്കുറിച്ചുള്ള ഓർമ്മ നാം പുതുക്കുകയാണ് ചെയ്യുന്നത് (1 കൊരി. 11:20).

## ക്രിസ്തു ജീവനുള്ള പുതുവഴി (10:19-25)

ക്രിസ്തുവിന്റെ ഏകയാഗത്തിന്റെ ശ്രേഷ്ഠതയും അവൻ സ്ഥാപിച്ച പുതിയനിയമത്തിന്റെ ഔന്നത്യവും അവൻ സ്വർഗ്ഗത്തിൽ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നതുകൊണ്ടുള്ള അനുഗ്രഹങ്ങളും നാം കഴിഞ്ഞ അദ്ധ്യായങ്ങളിൽ കാണുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ എബ്രായ ക്രിസ്ത്യാനികൾക്കു നൽകുന്ന പ്രബോധനമാണ് നാം തുടർന്നു കാണുന്നത്. സമാഗമനകൂടാരത്തിലെ അതിപരിശുദ്ധ സ്ഥലത്ത് ആണ്ടിൽ ഒരിക്കൽ മഹാപുരോഹി തനു കടന്നുചെല്ലുവാൻ കഴിഞ്ഞിരുന്നു. അതും ഭയത്തോടുകൂടെ മാത്രമേ സാധിക്കുമായിരുന്നുള്ളൂ. ഒരു തിരശ്ശീല അതിനെ മറച്ചിരുന്നു. അതു ക്രിസ്തുവിന്റെ ശരീരത്തിനു സദൃശമാകുന്നു. ക്രിസ്തുവിന്റെ മരണത്തിങ്കൽ ആ തിരശ്ശീല മേൽത്തൊട്ട് അടിയോളം ചീന്തപ്പെട്ടു (മർക്കൊ. 15:38). അങ്ങനെ ദൈവസന്നിധിയിലേക്കുള്ള പുതുവഴി ക്രിസ്തുവിന്റെ ദേഹമെന്ന തിരശ്ശീല ചീന്തിക്കൊണ്ടു പ്രതിഷ്ഠിക്കപ്പെട്ടു (10:19). അവന്റെ രക്തം സകല പാപവും പോക്കുന്നതാകയാൽ ദൈവസന്നിധിയിൽ പ്രവേശിക്കുവാൻ നമുക്കു ധൈര്യം നൽ കുന്നു. ക്രിസ്തു ഉയിർത്തെഴുന്നേറ്റു ജീവിക്കുന്നതിനാൽ ഇതു ജീവനുള്ള പുതുവഴിയാകുന്നു (7:25). അവൻ നമ്മുടെ എന്നേക്കും ജീവിക്കുന്ന മഹാപുരോഹിതനാകയാൽ നമ്മെ മുഴുവനായും ശുദ്ധീകരിക്കുവാൻ കഴിവുള്ളവനാകുന്നു. നമ്മുടെ ഹൃദയവും മനസ്സും ശരീരവും വിശുദ്ധിയുള്ളതാകുന്നത് എത്ര ധന്യമായ അനുഭവം ആകുന്നു. നമ്മുടെ മഹാപുരോഹിതൻ അതിനു കഴിവുള്ളവനാകുന്നു. പുരോഹിതന്മാർ ശുശ്രൂഷിക്കുന്നതിനു മുൻപു ശരീരം കഴുകിയിരുന്നു (ലേവ്യ 16:4). പരിശുദ്ധാത്മാവിനെ അനുസരിച്ചു ജീവിക്കു മ്പോൾ മനസ്സാക്ഷിയും ശരീരവും ശുദ്ധീകരിക്കപ്പെടുന്ന അനുഭവം ഉണ്ടാകുന്നു (1 യോഹ. 1:7-2:2). അപ്പോൾ ദൈവസാന്നിദ്ധ്യബോദ്ധമുള്ളവരായി പൂർണ്ണധൈര്യത്തോടെ കർത്താവിനെ ആരാധിക്കുന്നവരാകുവാൻ നമുക്കു കഴിയും. അതിനായി നമ്മെ ആഹ്വാനം ചെയ്യുന്നു.

നാം പരമാർത്ഥഹൃദയത്തോടെ ദൈവമുൻപാകെ വരണം എന്നു ദൈവം കല്പിക്കുന്നു. കപടമില്ലാത്ത ഹൃദയത്തെ മാത്രമേ ദൈവം അംഗീകരിക്കയുള്ളൂ (സങ്കീ. 51:16,17). കർത്താവിന്റെ കാലത്തുള്ള പുരോഹിതന്മാരും ശാസ്ത്രിമാരും കപടഭക്തരായിരുന്നു. ദൈവമക്കളുടെ സ്നേഹം പരമാർത്ഥത ഉള്ളതായിരിക്കണം. ദൈവം ഹൃദയങ്ങളെ ശോധന ചെയ്യുന്നവനാണ്. ദൈവവചനത്തെ സംശയിക്കാതെ വിശ്വാസത്തിന്റെ ഉറപ്പുള്ളവരായി നാം കടന്നു ചെല്ലണം. അപ്പോൾ നാം അധൈര്യപ്പെടുകയില്ല.

ദൈവമക്കൾ സ്വർഗ്ഗീയവിളി ലഭിച്ചവരും പ്രത്യാശയിൽ സന്തോഷിക്കുന്നവരും ആകണം (3:1,6). ക്രിസ്തുവിൽ വിശ്വസിക്കുന്നവരാണ് അവനിൽ പ്രത്യാശയുള്ളവർ. ആ പ്രത്യാശയിൽ ഉറച്ചുനിൽക്കുവാൻ നമുക്ക് ആവശ്യമുണ്ട്. കർത്താവിന്റെ വരവിങ്കൽ നമ്മുടെ വിശ്വാസവും പ്രത്യാശയും പൂർണ്ണമാകും. കർത്താവു വാഗ്ദത്തങ്ങളിൽ വിശ്വസ്തൻ ആകുന്നു. അതുകൊണ്ട് അവനിൽ വിശ്വസിക്കുന്നവർ പിൻമാറിപ്പോകയില്ല. അന്നു ചിലർ സഭായോഗ ങ്ങൾ ഉപേക്ഷയായി കരുതിയിരുന്നു. തൽഫലമായി അവർ ആത്മീയ അല സത ഉള്ളവരായി. സഭായോഗംകൊണ്ടുള്ള ഉദ്ദേശം ദൈവത്തെ കൂട്ടമായി ആരാധിക്കുവാനും, അന്യോന്യം സ്നേഹവും സൽപ്രവൃത്തികളിൽ ഉത്സാ ഹവും വർദ്ധിക്കുവാനും ഇടയാകണം എന്നുള്ളതായിരുന്നു. അതിനു നാം അന്യോന്യം പ്രബോധിപ്പിക്കണം. വിശ്വാസികൾക്ക് എന്തു ലഭിക്കുന്നു എന്ന തിനേക്കാൾ എന്തു കൊടുക്കുവാൻ കഴിയുന്നു എന്നതിനാണ് ഇവിടെ പ്രാധാന്യം. കർത്താവിന്റെ വരവു സമീപിച്ചിരിക്കയാൽ അതു നാം അധിക മായി ചെയ്യേണ്ടതാകുന്നു.

## മനഃപൂർവ്വം പാപം ചെയ്താലുണ്ടാകാവുന്ന അപകടം (10:26-39)

എബ്രായ ക്രിസ്ത്യാനികൾ രക്ഷിക്കപ്പെട്ടവരും വിശ്വാസത്തിനുവേണ്ടി ബഹുകഷ്ടം സഹിച്ചവരുമായിരുന്നു. സമ്പത്തിന്റെ അപഹാരം സന്തോഷത്തോടെ അവർ സഹിച്ചു. പീഡനം മൂലം കൂത്തുകാഴ്ചയായി തീർന്ന അവർ നിരാശരാകയും ക്രിസ്തുവിനോടുള്ള താല്പര്യം കുറഞ്ഞുപോകയും ചെയ്ത സാഹചര്യത്തിൽ എഴുതിയ ലേഖനമാണ് ഇത്. ദൈവവചനത്തോടുള്ള അവഗണന സംശയവും, സംശയം അലസതയും, അലസത അവജ്ഞയും ഉളവാക്കി (2:1; 3:12,13; 4:2; 6:6; 10:26). ഇവർ ക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനം ലഭിച്ചവരാണ്. അവർ സുവിശേഷം കേട്ടവരാണ്. എന്നാൽ അതു വിശ്വാസമായി പരിണമിച്ചില്ല. അവരുടെ തനിസ്വഭാവം നാം 29-ാം വാക്യത്തിൽ കാണുന്നു. ദൈവപുത്രനെ നിന്ദിക്കുന്നവരും, അവന്റെ രക്തത്തെ മലിനം എന്നു നിരൂപിക്കുന്നവരും, കൃപയുടെ

ആത്മാവിനെ നിന്ദിക്കുന്ന വരുമാണ്. അവർ പാപപരിചയം ഉള്ളവരാകുന്നു. രക്ഷിക്കപ്പെട്ടവർ പരീക്ഷിക്കപ്പെടുമ്പോൾ പാപംചെയ്തുപോകാവുന്നതാണ്. എന്നാൽ അവർ പാപജീവിതം നയിക്കുന്നവരാകയില്ല. പാപങ്ങൾ ഏറ്റുപറഞ്ഞു ദൈവത്തോടു നിരപ്പു പ്രാപിക്കും (1 യോഹ. 1:7-9). ഇവിടെ രക്ഷിക്കപ്പെടാത്തവരെക്കുറിച്ചാണ് സൂചിപ്പിക്കുന്നത്. ന്യായപ്രമാണത്തിൽ മനഃപൂർവ്വം പാപംചെയ്യുന്നതിന് ഒരു യാഗവും ഉണ്ടായിരുന്നില്ല (പുറ. 21:12-14). ക്രിസ്തുവിനോടു മനഃപൂർവ്വം ചെയ്യുന്ന പാപത്തിന്റെ ശിക്ഷ 26,27,31 എന്നീ വാക്യങ്ങളിൽ സൂചിപ്പിച്ചിരിക്കുന്നു. അവർ ദൈവത്തിന്റെ ശിക്ഷാവിധിക്കു യോഗ്യരാകും. സുവിശേഷം കേട്ടവരെങ്കിലും രക്ഷിക്കപ്പെടാത്തവർക്കുള്ള മുന്നറിയിപ്പാണ് ഇവിടെ കാണുന്നത്.

എബ്രായ ക്രിസ്ത്യാനികൾ സഹിച്ച കഷ്ടതകളെ ഓർമ്മിപ്പിച്ചുകൊണ്ടു ക്രിസ്തുവിലുള്ള വിശ്വാസത്തിൽ അവസാനത്തോളം നിലനിൽക്കുവാൻ ഇവിടെ പ്രബോധിപ്പിക്കുന്നു. അവർ ദേഹോപദ്രവം സന്തോഷത്തോടെ സഹിച്ചു. വിശ്വാസത്തിനുവേണ്ടി വന്യമൃഗങ്ങളുടെ മുൻപിൽ ഇട്ടു കൂത്തുകാഴ്ചയാക്കി അവരെ തീർത്തു. അന്നു വിശ്വാസികൾ തടവറയിൽ ദുഷ്പ്രവൃ ത്തിക്കാരെപ്പോലെ അടയ്ക്കപ്പെട്ടിരുന്നു. അവരോടു സഹതാപം കാണിക്കുവാൻ എബ്രായ ക്രിസ്ത്യാനികൾ തയ്യാറായിരുന്നു. സമ്പത്തിന്റെ അപഹാരം സന്തോഷത്തോടെ സഹിച്ചതു സ്വർഗ്ഗത്തിലുള്ള അവരുടെ സമ്പത്തിനെ ക്കുറിച്ചു വിശ്വാസമുണ്ടായിരുന്നതുകൊണ്ടാണ്. അതു പ്രാപിപ്പാൻ ദൈവേഷ്ടം ചെയ്യുവാനും കഷ്ടങ്ങളിൽ സഹിഷ്ണുത കാണിക്കുവാനും പ്രബോധിപ്പിക്കുന്നു. അതിനു ഹബക്കൂക് പ്രവചനത്തിൽനിന്നും രണ്ടു വാക്യങ്ങൾ ഉദ്ധരിച്ചിരിക്കുന്നു (2:3,4). ആത്മീയ അധഃപതനം സംഭവിച്ച യിസ്രായേൽ പ്രവാസത്തിൽ പോയി. എന്നാൽ അവരെ പ്രവാസികളാക്കിയ കൽദയരെ ന്യായം വിധിക്കും എന്നു ദൈവം പ്രവാചകന് ഉറപ്പുനൽകുന്നു. അതുപോലെ എബ്രായ ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നവർ ന്യായം വിധിക്കപ്പെടുമെന്ന് ഉറപ്പുനൽകുന്നു. കഷ്ടതകളുടെ മദ്ധ്യത്തിൽ പിൻമാറാതെ മുൻപോട്ടുപോകുവാൻ ഇവിടെ ആഹ്വാനം നൽകുന്നു. അതിനു ക്രിസ്തുവിലുള്ള വിശ്വാസം ആവശ്യമാകുന്നു. കാഴ്ചയാൽ ജീവിക്കുന്നവർ പിൻ മാറിപ്പോകും. അവരുടെ ജീവിതം പ്രയോജനശൂന്യമായി തീരും. ക്രിസ്തുവിലുള്ള വിശ്വാസം സമൃദ്ധിയായ രക്ഷയുടെ അനുഭവമുള്ളവരാകുവാൻ നമ്മെ സഹായിക്കും. അതാണ് ജീവരക്ഷ പ്രാപിക്കുക എന്നതുകൊണ്ടുള്ള ആശയം (10:39).

## അദ്ധ്യായം 11

### വിശ്വാസ ജീവിതത്തിനുള്ള ആഹ്വാനം

കഴിഞ്ഞ അദ്ധ്യായങ്ങളിൽ ക്രിസ്തുവിന്റെ ആളത്വത്തിന്റെയും ശുശ്രൂഷയുടെയും ശ്രേഷ്ഠതകൾ കാണുവാൻ നമുക്കു സാധിച്ചു. 11 മുതലുള്ള മൂന്ന് അദ്ധ്യായങ്ങളിൽ വിശ്വാസജീവിതം എങ്ങനെ നയിക്കണം എന്നുള്ളതിനെക്കുറിച്ചുള്ള പ്രബോധനമാണ് കാണുന്നത്. എബ്രായ ക്രിസ്ത്യാനികൾ രക്ഷിക്കപ്പെട്ടവർ ആയിരുന്നു. എന്നാൽ അവരുടെ അവിശ്വാസം നിമിത്തം ആത്മീയ അനുഗ്രഹങ്ങൾ പ്രാപിക്കുന്നതിൽ പരാജയപ്പെട്ടു (3:19). അവരുടെ അവിശ്വാസ മുള്ള ദുഷ്ടഹൃദയത്തെക്കുറിച്ചു ലേഖന കർത്താവു ഭാരപ്പെട്ടിരുന്നു (3:12). ക്രിസ്തീയ ജീവിതം വിശ്വാസത്താൽ നയിക്കേണ്ടതാകുന്നു എന്നു തെളി യിക്കുവാൻ ഹബക്കൂക് പ്രവചനത്തിൽനിന്നും ഉദ്ധരിച്ചിരിക്കുന്നതു നാം 10:38-ാം വാക്യത്തിൽ കാണുന്നു. "നീതിമാനോ വിശ്വാസത്താൽ ജീവിക്കും." 11-ാം അദ്ധ്യായത്തിൽ വിശ്വാസ വീരന്മാരുടെ പട്ടിക നൽകിക്കൊണ്ട് ക്രിസ്തുവിലുള്ള വിശ്വാസത്തിൽ പൂർണ്ണനിശ്ചയമുള്ള ജീവിതം നയിക്കുവാൻ വിശ്വാസികളെ ആഹ്വാനം ചെയ്യുന്നു.

### എന്താണ് വിശ്വാസം (11:1-3)

ബൈബിൾ വെളിപ്പെടുത്തുന്ന വിശ്വാസം അന്ധമായ ശുഭാപ്തിവിശ്വാസമല്ല. അതു വെറും കുറെ ഉപദേശങ്ങളിലുള്ള വിശ്വാസവുമല്ല. യുക്തിരഹിത മായ നിഗമനവുമല്ല വിശ്വാസം. ആത്മീയ അനുഭവങ്ങളെയും വിശ്വാസം എന്നു പറയുവാൻ കഴിയുന്നതല്ല. സംഭവിക്കുവാൻ സാദ്ധ്യമല്ലാത്ത കാര്യങ്ങൾ സംഭവിക്കുമെന്നു മനസ്സിൽ ഉറയ്ക്കുന്നതുമല്ല വിശ്വാസം.

യഥാർത്ഥ വിശ്വാസം ദൈവവചനത്തിൽ വെളിപ്പെടുത്തിയിട്ടുള്ള വാഗ്ദത്ത ങ്ങളിലുള്ള ഉറപ്പാകുന്നു. എന്തിൽ വിശ്വസിക്കുന്നതിനേക്കാൾ ആരിൽ വിശ്വസിക്കുന്നു എന്നുള്ളതിനാണ് ഇവിടെ പ്രാധാന്യം. വാഗ്ദത്തം ചെയ്തവൻ വിശ്വസ്തൻ എന്നുള്ള ഉറപ്പാണ് യഥാർത്ഥ വിശ്വാസം. ദൈവം ഒപ്പിട്ടു തന്ന ക്രിസ്തുവിലൂടെയുള്ള അവകാശത്തിന്റെ ആധാരം അഥവാ കരാറാകുന്നു വിശ്വാസം. ദൈവത്തിനു മാറ്റമില്ലാത്തതുപോലെ അതിനും മാറ്റമില്ല. ദൈവം വാക്കുമാറാത്തവനും സർവ്വശക്തനുമാകുന്നു. അവന്റെ വാഗ്ദത്തങ്ങൾ കേൾക്കയും വിശ്വസിക്കയും അനുസരിക്കയും ചെയ്യുന്നതാണ് വിശ്വാസജീവിതം. അതിനു ദൈവത്തെക്കുറിച്ചുള്ള അറിവ് ആവശ്യമാകുന്നു (യോഹ. 17:3). ക്രിസ്തു പിതാവിനെ വെളിപ്പെടുത്തിയിരിക്കുന്നു (യോഹ. 1:18; മത്താ. 11:27). യേശുക്രിസ്തുവിന്റെ മരണപുനരുത്ഥാനത്തിൽ വിശ്വസിച്ച് അവനെ അറിയുന്നതാണ് യഥാർത്ഥ വിശ്വാസം (1 യോഹ. 2:22,23). ദൈവം ക്രിസ്തുവിനെക്കുറിച്ചു സാക്ഷിച്ചിരിക്കുന്നതു നാം വിശ്വസിക്കണം (1 യോഹ. 5:9). മനസ്സുകൊണ്ടു മനസ്സിലാക്കയും ഹൃദയംകൊണ്ട് അംഗീകരിക്കയും ശരീരംകൊണ്ട് അനുസരിക്കയും ചെയ്യുന്ന വിശ്വാസത്തിൽ ദൈവം പ്രസാദിക്കുന്നു (മത്താ. 11:28,29; 16:24). വിശ്വാസം കൂടാതെ ആർക്കും ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുന്നതല്ല (11:6).

വിശ്വാസം എന്നതോ ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു (11:1). ആശിക്കുക എന്നതുകൊണ്ടുള്ള അർത്ഥം ഭാവിയിൽ സംഭവിക്കും എന്നുള്ള പ്രത്യാശ അഥവാ ഉറപ്പാണ്. ആ ഉറപ്പു വിശ്വാസത്താൽ ലഭിക്കുന്നു. അവ ബാഹ്യദൃഷ്ടികൊണ്ടു കാണുവാൻ കഴിയുന്നതല്ല. ദൈവം വാഗ്ദത്തം ചെയ്തതു നിവർത്തിക്കുവാൻ ശക്തിയുള്ളവനാണെന്നു വിശ്വസിക്കണം. ദൈവവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ സത്യമാണെന്ന് അംഗീകരിക്കുന്നതും വിശ്വാസത്താലാണ്. അതുപോലെ നമുക്കു ദൈവം വാഗ്ദത്തം ചെയ്തിട്ടുള്ള കാര്യങ്ങളിൽ പ്രത്യാശ ഉള്ളവരാകുന്നതും വിശ്വാസത്താൽ ആകുന്നു. അത് ഒരു കെട്ടിടത്തിന്റെ അടിസ്ഥാനത്തിനു തുല്യമാണ്. പഴയനിയമകാലത്തു ജീവിച്ച ഭക്തന്മാർ അവരുടെ വിശ്വാസജീവിതത്തെക്കുറിച്ചു ദൈവത്തിൽനിന്നും സാക്ഷ്യം ലഭിച്ചവരായിരുന്നു. അവരെക്കുറിച്ച് ഈ അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് അവരുടെ വിശ്വാസം നാം അനുകരിക്കേണ്ടതിനാണ്. ദൈവം ശക്തിയുള്ള വചനത്താൽ സകലവും സൃഷ്ടിച്ചു എന്നു പ്രസ്താവിക്കുന്നു. കാര്യകാരണ സിദ്ധാന്തത്തിനു തെളിയിക്കുവാൻ കഴിയാത്തത്, വിശ്വാസത്താൽ അംഗീകരിക്കുവാൻ കഴിയും. അവിശ്വാസികൾക്കു കാണാൻ കഴിയാത്ത കാര്യങ്ങൾ വിശ്വാസികൾക്കു ദൈവവചനത്തിൽക്കൂടി ദർശിക്കുവാൻ കഴിയും (11:7) എന്നു സാരം. 'വിശ്വാസം ഭാവിയെ ഇന്നെന്നപോലെയും അദൃശ്യമായവയെ ദൃശ്യമായതുപോലെയും കരുതുവാൻ ഇടയാക്കു'മെന്ന് ഒരു ഭക്തൻ അഭിപ്രായപ്പെടുന്നു. അതാണ് വിശ്വാസവീരന്മാരുടെ ചരിത്രം തെളിയിക്കുന്നത്.

## വിശ്വാസവീരന്മാർ (11:4 – 40)

### വിശ്വാസത്തിന്റെ ആരാധന (11:4; ഉല്പ. 4:1-7)

ഹാബേലിന്റെ യാഗത്തിൽ ദൈവം പ്രസാദിച്ചു. കയീന്റെ യാഗത്തിൽ പ്രസാദിച്ചില്ല. വഴിപാടുകളുടെ ഏറ്റക്കുറച്ചിലല്ല അതിന്റെ കാരണം. അതു കഴിച്ച വ്യക്തികളുടെ സ്വഭാവത്തിലുള്ള വ്യത്യാസമാണ് ഇവിടെ പ്രസക്തം. കയീൻ ദുഷ്ടനിൽനിന്നുള്ളവനും അവന്റെ പ്രവൃത്തി ദോഷമുള്ളതും ആയിരുന്നു (1 യോഹ. 3:12). ഹാബേലിന്റെ പ്രവൃത്തി നീതിയുള്ളതായിരുന്നു. ഹാബേലിലുണ്ടായിരുന്ന വിശ്വാസം കയീനുണ്ടായിരുന്നില്ല. ഹാബേൽ നീതിമാനായിരുന്നു എന്നു കർത്താവു പറഞ്ഞിട്ടുണ്ട് (മത്താ. 23:35). ഇന്നു നാം നീതീകരിക്കപ്പെടുന്നതു ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ ആകുന്നു. ഹാബേലിന്റെ യാഗം വിശ്വാസത്തോടുകൂടിയതായിരുന്നു. ഇന്നും ദൈവം പ്രസാദിക്കുന്നതു ക്രിസ്തുവിലുള്ള വിശ്വാസത്തോടുകൂടി നാം അർപ്പിക്കുന്ന ആരാധനയിലാണ്. കയീൻ മതഭക്തനായിരുന്നു എന്നാൽ നീതീകരിക്കപ്പെട്ടിരുന്നില്ല. ഹാബേൽ അർപ്പിച്ച യാഗം ക്രിസ്തുവിന്റെ ക്രൂശുമരണത്തിന്റെ നിഴലാകുന്നു. അവൻ ലോകസ്ഥാപനത്തിനു മുൻപേ അറുക്കപ്പെട്ട കുഞ്ഞാടാകുന്നു. ഹാബേൽ ആ സത്യം മനസ്സിലാക്കിയിരുന്നു. മരിച്ചശേഷവും അവൻ വിശ്വാസത്താൽ സംസാരിച്ചുകൊണ്ടിരിക്കുന്നു. ഹാബേലിന്റെ വിശ്വാസം നമുക്കും അനുകരിക്കാം.

### വിശ്വാസത്തിന്റെ നടപ്പ് (11:5,6; ഉല്പ. 5:21-24)

ആദാം മുതൽ ഏഴാമനായിരുന്നു ഹാനോക്. ഏകദേശം ആദാം മുതൽ 500 വർഷങ്ങൾക്കു ശേഷമാണ് ഹാനോക് ജനിക്കുന്നത്. അത് അഭക്തികൊണ്ടു നിറഞ്ഞ കാലഘട്ടമായിരുന്നു. അതിന്റെ മദ്ധ്യത്തിൽ ഹാനോക് ദൈവത്തെ അന്വേഷിച്ചു. അവൻ ദൈവത്തോടുള്ള കൂട്ടായ്മയിൽ കുടുംബ ജീവിതം നയിച്ചു. അവൻ ദൈവത്തെ പ്രസാദിപ്പിച്ചുകൊണ്ടു 300 വർഷ ത്തോളം ജീവിച്ചു. ദൈവത്തെ അന്വേഷിക്കുന്നവർക്കു പ്രതിഫലം ദൈവം നൽകും എന്ന് അവൻ വിശ്വസിച്ചു. ഭക്തികെട്ടവരെ വിധിപ്പാൻ കർത്താവ് ആയിരമായിരം വിശുദ്ധന്മാരോടുകൂടെ വരുന്നു എന്ന് അവൻ പ്രവചിച്ചു (യൂദാ 14,15). ഹാനോക് മരണം കൂടാതെ എടുക്കപ്പെട്ടു. അതിനു മുൻപേ അവൻ ദൈവത്തെ പ്രസാദിപ്പിച്ചു എന്നു സാക്ഷ്യം പ്രാപിച്ചിരുന്നു. അവൻ മരിക്കാതെ രൂപാന്തരപ്പെട്ടു സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു (ഫിലി. 3:21). ഹാനോക് വിശ്വാസികളുടെ രൂപാന്തരത്തിന്റെ നിഴലാണ്. സഭയുടെ എടുക്കപ്പെടലിനെയും സാദൃശീകരിക്കുന്നു. വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുന്നതല്ലെന്നു ഹാനോക് വിശ്വസിച്ചിരുന്നു (11:6). ദൈവത്തെക്കുറിച്ചുള്ള അറിവല്ല വിശ്വാസം. അവനെ അനുസരിക്കുന്ന ജീവിതമാണ് യഥാർത്ഥ വിശ്വാസം എന്ന് ഇവിടെ വ്യക്തമാകുന്നു (യാക്കോ. 2:19). ഹാനോക്കിന് ദൈവത്തെ അന്വേഷിക്കുന്നതിലും, കൂടെ നടക്കുന്നതിലും, പ്രവചിക്കുന്നതിലും വിശ്വാസം ഉണ്ടായിരുന്നതായി മനസ്സിലാക്കാം.

### നോഹയുടെ വിശ്വാസത്തിന്റെ വേല (11:7; ഉല്പ. 6:18)

ദൈവം ലോകത്തെ ജലപ്രളയത്തിൽ കൂടെ നശിപ്പിക്കും എന്നു നോഹ യ്ക്കു മുന്നറിവു ലഭിച്ചു (ഉല്പ. 6:17). നോഹ ദൈവകല്പന വിശ്വസിച്ച് ഒരു പെട്ടകം തന്റെ കുടുംബത്തിന്റെ രക്ഷയ്ക്കായി പണിതു. വരുവാൻ പോകുന്ന ന്യായവിധിയെക്കുറിച്ചു 120 വർഷം പ്രസംഗിച്ചു. നീതിമാനും നിഷ്കളങ്കനുമായി ആ ദുഷ്ടതലമുറയിൽ അവൻ ജീവിച്ചു. അവന്റെ ജീവിതത്തിൽ കൂടെ ലോകത്തെ കുറ്റം വിധിച്ച് വിശ്വാസത്താലുള്ള നീതിക്ക് അവകാശിയായി ത്തീർന്നു. നോഹ ഉണ്ടാക്കിയ പെട്ടകം ദൈവത്തിന്റെ ന്യായവിധിയിൽനിന്നും രക്ഷ പ്രാപിപ്പാനുള്ളതായിരുന്നു. അതു ക്രിസ്തുവിന് ഒരു മുൻകുറിയാണ്. അവന്റെ മരണപുനരുത്ഥാനം പാപികളെ രക്ഷിക്കുവാനുള്ള പെട്ടകം ആകുന്നു. അതു സ്നാനത്തിനു മുൻകുറിക്കൂടിയാകുന്നു (1 പത്രൊ. 3:21). സ്നാനം ക്രിസ്തുവിന്റെ മരണപുനരുത്ഥാനത്തെ കാണിക്കുന്നു. ജീവന്റെ പുതുക്ക ത്തിൽ നടക്കേണ്ടവരാണ് രക്ഷിക്കപ്പെട്ടവർ. അന്നു രക്ഷിക്കപ്പെട്ട

വർ 8 പേർ മാത്രമായിരുന്നു. നോഹയുടെ വിശ്വാസം തന്റെ കുടുംബത്തെ സ്വാധീനിച്ചിരുന്നു. ഇന്നും യഥാർത്ഥ വിശ്വാസികൾ ഒരു ന്യൂനപക്ഷം മാത്രമാണ്. പെട്ടകം വെള്ളത്തിലായിരുന്നു. അവർ വെള്ളത്തിലൂടെ രക്ഷപ്പെട്ടു. ക്രിസ്തു സഹിച്ച മരണം നമ്മുടെ രക്ഷയ്ക്കായിട്ടായിരുന്നു. സ്നാനം ദൈവത്തോടുള്ള നല്ല മനസ്സാക്ഷിക്കായിട്ട് അനുസരിക്കേണ്ട ഒന്നാണ്. ദൈവത്തിന്റെ കല്പന ചോദ്യം ചെയ്യാതെ അനുസരിക്കുന്നതാണ് നല്ല മനസ്സാക്ഷി. സ്നാനം നാം പുതിയ സൃഷ്ടിയായിരിക്കുന്നു എന്നുള്ളതിന്റെ സാക്ഷ്യം ആകുന്നു. നോഹയും കുടുംബവും പുതിയ ഭൂമിയിൽ നടന്നതുപോലെ രക്ഷിക്കപ്പെട്ടവർ ജീവന്റെ പുതുക്കത്തിൽ നടക്കുന്നവർ ആകണം. കർത്താവിന്റെ വരവു നോഹയുടെ കാലംപോലെയുള്ള സമയത്ത് ഉണ്ടാകും എന്നു കർത്താവു മുന്നറിയിപ്പു നൽകുന്നു (മത്താ. 24:36 –42).

## അബ്രഹാമിന്റെ വിശ്വാസത്തിന്റെ അനുസരണം (11:8–19)

അബ്രഹാമിന്റെ ജീവിതം വിശ്വാസത്തിന്റെ ശ്രേഷ്ഠതകൾ വെളിപ്പെടുത്തുന്നു. അബ്രഹാം വിശ്വാസികളുടെ പിതാവ്, ദൈവത്തിന്റെ സ്നേഹിതൻ, ദൈവത്തോടുകൂടെ നടന്നവൻ എന്നീ പേരുകളിൽ അറിയപ്പെടുന്നു. കൽദയരുടെ ദേശമായ മെസൊപ്പൊത്താമ്യയിൽ സൂര്യചന്ദ്രാദികളായ വിഗ്രഹ ങ്ങളെ സേവിച്ച് അബ്രഹാം ജീവിച്ചിരുന്ന ഘട്ടത്തിലാണ് തേജോമയനായ ദൈവം അവനു പ്രത്യക്ഷപ്പെട്ടത് (പ്രവൃ. 7:2). സൂര്യനെ കവിയുന്ന തേജസ്സുള്ളവനായി അവൻ ദൈവത്തെ കണ്ടു. അബ്രഹാമിന്റെ സത്യം അന്വേഷിക്കുന്ന ഹൃദയം ദൈവത്തിങ്കലേക്ക് ആകർഷിക്കപ്പെട്ടു. അപ്പോൾ ദൈവത്തിന്റെ വിളി അനുസരിക്കുവാൻ അബ്രഹാമിനു കഴിഞ്ഞു. അബ്രഹാം സ്വന്ത ദേശവും ചാർച്ചക്കാരും ജീവിതഭദ്രത നൽകുന്ന സകലവും വിട്ട് ദൈവവിളി കേട്ട് എവിടേക്കു പോകുന്നു എന്നറിയാതെ പുറപ്പെട്ടു (11:8). അത് അനുസരണമുള്ള വിശ്വാസം ആയിരുന്നു.

വിശ്വാസത്താൽ അബ്രഹാം വാഗ്ദത്തദേശത്ത് ഒരു അന്യദേശത്ത് എന്നപോലെ ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങൾ ഉള്ളതുമായ നഗരത്തിനായി കാത്തിരുന്നു (11:9,10). 100 വർഷത്തെ ചരിത്രമാണ് അത്. അബ്രഹാമിനു ദൈവവിളി ഉണ്ടായത് 75 വയസ്സുള്ളപ്പോൾ ആയിരുന്നു. അവന്റെ ആയുഷ്കാലം 175 വയസ്സുവരെ ആയിരുന്നു. വാഗ്ദത്തദേശത്ത് ഒരു വീടു പണിതില്ല. കൂടാരത്തിൽ വാഗ്ദത്തത്തിനു കൂട്ടവകാശികളായ യിസ്ഹാക്കിനോടും യാക്കോബിനോടും കൂടെ പാർത്തു. യാഗപീഠം പണിതു പാർത്തു എന്നും കാണുന്നു. ദൈവത്തോടുള്ള കൂട്ടായ്മയും ഭക്തി യും ഉള്ളവനായി ദൈവത്തിന്റെ നഗരത്തെക്കുറിച്ചുള്ള പ്രത്യാശയിൽ വാഗ്ദത്ത ദേശത്തു പരദേശിയെപ്പോലെ ജീവിച്ചു. അബ്രഹാമിന്റെ വിശ്വാസം പ്രത്യാശ യുള്ളതായിരുന്നു. വിശ്വാസികൾ ഈ ലോകത്തിൽ പരദേശികൾ മാത്രമാകുന്നു (1 പത്രൊ. 2:11). അബ്രഹാം വിശ്വാസക്കണ്ണുകളാൽ ക്രിസ്തുവിനെ കണ്ടിരുന്നു (യോഹ. 8:56). അവൻ നമുക്കായി സ്ഥലം ഒരുക്കുവാൻ പോയിരിക്കുന്നു. ആ നല്ല കർത്താവിനെക്കുറിച്ചുള്ള പ്രത്യാശയിൽ നമുക്കു ജീവിക്കാം (യോഹ. 14:1,2).

അബ്രഹാമും സാറയും പുത്രോല്പാദനത്തിനുള്ള പ്രായം കഴിഞ്ഞവർ ആയിരുന്നു (11:11). അവർക്ക് ഒരു മകൻ ജനിക്കുമെന്നും അവൻ വലിയ ജാതിയാകും എന്നും വാഗ്ദത്തം ചെയ്തിരുന്നു. 24 വർഷങ്ങൾ കഴിഞ്ഞിട്ടും അതു നിവർത്തിയായില്ല. എന്നാൽ വാഗ്ദത്തം ചെയ്ത ദൈവം പ്രവർത്തിപ്പാൻ ശക്തൻ എന്നു പൂർണ്ണമായി വിശ്വസിച്ചിരുന്നു. അബ്രഹാമിന്റെ വിശ്വാസത്തിന്റെ പ്രത്യേകതകൾ നാം റോമർ 4:17–22 വരെയുള്ള വാക്യങ്ങളിൽ കാണുന്നു. ആശയ്ക്കു വിരോധമായി ആശയോടെ വിശ്വസിച്ചു. ക്ഷീണിക്കാതെ വിശ്വസിച്ചു. സംശയിക്കാതെ വിശ്വാസത്തിൽ ശക്തിപ്പെട്ടു ദൈവത്തിനു മഹത്വം കൊടുത്തു. ദൈവം തക്ക സമയത്തു തന്റെ വാഗ്ദത്തങ്ങൾ നിവർത്തിക്കുന്നവനാണെന്നു യോസേഫിന്റെ അനുഭവം വ്യക്തമാക്കുന്നു. അബ്രഹാം ദൈവത്തെ സർവ്വശക്തിയുള്ള, മതിയായവനായ ദൈവമായി മനസ്സിലാക്കിയിരുന്നതാണ് താൻ വിശ്വാസത്തിൽ ക്ഷീണിക്കാതിരുന്നതിനുള്ള കാരണം (ഉല്പ. 17:1). എബ്രായ ക്രിസ്ത്യാനികൾക്കു വിശ്വാസത്തിൽ ക്ഷീണിക്കാതെ സ്ഥിരതയുള്ളവരാകുവാൻ ഹാബേൽ, ഹാനോക് തുടങ്ങിയവരുടെ വിശ്വാസജീവിതത്തെ അനുകരിക്കുവാൻ ആഹ്വാനം നൽകുന്നു. അവർ പിന്മാറിപ്പോകുന്നവരല്ലായിരുന്നു. സ്വർഗ്ഗീയമായതിൽ അവർ ദൃഷ്ടി ഉറപ്പി ച്ചിരുന്നു. ഭൂമിയിലെ താല്ക്കാലിക സുഖങ്ങൾക്ക് അവർ അടിമപ്പെടാതെ ദൈവത്തിൽ സന്തോഷവും സംതൃപ്തിയും കണ്ടെത്തിയിരുന്നു. അതാണ് യഥാർത്ഥ ക്രിസ്തീയ ജീവിതം.

അബ്രഹാമിന്റെ വിശ്വാസത്തെ തെളിയിക്കുന്ന വലിയ പരീക്ഷയായിരുന്നു യിസ്ഹാക്കിനെ യാഗം കഴിക്കയെന്നുള്ളത് (ഉല്പ. 22). ഈ സംഭവത്തിൽ അബ്രഹാമിന്റെ വിശ്വാസത്തിനാണ് പ്രാധാന്യം. യിസ്ഹാക് വാഗ്ദത്ത സന്തതിയായിരുന്നു. ദൈവവാഗ്ദത്തങ്ങൾ അവനിൽ കൂടിയാണ് നിറവേറേണ്ടി യിരുന്നത് (ഉല്പ. 21:12; 22:12). അബ്രഹാമിനു വാർദ്ധക്യത്തിൽ ജനിച്ച യിസ്ഹാക്കിൽ അവന്റെ സ്നേഹം മുഴുവനും കേന്ദ്രീകരിച്ചിരുന്നു. ദൈവം ആവശ്യപ്പെട്ടപ്പോൾ ആ സ്നേഹം മുഴുവനും ദൈവത്തിനു കൊടുക്കുവാൻ അബ്രഹാം സന്നദ്ധനായി. അതിന്റെ അടിസ്ഥാനത്തിലാണ് അബ്രഹാമിനു ദൈവത്തിന്റെ സ്നേഹിതൻ എന്ന സാക്ഷ്യം ലഭിച്ചത് (2 ദിന. 20:6,7; യെശ. 41:8; യാക്കോ. 2:23). വിശ്വാസം സ്നേഹം ഉളവാക്കും എന്ന് ഇവിടെ വ്യക്തമാകുന്നു. യിസ്ഹാക്കിനെ തരുവാൻ അബ്രഹാം മടിച്ചില്ല എന്ന് അവനു ദൈവത്തിന്റെ സാക്ഷ്യം ലഭിച്ചു (ഉല്പ. 22:12). മരിച്ചവരിൽനിന്ന് എന്നപോലെ അബ്രഹാമിനു യിസ്ഹാക്കിനെ ലഭിച്ചു. അവനെ ഉയിർത്തെഴുന്നേല്പിക്കുവാൻ ദൈവം ശക്തൻ എന്ന് അബ്രഹാം വിശ്വസിച്ചിരുന്നു (11:19). യിസ്ഹാക്കിന് പകരം ഒരു ആട്ടുകൊറ്റൻ കൊല്ലപ്പെട്ടു. യിസ്ഹാക് ക്രിസ്തുവിന്റെ നിഴലാകുന്നു. അവനു പകരം ആരും മരിക്കുവാനുണ്ടായിരുന്നില്ല. അത്രമാത്രം ദൈവം നമ്മെ സ്നേഹിച്ചു. അബ്രഹാമിന്റെ വിശ്വാസം സ്ഥിരതയുള്ളതായിരുന്നു. 75–ാമത്തെ വയസ്സിൽ മകനുണ്ടാകുമെന്നു വാഗ്ദത്തം ലഭിച്ചു. 25

വർഷങ്ങൾ കാത്തിരുന്ന് ഒരു മകനെ ലഭിച്ചു. അവന് ഏകദേശം 20 വയസ്സുള്ളപ്പോൾ ദൈവത്തിന് അവനെ യാഗം അർപ്പിക്കുവാൻ കല്പിച്ചു. അവനെ മരിച്ചവരിൽനിന്ന് എന്നപോലെ തിരികെ കിട്ടി. യിസ്ഹാക്കിനു 40 വയസ്സുള്ള പ്പോൾ വിവാഹം കഴിച്ചു. 20 വർഷങ്ങൾ പിന്നെയും കാത്തിരുന്നു അവനു മക്കൾ ഉണ്ടാകുവാൻ. അവരോടുകൂടെ പാർത്ത് ദൈവം വാഗ്ദത്തം നിവർത്തിക്കുന്നവനാണെന്നു സാക്ഷിക്കുവാൻ അബ്രഹാമിനു കഴിഞ്ഞു. പ്രിയ ദൈവജനമേ, നമ്മുടെ വിശ്വാസ ജീവിതം എങ്ങനെയിരിക്കുന്നു എന്ന് ഒന്നു പരിശോധിക്കാം.

## ശേഷം വിശ്വാസവീരന്മാരുടെ അനുഭവങ്ങൾ (11:20-40)

സാറയുടെ വിശ്വാസവും ശ്രദ്ധേയമാണ്. അബ്രഹാമിന്റെ വിശ്വാസത്തിനു കൂട്ടാളിയായിരുന്നു സാറാ. അവൾ അബ്രഹാമിനെ അനുസരിച്ചു (1 പത്രൊ. 3:5,6). അവൾ വാഗ്ദത്തം ചെയ്തവനെ വിശ്വസ്തനെന്ന് എണ്ണിയിരുന്നു (ഉല്പ. 18:10,14). തൊണ്ണൂറു വയസ്സുള്ള സാറാ ചിരിച്ചതു വിശ്വാസത്തിന്റെ ഉറപ്പുകൊണ്ട് ഉണ്ടായ സന്തോഷത്തിന്റെ ചിരിയായിരുന്നു എന്ന് അഭിപ്രായപ്പെടുന്നു. സാറയുടെ വിശ്വാസം ഉറപ്പും സന്തോഷവും ഉള്ള വിശ്വാസം ആയിരുന്നു.

യിസ്ഹാക് മക്കളെ അനുഗ്രഹിച്ചതു വിശ്വാസത്താലായിരുന്നു. അന്നു യിസ്ഹാക്കിനു വംശങ്ങളും ജാതി കളും സേവിക്കുവാനുണ്ടായിരുന്നില്ല (ഉല്പ 27:29). യാക്കോബു ശാരീരിക ക്ഷീണം ഉള്ളവനായിരുന്നുവെങ്കിലും വിശ്വാസ ത്താൽ ബലമുള്ളവനായി യോസേഫിന്റെ പുത്രന്മാരെ അനുഗ്രഹിച്ചു (ഉല്പ. 48:14). യോസേഫു മിസ്ര യീമിൽ രണ്ടാമനായിരുന്നെങ്കിലും വിശ്വാസത്തിൽ വാഗ്ദത്തനാടായ കനാനെ കണ്ടു തന്റെ അസ്ഥികൾ അവിടെ കൊണ്ടുപോകുവാൻ ഉറപ്പുവരുത്തി (ഉല്പ. 50:25). അവഗണനയും ഉപദ്രവങ്ങളും പീഡയും യോസേഫിന്റെ വിശ്വാ സത്തെ ക്ഷീണിപ്പിച്ചില്ല. തന്റെ ജനത്തെ മിസ്രയീമിൽ നിന്നും വിടുവിച്ച് കനാൻദേശത്തേക്കു കൊണ്ടുപോകു മെന്നു യോസേഫ് വിശ്വസിച്ചിരുന്നു (ഉല്പ. 50:24-26).

മോശെയുടെ വിശ്വാസത്തെക്കുറിച്ചു നാം 23-28 വരെയുള്ള വാക്യങ്ങ ളിൽ കാണുന്നു. അവന്റെ മാതാപിതാ ക്കളായ അമ്രാമും യോഖേബെദും (പുറ. 6:20) വിശ്വാസത്താൽ ഫറവോന്റെ കല്പനയെ ഭയപ്പെടാതെ മോശെയെ മൂന്നുമാസം ഒളിച്ചുവെച്ചു. മോശെ വളർന്നപ്പോൾ വിശ്വാസത്താൽ പാപത്തിന്റെ തൽക്കാലഭോഗത്തെക്കാൾ ദൈവ ജനത്തോടുകൂടെ കഷ്ടം അനുഭവിക്കു ന്നതു തെരഞ്ഞെടുത്തു. ഫറവോന്റെ പുത്രിയുടെ മകൻ അഥവാ രാജ കുമാരൻ എന്ന പദവി നിരസിച്ചു. മിസ്രയീമിലെ സുഖസൗകര്യങ്ങളെക്കാൾ ക്രിസ്തുവിന്റെ നിന്ദ അഭിമാനമായി കരുതി. അതു നമ്മുടെ വിശ്വാസത്തിന്റെ നിജസ്ഥിതി വെളിപ്പെടുത്തുന്നതാണ്. രക്ഷിക്കപ്പെട്ടവർ ക്രിസ്തുവിനെ പരസ്യമായി സാക്ഷിക്കുവാൻ ലജ്ജിക്കരുത്. ജലസ്നാനം അതിൽ ഉൾപ്പെടുന്നു (റോമ. 10:9). ലോകത്തിൽ സ്ഥാനവും മാനവും അന്വേഷിക്കുന്നവർക്കു വിശ്വാസജീവിതം അസാദ്ധ്യമാകുന്നു. വിശ്വാസം അദൃശ്യനായ ദൈവ ത്തിൽ ഉറപ്പുള്ള വനായി ഫറവോന്റെ കോപത്തെ ഭയപ്പെടാതെ ജീവിക്കുവാൻ മോശെയെ ബലപ്പെടുത്തി. യിസ്രാ യേൽമക്കൾ മിസ്രയീമിൽനിന്നും വിടുവിക്കപ്പെടുവാൻ അതു കാരണമായി. വിശ്വാസം ദൈവത്തെ നോക്കിക്കൊ ണ്ടുള്ള ജീവിതം നയിക്കുവാൻ സഹായിക്കും (2 കൊരി. 4:16-18). മോശെ വിശ്വാസത്താൽ പെസഹ ആചരിച്ചു. ദൈവം കല്പിച്ചതു വിശ്വാസത്താൽ അനുസരിച്ചവർ സംഹാരദൂതനിൽനിന്നും രക്ഷപ്പെട്ടു. വിശ്വാസത്താൽ യിസ്രാ യേൽ ചെങ്കടൽ കടന്നു. വിശ്വാസം ദൈവവാഗ്ദത്തങ്ങളിൽ വിശ്വസിക്കയും ദൈവശക്തിയിൽ ആശ്രയിക്കയും ചെയ്യുന്നു.

യോശുവയുടെ വിശ്വാസം പ്രവർത്തിക്കുന്ന വിശ്വാസം ആയിരുന്നു (യോശുവ 2-6). മോശെയുടെ ശേഷം യിസ്രായേലിനെ കനാൻദേശത്തേക്കു നയിക്കുവാൻ യോശുവ നിയോഗിക്കപ്പെട്ടിരുന്നു. മോശെയെപ്പോലെ യോശു വയും ദൈവത്തിൽ ആശ്രയിച്ചു വിശ്വസിച്ചു. അവൻ ദൈവകല്പന വിശ്വസിച്ചു യെരീഹോവിനെതിരെ ചെന്നു. അതിന്റെ മതിലുകൾ വീണു. ദൈവം യിസ്രായേലിനുവേണ്ടി പ്രവർത്തിച്ചു (യോശു. 6:2). എബ്രായ ക്രിസ്ത്യാനി കൾ യെഹൂദമതത്തിന്റെ ആക്രമണത്തെ നേരിടുന്നവരായിരുന്നു. അവർ സ്വാഭാവികമായി ബലഹീനരാണ്. എന്നാൽ യെരീഹോവിനെ നേരിട്ട യിസ്രായേലിനെപ്പോലെ സുവിശേഷത്തിന്റെ കാഹളം മുഴക്കുകയും, പ്രാർത്ഥിക്കു കയും, പരീക്ഷകളിൽ സഹിഷ്ണുതയുള്ളവരാകുകയും ചെയ്താൽ വിശ്വാസത്തിൽ ഉറപ്പുള്ളവരാകുവാൻ അവർക്കു കഴിയും എന്ന് ഉദ്ബോധിപ്പിക്കുന്നു.

രാഹാബ് എന്ന വേശ്യ യിസ്രായേലിന്റെ ദൈവത്തിൽ വിശ്വസിച്ച് ഒറ്റുകാരെ സംരക്ഷിച്ചു രക്ഷിച്ചു. ദൈവം യിസ്രായേലിനുവേണ്ടി ചെയ്ത അത്ഭുത പ്രവൃത്തികൾ അവൾ കേട്ടിരുന്നു. യെരീഹോവിലുള്ള ബന്ധുമിത്രാദി കളെ ഉപേക്ഷിച്ചു യിസ്രായേലിനോടു ചേരുവാൻ അവൾ മനസ്സുള്ളവളായിരുന്നു. അവളുടെ ദൈവത്തിലുള്ള വിശ്വാസം പ്രവൃത്തിയിൽ കൂടി വെളിപ്പെടുത്തി (യാക്കോ. 2:20-26). അവൾ കേട്ട വചനം വിശ്വസിച്ചു. പാപിയായി രുന്ന രാഹാബ് ക്രിസ്തുവിന്റെ വംശാവലിയിൽ ഉൾപ്പെട്ടിരിക്കുന്നതിൽ ദൈവത്തിന്റെ കൃപ കാണാവുന്നതാണ്. വിശ്വസിക്കുന്ന ഏതു പാപിയേയും രക്ഷിക്കുവാനും അനുഗ്രഹിക്കുവാനും ദൈവത്തിനു കഴിയും.

ഭീരുവായിരുന്ന ഗിദെയോൻ വിശ്വാസത്താൽ യുദ്ധത്തിനു ശക്തിപ്രാപിച്ചു (ന്യായാ. 7:11). ബാരാക്ക് ഭീരുവാ യിരുന്നെങ്കിലും ദൈവത്തിൽ വിശ്വസിച്ചതുകൊണ്ടു ശത്രുവിനെ തോല്പിച്ചു (ന്യായാ. 4:14-16). ശിംശോൻ ബല ഹീനതയിൽ ദൈവത്തിൽ വിശ്വസിച്ചു ശക്തിപ്രാപിച്ചു (ന്യായാ. 16:28). യിഫ്താഹ് ദൈവത്തിൽ വിശ്വസിച്ചു ശത്രുവിനെ തോല്പിച്ചു (ന്യായാ. 11). ദാവീദ് വിശ്വാസത്താൽ ഗോലിയാത്തിനെ കൊന്നു. ദാനീയേൽ വിശ്വാസ ത്താൽ സിംഹത്തിന്റെ വായ് അടച്ചു (ദാനീ. 6:22). യിരെമ്യാവ് വിശ്വാസത്താൽ ഉപദ്രവം സഹിച്ചു (യിരെ. 20:2).

ഏലീയാവും എലീശയും വിശ്വാസത്താൽ അത്ഭുതങ്ങൾ ചെയ്തു (1 രാജാ. 17:17-24). സെഖര്യാവ് വിശ്വാസത്താൽ കല്ലേറേറ്റു (2 ദിന. 24:20,21). യെശയ്യാവ് ഈർച്ചവാളാൽ അറുക്കപ്പെട്ടു എന്നാണ് ഐതിഹ്യം. വിശ്വാസവീരന്മാരെല്ലാവരും വിടുവിക്കപ്പെട്ടിരുന്നില്ല. അവർ വിശ്വാസത്തിനുവേണ്ടി രക്തസാക്ഷികൾ ആയി. മറ്റു ചിലർ വിശ്വാസത്തിനുവേണ്ടി ബഹുകഷ്ടങ്ങൾ സന്തോഷത്തോടെ സഹിച്ചു. അനേകർ വിശ്വാസത്തിന്റെ സാക്ഷ്യം ലഭിച്ചവർ ആയിരുന്നെങ്കിലും അതിന്റെ നിവൃത്തി പ്രാപിച്ചില്ല (യോഹ. 8:56). വിശ്വാസികൾ ലോകദൃഷ്ടിയിൽ ജീവിക്കുവാൻ അയോഗ്യരും ചവറുമായി കരുതപ്പെട്ടിരുന്നു (1 കൊരി. 4:13). പഴയനിയമ വിശുദ്ധന്മാർക്കു ക്രിസ്തുവിനെക്കുറിച്ചുള്ള പൂർണ്ണവെളിപ്പാടു ലഭിച്ചിരുന്നില്ല. ന്യായപ്രമാണത്തിന്റെ കീഴിൽ അവരുടെ രക്ഷ പൂർണ്ണമായിരുന്നില്ല. ക്രിസ്തു സ്ഥാപിച്ച പുതിയനിയമത്തിന്റെ അനുഗ്രഹം പ്രാപിച്ച നാം എത്ര ഭാഗ്യശാലികൾ! അതുകൊണ്ടു വിശ്വാസത്തിൽ സ്ഥിരതയുള്ള ആത്മീയ ജീവിതം നമുക്കു നയിക്കാം.

## അദ്ധ്യായം 12

### വിശ്വാസത്തിൽ നിലനില്ക്കുവാനുള്ള പ്രബോധനം (12:1-4)

ക്രിസ്തീയ ജീവിതത്തെ ഓട്ടക്കളത്തോടു സാദൃശ്യപ്പെടുത്തിയിരിക്കുന്നു. വിശ്വാസികൾ ക്രിസ്തുവിൽ ജീവിക്കുന്നവരും വിരുതിലേക്ക് ഓടുന്ന വരുമാണ് (1 കൊരി. 9:24). ഒരു കാലത്തു നാം ദൈവമില്ലാത്തവരും ലക്ഷ്യം നഷ്ടപ്പെട്ടവരുമായിരുന്നു (എഫെ. 2:12). ക്രിസ്തുവിൽ വിശ്വസിച്ചപ്പോൾ നാം ലക്ഷ്യബോധമുള്ളവരായിത്തീർന്നു. ദൈവത്തിനു മഹത്വം നൽകുന്ന ജീവിതം നയിക്കുവാൻ നാം വീണ്ടെടുക്കപ്പെട്ടവരാകുന്നു. അതിനു വിശ്വാസത്തിൽ നിലനിൽക്കേണ്ടത് ആവശ്യമാണ്. എബ്രായ ക്രിസ്ത്യാനികൾ വിശ്വാസത്തിൽ ക്ഷീണിച്ചുപോയിരുന്നു. അവർക്ക് ആത്മീയ പ്രചോദനം നൽകുവാൻ വിശ്വാസവീരന്മാരുടെ അനുഭവങ്ങൾ 11-ാം അദ്ധ്യായത്തിൽ നൽകിയിരിക്കുന്നു. അവരുടെ സാക്ഷ്യം നമുക്കും പ്രചോദനം നൽകണം എന്നു ലേഖനകാരൻ ആഗ്രഹിക്കുന്നു. നമ്മുടെ ക്രിസ്തീയ ഓട്ടത്തെ തടസ്സപ്പെടുത്തുന്നതും വിരസമാക്കുന്നതുമായ കാര്യങ്ങൾ നാം ഉപേക്ഷിക്കണം. അവ മറ്റുള്ളവരുടെ ദൃഷ്ടിയിൽ നല്ലതാണെന്നു തോന്നിയാലും വിശ്വാസജീവിതത്തിനു തടസ്സമാണെന്നു നമുക്കു ബോദ്ധ്യമായാൽ വിട്ടുകളയണം. ഇവിടെ മുറുകെ പറ്റുന്ന പാപം അവരുടെ അവിശ്വാസമുള്ള ദുഷ്ടഹൃദയം ആയിരിക്കണം. അതു മറ്റു രഹസ്യപാപങ്ങളും ആകാം. സ്ഥാനമോഹം, ലോകമയത്തം, സുഖഭോഗങ്ങളിലുള്ള ആകർഷണം തുടങ്ങിയ മുറുകെ പറ്റുന്ന പാപങ്ങൾ നമ്മുടെ ആത്മീയപുരോഗതിയെ തടസ്സപ്പെടുത്തും. അവ ഉപേക്ഷി ക്കണം.

നാം ക്രിസ്തുവിൽ ദൃഷ്ടി ഉറപ്പിച്ചുകൊണ്ടു ക്രിസ്തീയ ജീവിതം നയിക്കണം. അവൻ നമ്മുടെ വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമാണ്. നാം രക്ഷിക്കപ്പെട്ടത് അവനിൽ വിശ്വസിച്ചപ്പോഴാകുന്നു. ക്രിസ്തു നമ്മുടെ ശ്രേഷ്ഠ മഹാപുരോഹിതനായി ജീവിക്കുന്നതുകൊണ്ടു നമ്മെ പൂർണ്ണമായി രക്ഷിക്കുവാൻ പ്രാപ്തനാകുന്നു. ഇവിടെ നോക്കുക എന്നതുകൊണ്ടുള്ള അർത്ഥം വിശ്വസിക്കുക എന്നാണ് (സംഖ്യാ. 21:4-9). ക്രിസ്തു കഷ്ടാനുഭവങ്ങളാൽ തികഞ്ഞവനായ രക്ഷിതാവാണ്. അവന്റെ ജീവിതം വിശ്വാസത്തിൽ സ്ഥിരതയുണ്ടാകുവാൻ പ്രചോദനം പ്രദാനം ചെയ്യുന്നു. കഷ്ടതകളിൽ സഹിഷ്ണുതയുള്ളവരാകുവാൻ മാതൃക നൽകുന്നു. എബ്രായ ക്രിസ്ത്യാനികൾ കഷ്ടനഷ്ടങ്ങൾ സഹിച്ചിരുന്നെങ്കിലും രക്തസാക്ഷികൾ അതുവരെ ആയിരുന്നില്ല. പിശാചിന്റെ പരീക്ഷകൾ, തന്നെ ലക്ഷ്യത്തിൽനിന്നും തെറ്റിക്കാതെ പിതാവിന്റെ ഹിതം പൂർണ്ണമായി നിവർത്തിക്കുവാൻ ക്രിസ്തു മനസ്സുള്ളവനായി. തനിക്കു വരുവാനുള്ള മഹത്വത്തെക്കുറിച്ചു പൂർണ്ണമായി വിശ്വസിച്ചുകൊണ്ടു പാപികളാലുള്ള വിരോധം സഹിച്ച് ക്രൂശിൽ മരിച്ചു. അവൻ ഉയിർത്തെഴുന്നേറ്റു മഹിമയിൽ ജീവിക്കുന്നു. ക്രിസ്തുവിനെ നോക്കുന്നവർ ക്ഷീണിക്കയില്ല. അവനെ ധ്യാനിക്കുന്നവർ ആത്മീയ ജീവിതത്തിൽ ഉത്സാഹമുള്ളവരാകും. ചുറ്റുപാടുകളെ നോക്കിയാൽ ആത്മീയ തളർച്ച സംഭവിക്കാവുന്നതാണ് (മത്താ. 14:30). ക്രിസ്തുവിന്റെ മാതൃകയും ഔന്നത്യവും ധ്യാനിക്കുന്നവർക്കു മാത്രമേ ക്രിസ്തീയ ഓട്ടം വിജയകരമായി തീരുകയുള്ളൂ.

### ബാലശിക്ഷ പുത്രത്വത്തിന്റെ ലക്ഷണം (12:5-13)

രക്ഷിക്കപ്പെട്ടവർ ദൈവമക്കളാകുന്നു. അവരുടെ ജീവിതത്തിൽ ഉണ്ടാകുന്ന പ്രയാസങ്ങളെ ആത്മീയ അനുഗ്രഹങ്ങളാക്കുവാൻ ദൈവത്തിനു സാധിക്കും. സ്നേഹിക്കുന്ന പിതാവു മക്കളെ ശിക്ഷിച്ചു വളർത്തുന്നവനാണ്. മക്കൾ ദൈവത്തിന്റെ വലിയ ദാനമാകുന്നു. ഒരു പിതാവാകുന്നത് മാന്യതയുള്ള പദവിയാണ്. മക്കൾ സൽസ്വഭാവികളായി വളരുമ്പോൾ മാതാപിതാ ക്കൾ സന്തോഷിക്കുന്നു. നമ്മുടെ സ്വർഗ്ഗീയ പിതാവു നമ്മെ സ്നേഹിക്കുന്നതുകൊണ്ട് അവൻ നമ്മെ ശിക്ഷിക്കുന്നു. മക്കൾ പക്വത പ്രാപിക്കുവാൻ ശിക്ഷണത്തിന്റെ ആവശ്യം ഉണ്ട്. ഈ സത്യം വ്യക്തമാക്കുവാൻ സദൃശവാക്യം 3:11,12 വാക്യങ്ങൾ ഇവിടെ ഉദ്ധരിച്ചിരിക്കുന്നു. എബ്രായ ക്രിസ്ത്യാനികൾ പിന്മാറ്റത്തിന്റെ വക്കിൽ എത്തിയവരും വിശ്വാസത്തിൽ സ്ഥിരതയുള്ളവ രാകുവാൻ പ്രോത്സാഹനം ആവശ്യമുള്ളവരും ആയിരുന്നു. ജീവിതത്തിൽ ഉണ്ടാകുന്ന കഷ്ടതകൾ ദൈവം നൽകുന്ന ശിക്ഷണമായി കരുതണം. അത് അവഗണിക്കാതെ കീഴടങ്ങുമ്പോൾ നാം അനുഗ്രഹിക്കപ്പെടും. കഷ്ടതകൾ ഇല്ലാതിരിക്കുന്നത് ആത്മീയ അനുഗ്രഹത്തിന്റെ ലക്ഷണം അല്ല. മക്കൾ അവരെ ശിക്ഷിച്ചു വളർത്തിയ മാതാപിതാക്കളെ ബഹുമാനിക്കുന്നു. എങ്കിൽ നമ്മെ ദൈവത്തിനു പ്രയോജനമുള്ളവരാകുവാൻ ബാലശിക്ഷ നൽകുന്ന സ്വർഗ്ഗീയ പിതാവിനോടു നാം എത്രമാത്രം നന്ദി ഉള്ളവർ ആയിരിക്കണം.

ദൈവം തന്റെ മക്കളെ ശിക്ഷിക്കുന്നതു നീതിഫലമുള്ളവരാകുവാനാണ്. അതു നീതി എന്ന സമാധാന ഫലമാകുന്നു. നീതിയും വിശുദ്ധിയുമുള്ള ജീവിതം നയിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നു. അതു നമ്മെ ദൈവത്തോടു മത്സരിക്കാതെ അവന്റെ വചനം അനുസരിക്കുവാൻ കഴിവുള്ളവരാക്കും. ദൈവരാജ്യത്തിന്റെ അനുഭവക്കാരാക്കും എന്നു സാരം (റോമ. 14:17). കർത്താവിന്റെ ശിക്ഷ നിരസിക്കുന്നവർക്ക് ഈ അനുഗ്രഹങ്ങൾ ലഭിക്കയില്ല. കഷ്ടത കൾ ദൈവഹിതമാണെന്ന് അംഗീകരിച്ചു കീഴടങ്ങുമ്പോൾ തൽക്കാലം പ്രയാസമെന്നു തോന്നാമെങ്കിലും നിത്യമായ ആത്മീയ അനുഗ്രഹങ്ങൾ നമുക്ക് ഉണ്ടാകും (12:11). അതിന് ആത്മീയ അലസത ഉപേക്ഷിക്കണം. ക്രിസ്തുവിനെ ശ്രദ്ധിച്ചു നോക്കണം. ആത്മീയ ജീവിതത്തെ ഹനിക്കുന്ന കാര്യങ്ങൾ ഉപേക്ഷിച്ചു ക്രിസ്തുവിൽ ഉറച്ചുനിൽക്കുന്നവർ ആകണം. കർത്താവ് അതിനു നമ്മെ സഹായിക്കട്ടെ.

## ദൈവമക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ (12:14-17)

വിശ്വാസികൾ എല്ലാവരോടും സമാധാനവും ദൈവമുൻപാകെ വിശുദ്ധിയുമുള്ള ജീവിതം നയിക്കുവാൻ ഉത്സാഹമുള്ളവർ ആകണം. അതു നാം ദൈവമക്കൾ ആണെന്നുള്ളതിന്റെ തെളിവും സാക്ഷ്യവുമാകുന്നു. അതു നമ്മെ ദൈവത്തോടുള്ള കൂട്ടായ്മ അനുഭവിക്കുവാൻ പ്രാപ്തരാക്കും. രക്ഷിക്കപ്പെട്ട വർ ക്രിസ്തുവിന്റെ രക്തത്താൽ ശുദ്ധീകരിക്കപ്പെട്ടവരാണ്. അതു ക്രിസ്തുവിലുള്ള നമ്മുടെ പദവിയാണ്. അതിന്റെ അനുഭവക്കാരാകുവാൻ ദൈവകൃപയിൽ നാം വളരണം. ദൈവവചനധ്യാനവും പ്രാർത്ഥനയും കൂട്ടായ്മയും അതിന് ആവശ്യമാണ് (തീത്തൊ. 2:12,13). രക്ഷിക്കപ്പെട്ടവർ പാപജീവിതം നയിക്കുന്നതു ദൈവകൃപയെ അലക്ഷ്യമാക്കുന്ന പ്രവൃത്തിയാകുന്നു. മറ്റുള്ളവരോടുള്ള വിദ്വേഷമനോഭാവം അവർക്കും മറ്റുള്ളവർക്കും ദോഷം ചെയ്യും. അതു മുളയിൽ തന്നെ നീക്കിക്കളയണം (യാക്കോ. 3:17). ദൈവമക്കൾ ലോകത്തിൽ ജീവിക്കുന്നു എങ്കിലും ലോകത്തിനുള്ളവർ അല്ല. അവർ ഏശാവിനെ പ്പോലെ ജഡത്തിന്റെ താൽക്കാലിക സംതൃപ്തിക്കുവേണ്ടി ആത്മീയ മൂല്യങ്ങൾ നിസ്സാരമായി കരുതി പാപത്തിന് അടിമകൾ ആകരുത്. ദൈവത്തെക്കാൾ കൂടുതൽ പ്രാധാന്യം മറ്റു കാര്യങ്ങൾക്കു നൽകുന്നത് അഭക്തിയാകുന്നു. അതു പലപ്പോഴും മനുഷ്യദൃഷ്ടിയിൽ മാന്യമായി തോന്നാവുന്നതാണ്. നിമിഷനേരത്തെ അവഗണന ദീർഘവർഷങ്ങൾകൊണ്ടു നേടിയ സാക്ഷ്യം നഷ്ടപ്പെടുവാൻ കാരണമാകും. ഏശാവ് പിന്നെ കരഞ്ഞ് അപേക്ഷിച്ചതു പാപം ചെയ്തതുകൊണ്ടായിരുന്നില്ല; അനുഗ്രഹം നഷ്ടപ്പെട്ടതുകൊണ്ടായിരുന്നു. അവന്റെ അനുതാപമില്ലാത്ത ഹൃദയം അവൻ തള്ളപ്പെടുവാൻ കാരണമായി.

## ദൈവവചനം നിരസിക്കരുത് (12:18-29)

ഇവിടെ ന്യായപ്രമാണവും, ക്രിസ്തു സ്ഥാപിച്ച പുതിയനിയമവും തമ്മിലുള്ള വ്യത്യാസം ചൂണ്ടിക്കാണിച്ചിരിക്കുന്നു. ന്യായപ്രമാണം സീനായി മല യിൽ നൽകി. പുതിയനിയമത്തിൽ കൂടിയുള്ള കൃപയുടെ സുവിശേഷം സീയോൻ പർവ്വതത്തിൽ നൽകുന്നതിനോടു സാദൃശീകരിക്കുന്നു. ന്യായപ്രമാണം നൽകുന്നതു ജനത്തിനു ഭയം ഉളവാക്കുന്ന രംഗം ആയിരുന്നു (12:18-21). പുതിയനിയമം ക്രിസ്തു സ്ഥാപിച്ച കൃപയുടെ സുവിശേഷം ആകുന്നു. അതു ജീവനുള്ള ദൈവത്തിന്റെ നഗരമായ സ്വർഗ്ഗീയ യെരൂശലേം ആകുന്നു. ന്യായപ്രമാണം ലംഘിച്ചവർ ശിക്ഷിക്കപ്പെട്ടു എങ്കിൽ ക്രിസ്തു അരുളിച്ചെയ്ത സുവിശേഷം നിരസിക്കുന്നവർക്ക് എത്ര അധികം ശിക്ഷാവിധി ഉണ്ടാകും എന്നു മുന്നറിയിപ്പു നൽകുന്നു (12:25). വിശ്വാസികൾ പ്രവേശിച്ചിരിക്കുന്ന അഥവാ ആയിരിക്കുന്ന സഭയുടെ ശ്രേഷ്ഠത നാം 23, 24 വാക്യങ്ങളിൽ കാണുന്നു.

സ്വർഗ്ഗം വീണ്ടെടുക്കപ്പെട്ടവർ സമ്മേളിക്കുന്ന സ്ഥലമാകുന്നു. ദൈവസാന്നിദ്ധ്യം അവിടെ ഉണ്ട്. ആദ്യജാതന്മാരുടെ സഭ ക്രിസ്തുവിന്റെ സഭയെ കാണിക്കുന്നു. മരിച്ചുപോയ രക്ഷിക്കപ്പെട്ട വിശുദ്ധന്മാരുടെ ആത്മാക്കൾ അവിടെ വിശ്രമിക്കുന്നു. സിദ്ധന്മാരായ നീതിമാന്മാരുടെ ആത്മാക്കൾ പഴയ നിയമ വിശുദ്ധന്മാരുടെ ആത്മാക്കൾ ആണ്. പുതിയനിയമത്തിന്റെ മദ്ധ്യസ്ഥ നായ യേശു നമുക്കുവേണ്ടി ക്രൂശിൽ സഹിച്ച മുറിവുകളോടു കൂടെ അവിടെ പക്ഷവാദം ചെയ്യുന്നു. ഹാബേലിന്റെ രക്തം പ്രതികാരത്തിനുവേണ്ടി നിലവിളിക്കുമ്പോൾ ക്രിസ്തുവിന്റെ രക്തം പാപക്ഷമ നൽകുന്ന പുണ്യാഹരക്തമായി അവിടെ സംസാരിച്ചുകൊണ്ടിരിക്കുന്നു (വെളി. 6:10). ഇന്നു ക്രിസ്തു അവന്റെ വചനത്തിൽ കൂടി പുതിയനിയമത്തിന്റെ അനുഗ്രഹങ്ങൾ നമുക്കു വെളിപ്പെടുത്തുന്നു. അവന്റെ ശബ്ദം കേൾക്കുന്നവർ ഇളകാത്ത രാജ്യത്തിന് അവകാശികൾ ആകും. ലോകസംഭവങ്ങൾ മനുഷ്യഹൃദയങ്ങളിൽ ഇളക്കവും ഭയവും ഉളവാക്കുന്നു. അതു കർത്താവിന്റെ വരവിനു മുൻപുള്ള അടയാളങ്ങ ളാണ് (2 പത്രൊ. 3:10,11). വിശ്വാസികൾ ക്രിസ്തുവിന്റെ ഇളകാത്ത രാജ്യത്തിന് അവകാശികൾ ആകയാൽ ദൈവത്തോടു നന്ദിയുള്ളവരായി അവനെ ഭയഭക്തിയോടെ സേവിക്കുന്നവർ ആകണം. ഇന്നു കാണുന്നതൊക്കെയും താല്ക്കാലികവും മാറിപ്പോകുന്നതുമാണ്.

അതുകൊണ്ടു കർത്താവിന്റെ വചനം നമുക്ക് അനുസരിക്കാം. നീതിയും വിശുദ്ധിയുമുള്ള ജീവിതം നയിക്കാം. വിദ്വേഷവും പകയും ഉപേക്ഷിച്ചു ദൈവകൃപയിൽ വളരാം. അഭക്തിയും ദുർന്നടപ്പും ഉപേക്ഷിക്കാം. ദൈവത്തെ ഭയഭക്തിയോടെ സേവിക്കാം. ക്രിസ്തുവിന്റെ വചനം നിരസിക്കുന്നവർ അവൻ ദഹിപ്പിക്കുന്ന അഗ്നിയാകുന്നു എന്നു മനസ്സിലാക്കി രക്ഷിക്കപ്പെടുവാൻ കർത്താവു സഹായിക്കട്ടെ.

## അദ്ധ്യായം 13

### വിശ്വാസികളുടെ കർത്തവ്യങ്ങൾ (13:1-19)

ക്രിസ്തുവിന്റെ ശ്രേഷ്ഠതകൾ അംഗീകരിക്കുന്നവർ അവനിൽ വിശ്വസിക്കുന്നവർ ആകണം. അതു നമ്മെ രക്ഷിക്കുകയും ദൈവത്തിനു പ്രസാദമുള്ള ജീവിതം നയിക്കുവാൻ സഹായിക്കുകയും ചെയ്യുന്ന വിശ്വാസമാണ്. അങ്ങനെ ജീവിച്ച വിശ്വാസ വീരന്മാരെക്കുറിച്ചു നാം 11-ാം അദ്ധ്യായത്തിൽ കാണുന്നു. അവർ നമുക്കു പ്രോത്സാഹനം നൽകുന്ന സാക്ഷികൾ ആണ് (12). ആകയാൽ നാം എങ്ങനെ വിശ്വാസ ജീവിതം നയിക്കണം എന്നു 13-ാം അദ്ധ്യായത്തിൽ ഉദ്ബോധിപ്പിക്കുന്നു (12:28).

നാം സഹോദരന്മാരെ സ്നേഹിക്കുന്നവർ ആകണം. രക്ഷിക്കപ്പെട്ടവർ ദൈവമക്കൾ ആണ്. അവർ അന്യോന്യം സ്നേഹിക്കുകയും കരുതുകയും സഹകരിക്കുകയും ചെയ്യുന്നവർ ആകണം. നാം അന്യോന്യം ഉപദ്രവിക്കുന്നവർ ആകരുത് (റോമ. 12:10). അതാണ് യഥാർത്ഥ ക്രിസ്തീയ ശിഷ്യത്വത്തിന്റെ ലക്ഷണം (യോഹ. 13:35). അത് അന്യോന്യം ക്ഷമിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും നമ്മെ പ്രാപ്തരാക്കുന്നു (കൊലൊ. 3:11-14). കർത്താവിനോടുള്ള സ്നേഹം അങ്ങനെ നാം പ്രതിഫലിപ്പിക്കുന്നവരാകണം (1 യോഹ. 4:20). അപ്പോൾ നാം അതിഥിസല്ക്കാരത്തിന് ഉത്സാഹമുള്ളവർ ആകും. ഇവിടെ അപരിചിതരോടുള്ള അതിഥിസൽക്കാരത്തെക്കുറിച്ചാണ് സൂചിപ്പിക്കുന്നത് (ഉല്പ. 18; ന്യായാ. 13). അബ്രഹാം അങ്ങനെ ദൂതന്മാരെ സൽക്കരിക്കുന്നവനായി. അവൻ അനുഗ്രഹിക്കപ്പെട്ടതായി കാണുന്നു. അതിഥിസൽക്കാരം മൂലം ഉണ്ടാകുന്ന അനുഗ്രഹം വളരെയാണ്. അതിൽ ദൈവം പ്രസാദിക്കുന്നു. കർത്താവിന്റെ സാക്ഷികൾ ആകുവാൻ അങ്ങനെ അവസരം ലഭിക്കുന്നു.

തടവുകാരായ സഹോദരന്മാരോടു സഹതാപം കാണിക്കണം. അവർ ഒരു ശരീരത്തിന്റെ അംശികൾ ആണ്. നാം ആ സാഹചര്യത്തിലായിരിക്കുന്നു എന്ന മനോഭാവത്തോടെ സഹതാപം കാണിക്കണം എന്നു സാരം. അതു കർത്താവിനെ ശുശ്രൂഷിക്കുന്നതിനു തുല്യമാണ് (മത്താ. 25:40). അതിനു പൗലൊസിനെ ശുശ്രൂഷിച്ച ഒനേസിഫൊരൊസിന്റെ ഹൃദയം നമുക്കുണ്ടാകുവാൻ കർത്താവു സഹായിക്കട്ടെ (2 തിമൊ. 1:16-18).

ദൈവമക്കൾ ക്രിസ്തീയ സ്നേഹം കുടുംബജീവിതത്തിൽ പ്രദർശിപ്പിക്കുന്നവർ ആകണം. ഭാര്യഭർത്തൃബന്ധം നിർമ്മലതയും വിശ്വസ്തതയും ഉള്ളതായിരിക്കണം. വിവാഹബന്ധം ഒരു ഉടമ്പടിയാകുന്നു. അതു നിസ്സാരമായി ഗണിക്കുമ്പോൾ ദുർന്നടപ്പുണ്ടാകുന്നു. ദൈവത്തിന്റെ ന്യായവിധി അവർക്കുണ്ടാകും.

ദൈവമക്കൾ ഉള്ളതിൽ തൃപ്തിപ്പെടുന്നവർ ആകണം. നാം ദ്രവ്യാഗ്രഹം ഉള്ളവർ ആകരുത്. അതു സകലവിധ ദോഷങ്ങൾക്കും കാരണം ആകും. നമ്മുടെ ആവശ്യങ്ങൾ നൽകുവാൻ കർത്താവു മതിയായവൻ (ഫിലി. 4:19). അതുകൊണ്ടു ജീവിതത്തിൽ ഉയർച്ച ഉണ്ടാകുവാൻ ആഗ്രഹിക്കയും പരിശ്രമി ക്കയും ചെയ്യരുതെന്ന് അർത്ഥം വരുന്നില്ല. അലംഭാവമുള്ള ജീവിതം ക്രിസ്തീയ സാക്ഷ്യം ഉളവാക്കും. അതിനു ദൈവസാന്നിദ്ധ്യവും സഹായവും നമുക്കുണ്ടെന്നുള്ള ഉറപ്പ് ആവശ്യമാകുന്നു (ഉല്പ. 28:15). യാക്കോബും മോശെയും യോശുവയും അത് അനുഭവിച്ച് ദൈവജനത്തിന് അനുഗ്രഹമുള്ളവരായി തീർന്നു. അലംഭാവമുള്ളവർക്കു ഭാവിയെ ഓർത്തു ഭയപ്പെടേണ്ട ആവശ്യം ഇല്ല.

ക്രിസ്തീയ സ്നേഹം നമ്മെ ശുശ്രൂഷിച്ചവരെ അറിഞ്ഞ്, അനുസരിച്ചു ബഹുമാനിക്കുവാൻ പ്രേരിപ്പിക്കണം. അവർ വചനം ശുശ്രൂഷിക്കുന്നവരാണ്. വിശുദ്ധജീവിതം നയിച്ചു നമുക്കു മാതൃകയായിരിക്കുന്നു. വിശ്വാസത്തിൽ സ്ഥിരതയുള്ളവരാണ്. അവർ കർത്താവിനോടു കണക്കുബോധിപ്പിക്കേണ്ടവരാണ്. അവരുടെ ശുശ്രൂഷ ഭാരമുള്ളതാകുന്നു. അവർക്കു വേദനയും ഭാരവും ഉണ്ടാക്കുന്നവർ ആകരുത് (13:17). ദൈവദാസന്മാരെ അനുസരിച്ച് ബഹുമാനിക്കുമ്പോൾ അവർക്കു സന്തോഷത്തോടും ഉത്സാഹത്തോടും കൂടെ ദൈവജനത്തെ ശുശ്രൂഷിക്കുവാൻ ഇടയാകും. അല്ലാതെ വരുമ്പോൾ ദൈവജനം അനുഗ്രഹിക്കപ്പെടുകയില്ല. അവരുടെ മാതൃക അനുകരിക്കുന്നവർ ആകണം. പക്ഷേ അവരുടെ ശുശ്രൂഷകൾ താൽക്കാലികമാണ്. അവർ മരണത്താൽ മാറ്റപ്പെടും. എന്നാൽ ക്രിസ്തു ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യൻ ആകുന്നു. അവൻ തലമുറകളുടെ ദൈവം ആകുന്നു (സങ്കീ. 90:1; മലാ. 3:6). അവൻ നമ്മുടെയും കർത്താവ് ആകുന്നു. അവനു നമ്മേയും സംരക്ഷിച്ചു പ്രയോജനമുള്ളവരാക്കുവാൻ കഴിയും. ആ കർത്താവിൽ ആശ്രയിക്കുവാൻ നമുക്ക് ഇടയാകട്ടെ.

വിശ്വാസികൾ ഉപദേശത്തിൽ സ്ഥിരതയുള്ളവർ ആയിരിക്കണം. വചനശുശ്രൂഷകൊണ്ടു സാധിക്കേണ്ടത് അതാണ് (എഫെ. 4:12-14). യെഹൂദമതത്തിലെ ആചാരങ്ങൾ കൂടുതൽ ഭക്തി ഉളവാക്കും എന്നു പലരും തെറ്റിദ്ധരിച്ചിരുന്നു. എബ്രായ ക്രിസ്ത്യാനികൾ അതിലേക്കു മടങ്ങുവാൻ പരീക്ഷിക്കപ്പെട്ടിരുന്നു. ദൈവമക്കൾ കൃപയാൽ രക്ഷിക്കപ്പെട്ടവരും ആത്മാവിനെ അനുസരിച്ചു ജീവിക്കേണ്ടവരും ആണ് (കൊലൊ. 1:6; ഗലാ. 3:3). ഭക്ഷണം വർജ്ജിക്കണം, ഉപവസിക്കണം എന്നിങ്ങനെയുള്ള ഉപദേശങ്ങൾകൊണ്ട് ആത്മീയ വളർച്ച ഉണ്ടാകുന്നില്ല (കൊലൊ. 2:20-23). പാപയാഗത്തിനുള്ള മൃഗത്തിന്റെ മാംസം പുരോഹിതന്മാർക്കു ഭക്ഷിക്കുവാൻ അനുവാദമുണ്ടായിരുന്നില്ല (ലേവ്യ 16:27). ആ പാപയാഗം ക്രിസ്തുവിൽ ഒരിക്കലായിട്ടു നിവർത്തിയായിരിക്കുന്നു. അവൻ പാളയത്തിനു പുറത്തു നമുക്കുവേണ്ടി കഷ്ടം സഹിച്ചു മരിച്ചു (1 പത്രൊ. 2:24). അവന്റെ രക്തം നമ്മെ ശുദ്ധീകരിക്കുന്ന രക്തം ആകുന്നു. ക്രിസ്തുവിന്റെ ക്രൂശിനോടു ബന്ധമുള്ളവർ ലോകസ്നേഹം ഉപേക്ഷിച്ചു ദൈവഭക്തിയുള്ളവരാകണം (ഗലാ. 6:14; തീത്തൊ. 2:11,12). നമുക്കുവേണ്ടി നിന്ദ സഹിച്ചു മരിച്ച ക്രിസ്തുവിലുള്ള അനുഗ്രഹങ്ങൾ

പ്രാപിക്കുവാൻ നാം പാളയത്തിനു പുറത്തുവരണം. ക്രിസ്തുവിന്റെ നാമം നിമിത്തം നിന്ദ സഹിക്കുന്നത് ഒരു പദവിയാണ് (1 പത്രൊ. 4:14).

യെഹൂദമതം യെരൂശലേമിലുള്ള ദേവാലയത്തോടു ബന്ധമുള്ളതായിരുന്നു. എ.ഡി. 70-ൽ യെരൂശലേമും ദേവാലയവും റോമൻ സൈന്യത്താൽ നശിപ്പിക്കപ്പെട്ടു. യെഹൂദന്മാർ യെരൂശലേം വിട്ടു ലോകത്തിൽ ചിതറപ്പെട്ടു. ഈ ലോകത്തിൽ കാണുന്നതൊക്കെയും താല്ക്കാലികവും ഇളകുന്നതുമാണ് (12:28). യെരൂശലേമിന്റെ ചരിത്രം വ്യക്തമാക്കുന്നതു വിശ്വാസവും രാഷ്ട്രീയവും തമ്മിൽ ബന്ധപ്പെട്ടാലുണ്ടാകുന്ന അപകടം ആകുന്നു. ക്രിസ്തു യാഗങ്ങളുടെ പൊരുൾ ആകുന്നു. അവൻ പാപങ്ങൾക്കുവേണ്ടി തന്റെ ക്രൂശുമരണ ത്തിൽ കൂടി ഏക യാഗം കഴിച്ചു മഹത്വത്തിൽ ജീവിക്കുന്നു. അവൻ നമ്മുടെ ആരാധനയ്ക്കു യോഗ്യനാകുന്നു. യെഹൂദന്മാർ വസ്തുമയമായ വസ്തുക്കൾ സമർപ്പിച്ച് ആരാധിച്ചു. നാം ജീവിച്ചിരുന്നു ദൈവത്തെ ആരാധിക്കുന്നു (റോമ. 12:1,2). നാം ദൈവത്തിനു അധരഫലമെന്ന സ്തോത്രയാഗം ഇടവിടാതെ ചെയ്യുന്നവർ ആകണം. അതു സഹോദരസ്നേഹത്തിനും, അതിഥിസൽക്കാര ത്തിനും, ദൈവത്തിന്റെ കരുതലിനും വിശ്വസ്തതയ്ക്കും അർപ്പിക്കുന്നവർ ആകണം. നാം മറ്റുള്ളവർക്കു നന്മ ചെയ്യുന്നവരും ഗുണകാംക്ഷികളും ആകുന്നതിൽ ദൈവം പ്രസാദിക്കുന്നു. ദൈവജനത്തോടുള്ള കൂട്ടായ്മ നാം ആചരിക്കുന്നവർ ആകണം. അതാണ് ഭക്തിയുടെ ലക്ഷണം (യാക്കോ. 1:27). നാം സൽപ്രവൃത്തികൾക്കായിട്ടു സൃഷ്ടിക്കപ്പെട്ടവർ ആകുന്നു (എഫെ. 2:10). മനുഷ്യരെ പ്രസാദിപ്പിക്കുന്നവരായിട്ടല്ല പ്രത്യുത ദൈവത്തിനു പ്രസാദം ഉണ്ടാകുവാൻ സൽപ്രവൃത്തികളിൽ വർദ്ധിച്ചുവരണം (1 തിമൊ. 6:18). നമ്മെ ആത്മീയമായി പോറ്റി പരിപാലിച്ചവരെ അനുസരിക്കയും ബഹുമാനിക്കയും ചെയ്യുന്ന തിൽ ദൈവം പ്രസാദിക്കുന്നു. പ്രാർത്ഥനയ്ക്കായി ലേഖനകാരൻ അപേക്ഷിക്കുന്നു. പരമാർത്ഥതയോടെ കർത്താവിനെ സേവിക്കുവാൻ അത് ആവശ്യമാണ്. പൗലൊസാണ് ലേഖന കർത്താവ് എന്നു പലരും അഭിപ്രായപ്പെടുന്നു (13:23). പ്രാർത്ഥന ദൈവത്തിനു പ്രസാദകരമായ പ്രവൃത്തിയാകുന്നു (1 തിമൊ. 2:3). താൻ വേഗം അവരെ സന്ദർശിക്കുവാൻ ഇടയാകേണ്ടതിനു പ്രാർത്ഥിക്കുവാൻ അപേക്ഷിക്കുന്നു.

### ആശീർവാദവും ഉപസംഹാരവും (13:20-25)

ദൈവ ഇഷ്ടം ചെയ്യുവാൻ വിളിക്കപ്പെട്ടവരാണ് വിശ്വാസികൾ. അതിനു നമ്മെ പ്രാപ്തരാക്കുന്നതു കർത്താവാണ്. അവൻ സ്ഥാപിച്ച നിത്യനിയമം നമ്മെ ദൈവത്തോടു സമാധാനമുള്ളവരാക്കി. അവൻ ഉയിർത്തെഴുന്നേറ്റു ജീവിക്കുന്ന നമ്മുടെ വലിയ ഇടയനാകുന്നു. ആ നല്ല ഇടയന്റെ പരിപാലനം അനുഭവിക്കുമ്പോൾ നമുക്കു സമാധാനമുള്ളവർ ആകുവാൻ കഴിയും. അവൻ നമ്മുടെ ശ്രേഷ്ഠമഹാപുരോഹിതനാകുന്നു. നമ്മെ യഥാസ്ഥാനപ്പെടുത്തി ദൈവ ഇഷ്ടം ചെയ്യുവാൻ അവൻ നമ്മെ പ്രാപ്തരാക്കുന്നു. അങ്ങനെ നമ്മെ പരിപാലിച്ചു ദൈവത്തിനു പ്രയോജനമുള്ളവരാക്കുവാൻ ക്രിസ്തു മൂലം സാധിപ്പിച്ച കൃപകൾ ഓർത്തു ലേഖനകാരൻ ദൈവത്തെ മഹത്വപ്പെടുത്തുന്നു. ഈ പ്രബോധനം ശ്രദ്ധിച്ച് അനുസരിക്കുവാൻ ആഹ്വാനം ചെയ്യുന്നു. വചനം കേട്ടതുകൊണ്ടു മാത്രം പ്രയോജനമില്ല. തിമൊഥെയൊസു കാരാഗൃഹത്തിൽ നിന്നും മോചിതനായി എന്ന് എബ്രായ ക്രിസ്ത്യാനികളെ അറിയിക്കുന്നു. അവരുടെ ഇടയിൽ ശുശ്രൂഷിക്കുന്നവരെ വന്ദനം അറിയിക്കുന്നു. ദൈവജനത്തോടുള്ള കൂട്ടായ്മ ലേഖനകാരൻ ആഗ്രഹിക്കുന്നു. ലേഖനം ഇറ്റലിയുടെ തലസ്ഥാനമായ റോമിൽനിന്നും എഴുതി എന്നു മനസ്സിലാക്കാം. അവിടെയുള്ള ദൈവജനത്തിന്റെ വന്ദനവും ദൈവകൃപയും ആശംസിച്ചുകൊണ്ടു ലേഖനം ഉപസംഹരിക്കുന്നു. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ.

***